# സത്യദൂതൻ

2017 ജനുവരി | ലക്കം 1

വില ₹ 30



## ഖിലാഫത്തിന്റെ പ്രഭാവം

## ഇസ്റയേലിന് അമേരിക്കയിൽ നിന്ന് വൻ തിരിച്ചടി

# ജൽസ സാലാന, ഖാദിയാൻ – വിവിധ ദൃശ്യങ്ങൾ



















The Sathyadoothan Monthly

لا إله إلا الله محمد رسول الله

# സത്യദൂതൻ

2017 ജനുവരി
ഹി.ശ.1397 - സുലഹ്
1438 റ. ആഖർ - ജ. അവ്വൽ
പുസ്തകം 89 ലക്കം 1
വില 30 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**

ഖുത്‌ബ സംഗ്രഹം

**മുഹമ്മദ്നബി (സ) പ്രവാചക ലോകത്തെ കുലപതി**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..) 2016 ഡിസംബർ 16ന് ലനിൽ നിർവഹിച്ച ഖുത്‌ബയുടെ സംഗ്രഹം.

**11**

**ഖുർആൻ ഹൃദയത്തിന് ഔഷധം**

ഹദ്റത്ത് മിർസാ നാസിർ അഹ്‌മദ് (റഹ്)

ഹൃദയത്തിന്റെ ആത്മീയവും ധാർമികവുമായ രോഗങ്ങൾക്ക് ഖുർആൻ ദിവ്യൗഷധമാണ്. രോഗശമനം വരുത്തി ആരോഗ്യത്തിലേക്കും പുരോഗതിയിലേക്കും അത് മനുഷ്യനെ നയിക്കുന്നു.

**13**

**അല്ലാഹു പറഞ്ഞ ഖാറൂന്റെ കഥ**

**14**

**മുസ്‌ലിം ലോകം: അനാവശ്യ വിവാദങ്ങളുടെ അന്ധകാരത്തിൽ**

ഹദ്റത്ത് മിർസാ താഹിർ അഹ്‌മദ് (റഹ്)

ഇസ്‌ലാമിലെ വിജ്ഞാന സൂര്യൻ ഉദിച്ചു നിന്ന സ്പെയിനിലെ സുവർണയുഗത്തിന് ശേഷം മുസ്‌ലിം ലോകം ശുഷ്ക്കവും നിർഥകവുമായ കർമശാസ്ത്ര വിവാദങ്ങളുടെ പിടിയിലമർന്നു. ധൈഷണിക ഗരിമ നശിച്ച മുസ്‌ലിം പൊതു സമുഹത്തിന്റെ ആമരവിപ്പ് ഇപ്പോഴും തുടരുന്നു.

**16**

**ഖിലാഫത്തിന്റെ പ്രഭാവം**

മഹ്‌മൂദ് കൽക്കുളം

സത്യവിശ്വാസികളോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ് ഖിലാഫത്ത്. മുസ്‌ലിംകൾക്ക് സമാധാനപൂർണമായ സാമൂഹിക ജീവിതവും നിർഭയത്വവും വിശ്വാസ ദൃഢതയും വിജയവും പ്രദാനം ചെയ്യുന്ന ഈ ദിവ്യസ്ഥാപനം മുറിഞ്ഞുപോകാത്ത പാരമ്പര്യമാകുന്നു.

**21**

**ചെങ്കോലും പ്രവാചകത്വവും**

ഇബ്നു അബ്ദുല്ല

**24**

**നോബേൽ ജേതാവിനെ വൈകി ആദരിക്കുമ്പോൾ**

ഹമീദ് ചേന്നമംഗലൂർ

**26**

**ടിപ്പുസുൽത്താൻ: തെറ്റിദ്ധരിപ്പിക്കപ്പെട്ട ചരിത്രപുരുഷൻ**

മുഈൻ, പഴയങ്ങാടി

**31**

**ഉറക്കം: ഇസ്‌ലാമികവും ശാസ്ത്രീയവുമായ അധ്യാപനങ്ങൾ**

ഡോ. ഷാനവാസ് ഖാൻ

**33**

**ഹദ്റത് ബിലാൽ (റ) പറഞ്ഞ കഥ – 3**

ഇബ്നു വഫ, കോഴിക്കോട്

**39**

കുറിപ്പുകൾ

**ഇസ്റയേലിന് അമേരിക്കയിൽ നിന്ന് വൻ തിരിച്ചടി**

മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ:** 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്‌മദ് ഷാഫി**
**ഫോൺ:** 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചവരെ, നിങ്ങൾ പരിപൂർണ്ണമായി നീതി പാലിക്കുന്നവരും അല്ലാഹുവിന് വേണ്ടി സാക്ഷ്യം വഹിക്കുന്നവരുമാകുവിൻ, അത് നിങ്ങൾക്ക് തന്നെയോ (നിങ്ങളുടെ) മാതാപിതാക്കന്മാർക്കോ ബന്ധുക്കൾ ക്കോ എതിരായിരുന്നാൽ പോലും അയാൾ (ആ കക്ഷി) ധനികനോ ദരിദ്രനോ ആണെങ്കിൽ അല്ലാഹു വാണ് അവർ രണ്ടു പേരോടും (അനുകമ്പ കാണിക്കാൻ) കൂടുതൽ അവകാശപ്പെട്ടവൻ. അതിനാൽ നിങ്ങൾ സ്വേഛയെ പിൻപറ്റരുത് നിങ്ങൾ നീതി പാലിക്കുന്നതിന് വേണ്ടിയാണിത്. (4: 137)



## നബിവചനം

അബൂഹുറൈറ(റ)യിൽ നിന്നും നിവേദനം ചെയ്യുന്നു: തിരുനബി (സ) ഇങ്ങനെ അരുൾ ചെയ്തു: ഏതൊരാൾ മനുഷ്യനോട് നന്ദി കാണിക്കുന്നില്ലയോ അയാൾ അല്ലാഹുവിനോടും നന്ദി കാണിക്കുകയില്ല. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം

### സ്വാതന്ത്ര്യം അനുവദിക്കുന്ന ഭരണകൂടത്തോട് സമരം അരുത്

ഇക്കാലത്ത് അമുസ്ലിം ഭരണാധികാരികൾ ഇസ്ലാമിന്റെ കാര്യത്തിൽ ഇടപെടുന്നില്ല എന്നത് പ്രത്യക്ഷമാണ്. ഇസ്ലാമിന്റെ അടിസ്ഥാന കർമ്മാനുഷ്ഠാനങ്ങളെ അവർ നിരോധിച്ചിട്ടില്ല. നവമുസ്ലിംകളെ അവർ കൊന്നുകളയുന്നുമില്ല. അവരെ തുറുങ്കിലടച്ചു ഭേദ്യം ചെയ്യുന്നില്ല. അങ്ങനെയിരിക്കെ ഇസ്ലാമിന്റെ വാൾ എന്തിന് ചുഴറ്റപ്പെടണം? മത കാര്യങ്ങളിൽ ഇസ്ലാം ഒരിക്കലും ബലപ്രയോഗത്തെ അനുകൂലിച്ചിട്ടില്ല. വിശുദ്ധ ഖുർആനും ഹദീസുകളും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിച്ചിരുന്നെങ്കിൽ മതധർമ്മം വളർത്താനായി ഇസ്ലാം വാൾ ചുഴറ്റി എന്ന ആരോപണം തികച്ചും അടിസ്ഥാന രഹിതമാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാകില്ല. (മസീഹ് ഹിന്ദുസ്ഥാൻ മെ)



എഡിറ്റോറിയൽ

# ജിഹാദിന്റെ പ്രത്യാഘാതങ്ങൾ

ഈ പുതുവർഷ പുലരിയിൽ രക്തത്തിലും കണ്ണീരിലും കുതിർന്ന് നിൽക്കുന്ന മുസ്‌ലിം ലോകത്തിന് നമുക്ക് പ്രാർഥനയോടെ സമാധാനം ആശംസിക്കാം. ശാന്തി, കീഴ്‌വണക്കം എന്നീ അർത്ഥങ്ങളുള്ള ഒരു പദം സ്വന്തം സംജ്ഞാ നാമമായി സ്വീകരിച്ച മതമാണ് ഇസ്‌ലാം. സമാധാനത്തോടും ശാന്തിയോടുമുള്ള ഇസ്‌ലാമിന്റെ അഗാതമായ പ്രതിബദ്ധത ഇത് വ്യക്തമാക്കുന്നു. എന്നാൽ സംഭവിക്കുന്നത് നേർ വിപരീതമായ ഒരു പ്രതിഭാസമാണ്. മുസ്‌ലിം ലോകത്തുടനീളം പടർന്നു പരക്കുന്ന സായുധ ജിഹാദും ഭീകരതയും അവരുടെ സമാധാന ജീവിതത്തെ നശിപ്പിക്കുക മാത്രമല്ല, മുസ്‌ലിം നാടുകളിൽ നിന്നും ഉത്ഭവിക്കുന്ന വൻ അഭയാർത്ഥി പ്രവാഹങ്ങൾ ലോകമാകെ പ്രത്യേകിച്ച് യൂറോപ്യൻ രാജ്യങ്ങളിലേക്ക് ഒഴുകുകയാണ്. പുതിയ തീവ്ര വലത് പക്ഷപാർട്ടികൾ അവിടങ്ങളിൽ മുളപൊട്ടാനും നിലവിലുള്ള ജനാധിപത്യ പാർട്ടികൾ വലത് പക്ഷത്തേക്ക് ചായാനും ഇത് സഹായകമാവുകയും ചെയ്യുന്നു. സിറിയ, ഇറാഖ്, അഫ്ഘാനിസ്താൻ, ഈജിപ്ത്, സഊദി അറേബ്യ, പാകിസ്താൻ, നൈജീരിയ, യമൻ മുതലായ ഏഷ്യയിലെയും ആഫ്രീക്കയിലെയും മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ മാത്രമല്ല മുസ്‌ലിംകൾ താമസിക്കുന്ന ഏഷ്യയിലേയും യൂറോപ്പിലേയും പല ജനാധിപത്യ രാജ്യങ്ങളിലും ജിഹാദിസം ഭീതി പരത്തുകയാണ്. ജിഹാദിസം താണ്ഡവമാടിയ ചില മുസ്‌ലിം രാജ്യങ്ങൾ ശ്മശാനഭൂമിയായി മാറിക്കഴിഞ്ഞു. മുസ്‌ലിംകളിൽ മതപരമായി രൂഢമൂലമായ ജിഹാദ് എന്ന വികാരം മറ്റുള്ളവർക്ക് ഏളുപ്പത്തിൽ ചൂഷണം ചെയ്യാനും സാദ്ധ്യമാകുന്നു. അതാണ് ഇപ്പോൾ സംഭവിക്കുന്നതും

ഖുലഫാ ഉർറാഷിദക്ക് ശേഷം ലോകമുസ്‌ലിംകൾക്ക് നേതൃത്വം നൽകിയ ഖിലാഫത്ത് പരമ്പര ഇരുപതാം നൂറ്റാണ്ടിൽ തുർക്കി ഖിലാഫത്തോടെ തകർന്നു. ആ അവസരത്തിൽ വർഗസമരം എന്ന രക്ത രൂക്ഷിത സംഘട്ടന സമരത്തിലൂടെ നിലവിൽ വന്ന കമ്മ്യൂണിസ്റ്റ് റഷ്യയും രാഷ്ട്രം ദൈവത്തെ പോലെ പാവനമാണ്, യുദ്ധം അതിന്റെ അനിവാര്യമായ വികസന മന്ത്രമാണ് എന്ന തീവ്രദേശീയതയിൽ വിശ്വസിച്ച ഫാസിസവുമായിരുന്നു ലോകത്ത് നിലനിന്നിരുന്നത്. ഈ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ആവേശകരമായ മുന്നേറ്റങ്ങൾ അക്കാലത്തെ ഖിലാഫത്ത് പുനരുജ്ജീവന ചിന്തയിൽ വ്യാപൃതരായ മുസ്‌ലിം ചിന്തകരെ ഹഠാദാകർഷിക്കുകയുണ്ടായി. അക്കാലത്തെ ഇഖ്‌വാനിസം, മൗദൂദിസം, സലഫിസം എന്നീ മത രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ ഇവയുടെ സ്വാധീനം വ്യക്തമാണ്. ഫാസിസത്തിന്റെയും കമ്യൂണിസത്തിന്റെ അലകും പിടിയും മാറ്റി ആ പ്രത്യയ ശാസ്ത്രങ്ങളെ അവർ ഇസ്‌ലാമിക വത്ക്കരിക്കുകയായിരുന്നു. മുസ്‌ലിം ലോകത്തെ എല്ലാ വൈവിധ്യങ്ങളെയും ഏകോപിച്ചു കൊണ്ട് ഒരു സാമ്രാജ്യമായി നിലകൊണ്ട ഖിലാഫത്തിന് പകരമായി രാഷ്ട്രം ലക്ഷ്യമായി കരുതുന്ന ഈ സംഘടനകളെ അവർ കണക്കാക്കി. കമ്യൂണിസത്തിന്റെയും ഫാസിസത്തിന്റേയും കേന്ദ്ര തത്വമായ സമര സിദ്ധാന്തത്തിന് പകരമായി മുസ്‌ലിം ലോകത്ത് ചിരപരിചിതമായ ജിഹാദിനെ അവർ മാറ്റിയെടുക്കുകയായിരുന്നു

മൗദൂദിസത്തിലും ഇഖ്‌വാനിസത്തിലും തുടങ്ങി ഐ എസ്, അൽഖായിദ, ബൊക്കൊ ഹറാം, താലീബാൻ, താലീബാൻ പാകിസ്താൻ, ഹഖാനി നെറ്റ് വർക്ക്, ലക്ഷറെ തയ്യിബ, ജയ്ശെ മുഹമ്മദ് മുതലായവ ജിഹാദീ ഭീകര സംഘടനകളിൽ അത് എത്തിനിൽക്കുന്നു. അബൂദാബി ഭരണ കൂടം പ്രസിദ്ധീകരിച്ച 80 ഭീകര സംഘടനകളിൽ ചിലത് ഇവയിൽപ്പെടും. ഫാസിസത്തിന്റെയും കമ്യൂണിസത്തിന്റെയും ജനിതക ഗുണങ്ങൾ ഈ മുസ്‌ലിം സംഘടനകളിൽ പ്രകടമാണ്. ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ലാത്ത ആശയങ്ങൾ ആവേശിച്ച ഈ സംഘടനകളുടെ വിനാശകരമായ ജിഹാദ് ഭ്രമത്തെപറ്റി ഒരു നൂറ്റാണ്ടു മുമ്പ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്‌മദ്(അ) ദീർഘ ദർശനം ചെയ്യുകയും അത് സംബന്ധിച്ച് സുദീർഘമായ ഉപദേശങ്ങളും നൽകുകയുണ്ടായി.

***ജിഹാദിനെ പറ്റി ഇക്കാലത്തെ മൗലവിമാർ അവതരിപ്പിക്കുന്ന വിവരണങ്ങൾ ശരിയായിട്ടുള്ളതല്ല. തങ്ങളുടെ ആവേശോജ്ജ്വലമായ വയളുകളിൽ ഉലമാക്കൾ നടത്തുന്നത് ബഹുജനങ്ങളുടെ പ്രാകൃത സ്വഭാവങ്ങളെ മൃഗീയ സ്വഭാവങ്ങളാക്കി മാറ്റുക എന്നതിൽ കവിഞ്ഞ് ഒന്നുമല്ല, കൂടാതെ മനുഷ്യത്വത്തിന്റെ സകല ശ്രേഷ്ഠതകളിൽ നിന്നും അവരെ നഷ്ടക്കാരാക്കി തീർക്കുകയും ചെയ്യുന്നതാണ് യഥാർത്ഥത്തിൽ സംഭവിച്ചത് (ജിഹാദ് )*** അദ്ദേഹം മറ്റൊരിടത്ത് പറയുന്നു: ***എന്റെ ഈ ഉപദേശം ശ്രവിച്ച ശേഷവും യുദ്ധത്തിന് പോകുന്നവർക്ക് അവിശ്വാസികളുടെ കൈയ്യിൽ നിന്നും കഠിനതരമായ വേദനകൾ സഹിക്കേണ്ടിവരും. ഇത് എന്റെ ഒരു മുഅ്ജിസ (ദിവ്യാടയാളം) ആണ്. നിങ്ങൾ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക. ഇത് മസീഹിന്റെ കാലമാണ്. യുദ്ധത്തിന്റെ കാലമല്ല. ഇനിയും അവർക്ക് മനസ്സിലാകുന്നില്ല എങ്കിൽ അല്ലാഹു അവർക്ക് മനസ്സിലാക്കിക്കൊടുക്കും. (ദുർറെ സമീൻ)***



ഹദ്റത്ത് അഹ്മദ് (അ)

# ജിഹാദ്: മനുഷ്യനെ മൃഗസമാനനാക്കുന്നു

ഈ രാജ്യത്തെ മുസ്‌ലിം ജനസാമാന്യത്തിന്റെ ധാർമിക ജീവിതത്തിൽ, ഏറെക്കാലമായി അനഭിലഷണീയവും വിഷമയവുമായ ദുഃസ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നതായും കാണപ്പെടുന്നു. സന്മാർഗത്തിന്റെ അഭാവം, ദുഷ്ടവിചാരങ്ങൾ, ഹൃദയകാഠിന്യം, അനുകമ്പയില്ലായ്മ എന്നിങ്ങനെയുള്ള ആത്മീയരോഗങ്ങൾ ഇത്തരം അടിസ്ഥാനരഹിതങ്ങളായ കഥകളിലും വിവരണങ്ങളിലും വിശ്വസിച്ചതിന്റെ ഫലമായി മിക്ക മുസ്‌ലിം കക്ഷികളിലും വ്യാപരിച്ചിരിക്കുകയാണ്. മാനുഷികമായ അനുകമ്പ, സഹതാപം, നീതിപ്രേമം, വണക്കം, വിനയബുദ്ധി തുടങ്ങിയ എല്ലാ സൽഗുണങ്ങളും ഈ സമുദായത്തോടു എന്നെന്നേക്കുമായി വിടചോദിച്ചു പിരിയുമെന്ന മട്ടിൽ, ദിവസം തോറും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഈ ഹൃദയകാഠിന്യവും ഈ അധാർമികതയും അനേകം മുസ്‌ലിംകളെ കാട്ടുമൃഗങ്ങളെപ്പോലെയാക്കി മാറ്റിയിരിക്കുന്നു. ഒരു ജൈനനോ ഒരു ബുദ്ധമതക്കാരനോ ഒരു കൊതുകിനെയോ ഒരു ഈച്ചയെയോപോലും കൊല്ലാൻ പേടിക്കുമ്പോൾ, അന്യായമായ കൊലപാതകം നടത്തുന്നതിൽ സർവശക്തനായ അല്ലാഹുവിനെപോലും- എല്ലാജീവജന്തുക്കളെക്കാളും മനുഷ്യജീവനു അവനാണ് ഏറ്റവും ഉയർന്ന വില കല്പിച്ചിട്ടുള്ളതെങ്കിലും ഇവർ ഭയപ്പെടുന്നില്ല. ഈ ഹൃദയകാഠിന്യവും ക്രൂരതയും അനുകമ്പാദാരിദ്ര്യവും എങ്ങനെയാണുണ്ടായിത്തീർന്നത്? അതിനു കാരണം ഇതാണ്: ചെറുപ്പത്തിൽത്തന്നെ ജിഹാദിനെ സംബന്ധിച്ച തെറ്റായ ധാരണക ളും കഥകളും അവരുടെ ശ്രവണപുടങ്ങളിൽ അലയടിക്കുകയും അങ്ങനെ അവരുടെ മനസ്സിൽ അത് രൂഢമൂലമാവുകയും ചെയ്യുകയാൽ സാവധാനത്തിൽ അവർ ധാർമികമായി ശവപ്രായക്കാരായിത്തീരുകയും തങ്ങളുടെ നിഷ്ഠൂര ചെയ്തികളുടെ കൊടും ക്രൂരതയെക്കുറിച്ചു ബോധമറ്റവരായിത്തീരുകയും ചെയ്തു. നിരപരാധിയായ മറ്റൊരാളെ കൊലചെയ്യുന്ന ഒരാൾ കൊല്ലപ്പെടുന്ന ആളുടെ കുടുംബത്തിൽ നാശം വിതറിവെക്കുന്നുവെങ്കിലും അയാൾ താനൊരു നന്മ പ്രവർത്തിച്ചവനെപ്പോലെയാണ് സ്വയം കരുതുന്നത്; അഥവാ, സ്വസമുദായത്തിൽ പ്രിയങ്കരനായിത്തീരാനുള്ള ഒരവസരമുണ്ടാക്കിയെന്നു ധരിക്കുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ തടയാനുള്ള ഉപദേശപ്രസംഗങ്ങളോ ഖുത്ബകളോ നമ്മുടെ നാട്ടിലെവിടെയും നിർവഹിക്കപ്പെടുന്നില്ലാത്തതിനാൽ- അഥവാ അങ്ങനെ പ്രസംഗിക്കുന്നുവെങ്കിൽത്തന്നെ അല്പമൊരു കപടഭാവത്തോടെയാവാനേ തരമുള്ളൂ- സാധാരണക്കാർ ഇത്തരം ദുഷ്കൃത്യങ്ങൾക്ക് അംഗീകാരമുള്ളതായി കരുതും. ആകയാൽ, എന്റെ സ്വന്തം സമുദായക്കാരോടുള്ള അനുകമ്പ നിമിത്തം മുസ്‌ലിംകൾക്കിടയിൽ ജിഹാദിനെ സംബന്ധിച്ച് നിലനില്ക്കുന്ന വിശ്വാസങ്ങൾ-ഇതര സമുദായക്കാരുടെ നേരെ കടുത്ത വിരോധവും ശത്രുത്വവും പുലർത്തുന്ന രക്തക്കൊതിയനായ ഒരു ഇമാം വെളിപ്പെടുമെന്നുള്ള, ദീർഘദൃഷ്ടിയില്ലാത്ത ഉലമാക്കൾ പഠിപ്പിച്ചുപോന്ന തെറ്റായ വിശ്വാസങ്ങളാണെന്ന് വിവരിച്ചു കൊണ്ടുള്ള ഒട്ടേറെ പുസ്തകങ്ങൾ ഞാൻ അറബിയിലും ഉർദുവിലും പേർസ്യനിലും രചിച്ചിരിക്കുന്നു. മതവിശ്വാസകാര്യത്തിൽ വാളുപയോഗിക്കാൻ ഇസ്‌ലാം അനുവദിക്കുന്നേയില്ല; പ്രതിരോധയുദ്ധങ്ങളിലോ, ഒരു ഭീകരവാഴ്ചക്കാരനെ ശിക്ഷിക്കാനും സ്വാതന്ത്ര്യം ഉയർത്തിപ്പിടിക്കാനുമുള്ള യുദ്ധങ്ങളിലോ മാത്രമേ വാളുപയോഗിച്ചുകൂടു. ഒരു എതിരാളി ജീവനുനേരെ ഭീഷണി ഉയ ർത്തുന്ന തരത്തിൽ ആക്രമണം നടത്തുമ്പോഴാണ് പ്രതിരോധയുദ്ധത്തിന്റെ ആവശ്യം നേരിടുന്നത്. ഇതാണ് ശരീഅത്ത്-ധർമശാസ്ത്രമനുവദിച്ചിട്ടുള്ള മൂന്നുതരം യുദ്ധങ്ങൾ. ഇതല്ലാതെ മതം പരത്താൻവേണ്ടി മറ്റൊരുതരത്തിലുള്ള യുദ്ധത്തിനും ഇസ് ലാം അനുമതി നല്കുന്നേയില്ല. ഞാൻ ഈ ഗ്രന്ഥങ്ങൾക്ക് ഒട്ടേറെ തുക ചെലവാക്കുകയും ഈ രാജ്യത്തും അറേബ്യ, സിറിയ, ഖുറാസാൻ തുടങ്ങിയ സ്ഥലങ്ങളിലും അവ പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. എന്നാൽ, ദൈവാനുഗ്രഹത്താൽ ജനഹൃദയങ്ങളിൽനിന്ന് ഇത്തരം വിശ്വാസങ്ങളിൽ അത്ഭുതകരമായ മാറ്റം വരുത്തുവാൻ സഹായകമായിട്ടുള്ള വ്യക്തമായ സാഹചര്യത്തെളിവുകളും ചരിത്രരേഖകളും എന്റെ പക്കലുണ്ട്. സത്യങ്ങൾ മനസ്സിലാക്കിത്തുടങ്ങുന്നതോടെ ഇസ്‌ലാമിലെ സദ്വൃത്തന്മാരുടെ ഹൃദയങ്ങളിൽ വിനയത്തിന്റെയും വണക്കത്തിന്റെയും ദയാദാക്ഷിണ്യത്തിന്റെയും മധുരമനോഹരമായ നീരുറവകൾ ഒഴുകിത്തുടങ്ങുകയും രാജ്യത്താകെ ഗുണകരവും അനുഗ്രഹപൂർണവുമായ സ്വാധീനം ഉണ്ടാക്കുന്ന ആത്മീയ പരിവർത്തനം സംജാതമാകുകയും ചെയ്യും. ക്രിസ്തീയ ഗവേഷകന്മാരും സത്യത്തെ ഉറ്റു നോക്കുന്നവരും അതിനായി ദാഹിക്കുന്നവരും എന്റെ ഗ്രന്ഥത്തിൽനിന്ന് ഫലമെടുക്കുമെന്നും എനിക്ക് ദൃഢവിശ്വാസമുണ്ട്. മുസ്‌ലിംകളുടെയും ക്രിസ്ത്യാനികളുടെയും വിശ്വാസസംഹിതയുടെ ഭാഗമായിക്കഴിഞ്ഞിട്ടുള്ള അബദ്ധധാരണകൾ തിരുത്തുകയെന്നതാണ് ഈ പുസ്തകനിർമിതിയുടെ പ്രധാന ഉദ്ദേശ്യം. (മസീഹ് ഹിന്ദുസ്ഥാൻ മെ)

അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2016 ഡിസംബർ 16ന് ലണ്ടനിൽ നിർവഹിച്ച ഖുത്ബയുടെ സംഗ്രഹം.

# മുഹമ്മദ്നബി (സ) പ്രവാചക ലോകത്തെ കുലപതി

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)




ഇസ്ലാമിക മാസമായ റബീഉൽ അവ്വലിലൂടെയാണ് നമ്മൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇസ്ലാമിക ലോകം പ്രത്യേകിച്ച്, ഇന്ത്യക്കാരും പാക്കിസ്താനികളും നബി(സ)തിരുമേനി ഈ മാസം 12 ന് ജനിച്ചതുകൊണ്ടാണ് ഇതിന് പ്രാധാന്യം നല്കുന്നത്. ഈ ജനനത്തീയതിയെ സംബന്ധിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) സീറത്തു ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു: "മിസ്റുകാരനായ ഒരു സ്കോളറിന്റെ ഗവേഷണമനുസരിച്ച് റബീഉൽ അവ്വൽ 9 നാണ് നബി(സ)തിരുമേനി ജനിച്ചത്.'' എന്തായാലും റബീഉൽഅവ്വൽ മാസത്തിലാണ് നമ്മുടെ നബി(സ)തിരുമേനി ജനിച്ചതെന്നതിൽ സംശയമില്ല. പക്ഷേ, മുസ്ലീംകളുടെ അവസ്ഥ അങ്ങേയറ്റം പരിതാപകരം തന്നെ! മനുഷ്യകുലത്തിന് നന്മ ചെയ്യുന്നയാളും മുഴുലോകത്തിനും കാരുണ്യവാനുമായ വ്യക്തിയുടെ ജന്മദിനത്തിന്റെ സന്തോഷത്തിലാണ് അവർ ഈ ദിവസം ആഘോഷിക്കുന്നത്. പക്ഷേ, മുസ്ലീംകൾ പരസ്പരം **ഖുലൂബുഹും ശത്താ** ( അവരുടെ ഹൃദയങ്ങൾ വിഭിന്നങ്ങളാണ്)എന്നതിന്റെ പ്രതീകമായിരിക്കുകയാണ്. അല്ലാഹു മുസ്ലീംകളുടെ പരസ്പരമുള്ള ബന്ധങ്ങളിൽ **റുഹമാഉ ബയ്നഹും** 'പരസ്പരം ഒരുപാട് കരുണകാണിക്കുന്നവരാണ്'എന്ന പ്രത്യേകതയാണ് വിവരിച്ചിരിക്കുന്നത്. പക്ഷേ, ഈ കാരുണ്യം വിദൂരസ്ഥമാണ്. ഭൂരിഭാഗവും പരസ്പരം രക്ത ദാഹികളായിത്തീർന്നിരിക്കുന്നു. നൂറുക്കണക്കിന് മുസ്ലീംകൾ മുസ്ലീംകളുടെ കൈയാൽ അറുകൊല ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതായി വാർത്തകൾ വരുന്നു. അല്ലാഹുവും അവന്റെ റസൂലും കഠിനമായി വെറുത്ത കാര്യമാണിത്. മുസ്ലിം മുസ്ലിമിനെ തന്നെ വധിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ കൊലചെയ്തുകൊണ്ടിരിക്കുന്നു. റബ്ബുൽ ആലമീനായ അല്ലാഹു, അവൻ റഹ്മാനും റഹീമുമാണ്. റഹ്മത്തുല്ലിൽആലമീനായ

റസൂലിന്റെപേരിൽ അക്രമത്തിലൂടേയും ബലാൽക്കാരവും നടത്തുന്നു. നിരാലംബരേയും സ്ത്രീകളേയും കുട്ടികളേയും നിരാപരാധികളേയും ഭവനരഹിതരാക്കിക്കൊണ്ടിരിക്കുന്നു. വിവസ്ത്രരും പട്ടിണിക്കാരുമാക്കി മാറ്റുന്നു. കൊന്നൊടുക്കിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും പേരിൽ ഇതെല്ലാം അങ്ങേയറ്റം അപമര്യാദയോടും നിർലജ്ജമായും ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു മുസൽമാനെ മനഃപ്പൂർവം കൊല്ലുന്നത് നിങ്ങളെ നരകവാസികളാക്കും എന്ന് അല്ലാഹു പറയുന്നു. ഏതെങ്കിലും നിരപരാധിയെ കൊന്നാൽ നിങ്ങൾ നരകാഗ്നിയിൽ നിന്ന് രക്ഷപ്പെടുകയില്ല. പക്ഷേ, ഈ മതപരമായ ജാമ്യക്കാരും സ്വാർഥരുമായ നേതാക്കന്മാർ സാധാരണക്കാരും അറിവു കുറഞ്ഞവരുമായ മുസ്‌ലീംകളെ സ്വർഗം വ്യമോഹിപ്പിച്ച് ഇത്തരത്തിലുള്ള അത്യാചാരങ്ങളിൽ തള്ളിയിടുകയാണ്. ഇസ്‌ലാമിന് എത്രത്തോളം അവർ ചീത്തപ്പേരുണ്ടാക്കിയിരിക്കുന്നുവെന്നാൽ ഇന്ന് അമുസ്‌ലിം ലോകത്ത് ഇസ്‌ലാം എന്ന് കേൾക്കുന്ന മാത്രയിൽ ഉണ്ടാകുന്നത് അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും ചിത്രമണ്. നാമമാത്ര മുസ്‌ലിം പണ്ഡിതന്മാരും നേതാക്കന്മാരും സംഘടിച്ച് പരസ്പരമുള്ള കൂട്ടു കെട്ടാണിത്. ഇത് അല്ലാഹുവും അവന്റെ റസൂലും വിരോധിച്ചിട്ടുള്ള കാര്യമാണ്. റസൂൽ(സ)പറഞ്ഞു: മുസ്‌ലീംകളുടെ അവസ്ഥ അങ്ങനെയാകുമ്പോൾ, മുസ്‌ലീംകളുടെ മനസ്സ് പരസ്പരം ചിന്നഭിന്നമാവു മ്പോൾ **ഖുലൂബുഹും ശത്താ** യുടെ അവസ്ഥ ഉണ്ടാകുമ്പോൾ മുസ്‌ലീംകൾ പരസ്പരം കഴുത്തറുക്കുന്നതാണ്. മുസ്‌ലീംകൾ നാമധാരികളായ ഉലമാക്കന്മാരുടെ അടുക്കൽ- ഹിദായത്തുണ്ടെന്നു കരുതി പോകുന്നതാണ്. പക്ഷേ, അപ്പോൾ ആ ഉലമാക്കന്മാർ അല്ലാഹുവിൽ നിന്ന് ജനങ്ങളെ അകറ്റിക്കൊണ്ടുപോകുന്ന പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നവരായിരിക്കും. എന്നല്ല സാധാരണക്കാരെക്കാൾ അധഃപതിച്ചവരായിരിക്കും. നബി(സ)തിരുമേനി പറയുകയുണ്ടായി **ഉലമാഉഹും ശർറുമ്മൻ തഹ്ത്ത അദീമിസ്സമാഇ** അതായത് മതപണ്ഡിതന്മാർ ആകാശത്തിൻ കീഴിൽ ഏറ്റവും നികൃഷ്ട ജീവികളായിരിക്കും. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? അവിടുന്ന് പറഞ്ഞു, ഇവർ ഫിത്ന ഉണ്ടാക്കുന്നവരായിരിക്കും. അവരിൽനിന്നായിരിക്കും ഫിത്ന ഉണ്ടാകുന്നത്. ഇതാണ് നമ്മൾ ഇന്ന് ഭൂരിഭാഗം ഉലമാക്കാളിലും കാണുന്നത്. തീ അണയ്ക്കുന്നതിനു പകരം തീ കൊളുത്തുന്നവരായിത്തീർന്നിരിക്കുന്നു അവർ. അതിനാൽ, നബി (സ) തിരുമേനി ഈ അവസ്ഥ വിവരിച്ചുകൊണ്ട് പറഞ്ഞു, ഈ അവസ്ഥയിൽ ഇസ്‌ലാമിനെ സംബന്ധിച്ച് വേദനിക്കുന്നവർ നിരാശരാവരുത്. അത്തരം സമയത്ത് മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും വരുന്നതായിരിക്കും. അദ്ദേഹം തന്റെ യജമാനരുടെ സമ്പൂർണനായ ദാസനെന്ന നിലയിൽ മുസ്‌ലീംകൾക്കും അമുസ്‌ലീംകൾക്കും ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പറഞ്ഞുകൊടുക്കുന്നതാണ്. ഇസ്‌ലാമിന്റെ മനോഹരവും സ്വഛവുമായ അധ്യാപനത്താൽ ലോകത്തെ പ്രകാശിപ്പിക്കുന്നതാണ്. വീണ്ടും ഉമ്മത്തെ വാഹിദ ആക്കുന്നതാണ്. പക്ഷേ, ഞാൻ പറഞ്ഞതു പോലെ ഇക്കാര്യം ഉലമാക്കൾ നിഷേധിക്കുന്നു. അവർ ജനങ്ങൾക്കും സാധാരണ മുസ്‌ലീംകൾക്കും തെറ്റായ കാര്യങ്ങൾ ഉപദേശിച്ച് കലഹത്തിന് കളമൊരുക്കുന്നു. ജനങ്ങളുടെ വികാരങ്ങൾകൊണ്ട് കളിക്കുന്നു. കുഴപ്പങ്ങളുണ്ടാക്കുന്നതിന് അടിസ്ഥാന രഹിതമായ കാര്യങ്ങളാണ് അവർ ജനങ്ങൾക്ക് പറഞ്ഞു കൊടുക്കുന്നത്. നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണെന്നും നബി(സ)തിരുമേനിയിൽ ശരീഅത്ത് സമ്പൂർണമായി കഴിഞ്ഞിരിക്കുന്നുവെന്നും എല്ലാ മുസ്‌ലീംകളുടേയും അഖീദ അഥവാ വിശ്വാസമാണ്. അതിൽ പൂർണമായി വിശ്വസിക്കാതെ മുസ്‌ലീംകൾ, മുസ്‌ലീംകളെന്ന് പറയപ്പെടുകയില്ല. പക്ഷേ, ഈ ഫിത്ന യുണ്ടാക്കുന്ന മൗലവി അഹ്മദികൾ ഖത്തമുന്നുബുവ്വത്തിൽ വിശ്വസിക്കാത്തവരാണെന്ന് പറഞ്ഞ് സാധാരണക്കാരുടെ വികാരങ്ങളെ പ്രകോപിപ്പിക്കുന്നു. ഇതിന് **ഇന്നാ ലില്ലാഹ്** എന്ന് ചൊല്ലി **ലഅ്നത്തുല്ലാഹി അലൽ കാദിബീൻ** എന്നു പറയുകയല്ലാതെ ഒരു നിർവാഹവുമില്ല. അഹ്മദി എന്നു പറഞ്ഞുകൊണ്ട് നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീൻ എന്നു വിശ്വസിക്കാത്തവൻ ഫാസിഖും ഫാജിറും ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറത്തായവനുമാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് അത്തരം വ്യക്തിയുമായി ഒരു ബന്ധവുമില്ല. എന്നാൽ, അഹ്മദി, ഖത്തമുന്നുബുവ്വത്തിന് നബി(സ)തിരുമേനി നല്കിയ നിർവചനമാണ് തീർച്ചയായും നല്കുന്നത്. അത് വിശുദ്ധ ഖുർആനിൽ അല്ലാഹു പറഞ്ഞതാണ്. ഇനി നബി(സ)തിരുമേനിയുടെ ദാസത്വത്തിലല്ലാതെ അവിടുന്ന് കൊണ്ടുവന്ന ശരീഅത്തിനു വെളിയിൽ ഒരു നബിയും വരികയില്ല. ഒരു അവസരത്തിൽ നബി(സ)തിരുമേനി പറഞ്ഞു:'അബൂബക്കർ ഈ ഉമ്മത്തിലെ ഏറ്റവും ശ്രേഷ്ഠനായ മനുഷ്യനാണ്; നബി യുണ്ടായാലൊഴികെ. നബി(സ)തിരുമേനി ഒരിക്കലും നുബുവ്വത്തിന്റെ വഴി അടച്ചിട്ടില്ല. നബി(സ)തിരുമേനിയുടെ വൃത്തത്തിനു വെളിയിൽ ഒരു നബിയും വരികയില്ല. ഒരു പുതിയ ശരീഅത്തും വരികയില്ല. ഞങ്ങൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനീ(അ)യെ മസീഹ് മഹ്ദി എന്ന നിലയിൽ നബിയായി വിശ്വസിക്കുന്നുവെങ്കിൽ നബി(സ)തിരുമേനിയുടെ സമ്പൂർണ ദാസത്വത്തിൽ വിധേയപ്പെട്ടു കൊണ്ടാണ് വിശ്വസിക്കുന്നത്. ഇതു തന്നെയായിരുന്നു പഴയകാല ഉലമാക്കളുടെയും വിശ്വാസം. ഞങ്ങൾ ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനീ(അ) യെ മസീഹ് മൗഊദ് എന്ന്

വിശ്വസിച്ചുകൊണ്ട് അദ്ദേഹത്തിന് നബിയുടെ പദവി നല്കുന്നുവെങ്കിൽ അത് നബി(സ)തിരുമേനിയുടെ ദാസത്വം കൊണ്ടാണത്.

റബീഉൽഅവ്വൽ 12 നെ ഉദ്ധരിച്ചുകൊണ്ട് രിസാലത്ത് സംരക്ഷണത്തിന്റേയും ഖത്തമുന്നുബുവ്വത്തിന്റേയും പേരിൽ പാക്കിസ്താനിൽ നാലു ദിവസം മുമ്പേ ദോൽമിയാലിൽ സാമൂഹിക വിരുദ്ധരും മൗലവിമാരും ചേർന്നുകൊണ്ട് ജാഥ നടത്തുകയും നമ്മുടെ മസ്ജിദിനുമേൽ ആക്രമണം നടത്തുകയും ചെയ്തു. മസ്ജിദിനുള്ളിൽ അഹ്മദികളുണ്ടായിരുന്നു. അവർ വാതിലടച്ചിരിക്കുകയായിരുന്നു. പക്ഷേ, പോലീസ് പറഞ്ഞതുകൊണ്ട് അഹ്മദികൾ വാതിൽ തുറന്നപ്പോൾ- മസ്ജിദ് സംരക്ഷിക്കുമെന്നുള്ള പോലീസുകാരുടെ ഉറപ്പിന്മേൽ വാതിൽ തുറന്നപ്പോൾ ഈ കലാപകാരികൾ മസ്ജിദിൽ കടന്നു. പോലീസ് ഒരു ഭാഗത്തേക്കു മാറി. പിന്നീട് അവർ മസ്ജിദിലെ സാധനസാമഗ്രികൾ വെളിയിലിട്ട് അഗ്നിക്കിരയാക്കി. . ഇങ്ങനെ അവർ തങ്ങളുടെ സങ്കല്പത്തിൽ ഇസ്ലാമിന് 'വൻസേവനം' ചെയ്തുവത്രെ! എന്തായാലും നമുക്ക് ഇതിനെതിരെ നിയമപരമായി പോരാടാൻ പാടില്ല. നമ്മൾ പോരാടാറുമില്ല. ഭൗതിക വസ്തുക്കളെ സംബന്ധിച്ചിടത്തോളം നമ്മൾക്കത് ഒരു പ്രശ്നവുമല്ല. ശരി തന്നെ! നിങ്ങൾ നഷ്ടം വരുത്തിക്കൊള്ളുക. എന്നാൽ, നബി(സ)തിരുമേനിയിലുള്ള സമ്പൂർണ വിശ്വാസത്തിന്റേയും തൗഹീദിനെ ഞങ്ങളുടെ മനസ്സുകളിൽ നാട്ടുന്നതിന്റേയും പ്രശ്നമാണെങ്കിൽ ഞങ്ങൾക്ക് ഞങ്ങളുടെ ജീവൻ ബലിയർപ്പിക്കേണ്ടി വന്നാലും അതിൽനിന്ന് പിന്മാറുകയില്ല. ഞങ്ങൾ എപ്പോഴും പറഞ്ഞു വന്നിട്ടുള്ളത് ഇതുതന്നെയാണ്. അതിനുവേണ്ടി ത്യാഗങ്ങളും ചെയ്തുകൊണ്ടിരുന്നിട്ടുണ്ട്. **ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്** വിളംബരം ചെയ്യുന്നതിൽനിന്ന് ഒരിക്കലും ഞങ്ങൾ പിന്മാറുകയുമില്ല. ഈയാളുകൾ ആചാരപരമായ നബിദിനമാണ് ആഘോഷിക്കുന്നത്. ആചാരമായി ഇവർ സംഘടിക്കുന്നു. പ്രസംഗിക്കുകയും ചെയ്യുന്നു. പ്രഭാഷണങ്ങളും നടത്തുന്നു. അവയിൽ ഭൂരിഭാഗവും പാക്കിസ്താനിൽ അഹ്മദികളെ തെറിപറയുന്നതിനായിട്ടല്ലാതെ മറ്റൊന്നിനുമല്ല. താൽക്കാലികമായ നിലയിൽ ഒരു ആവേശം കാണിക്കുന്നു. അസഭ്യങ്ങൾ പുലമ്പി ഇസ്ലാമിന് വലിയ സേവനമാണ് ചെയ്തതെന്ന് അവർ കരുതുന്നു. പക്ഷേ, അഹ്മദിയ്യാ ജമാഅത്ത് യഥാർഥ സേവനത്തിന്റെ ദൃഢനിശ്ചയം ചെയ്തത് ഹദ്റത്ത് മസീഹ് മൗഊദ്(അ)വാദിച്ചപ്പോഴായിരുന്നു. തൗഹീദിനേയും നബി(സ)തിരുമേനിയുടെ അന്തസ്സിനേയും സ്ഥാപിക്കുന്നതിനുവേണ്ടി താൻ വന്നിരിക്കുന്നുവെന്ന് അവിടന്ന് പറഞ്ഞു. ഇസ്ലാമിന്റെ പുനരുത്ഥാനം താൻ മുഖേനയാണ് നടക്കേണ്ടതെന്നും അവിടന്ന് പറഞ്ഞു.

പിന്നീട് രണ്ടാം ഖിലാഫത്തിന്റെ കാലഘട്ടത്തിൽ ഒരു സമയത്ത് നബി(സ)തിരുമേനിക്കെതിരിൽ അമുസ്ലീം വിമർശകർ പത്രങ്ങളിലും ഗ്രന്ഥങ്ങളിലും അസഭ്യമായ കാര്യങ്ങൾ എഴുതി പ്രചരിപ്പിച്ചു. അങ്ങേയറ്റം വൃത്തികെട്ട ഭാഷയിൽ എഴുതാൻ തുടങ്ങി. അപ്പോൾ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫ വൻതോതിൽ ഇന്ത്യയിൽ സീറത്തുന്നബി സമ്മേളനങ്ങൾ സംഘടിപ്പിച്ചു. അഹ്മദികളോടും അനഹ്മദികളോടും എല്ലാവരോടും ഭിന്നിപ്പ് ഉപേക്ഷിച്ച് സംഘടിച്ചുകൊണ്ട് നബി(സ)തിരുമേനിയുടെയും ഇസ്ലാമിന്റേയും എതിരാളികളെ പ്രതിരോധിക്കാൻ അവിടന്ന് ആഹ്വാനം ചെയ്തു. വിപുലമായ തോതിൽ ആ സമ്മേളനങ്ങൾക്ക് അവിടന്ന് തുടക്കം കുറിച്ചു. എന്നല്ല അവിടന്ന് ഉന്നതരായ അമുസ്ലീംകളേയും സമ്മേളനത്തിലേക്ക് ക്ഷണിക്കുകയുണ്ടായി. നബി(സ)തിരുമേനിയെ വിശ്വസിക്കുക എന്നതും ആ മഹാത്മാവിന്റെ അന്തസ്സിനെ സംരക്ഷിക്കുക എന്നതും മുസ്ലീംകളുടെ ഈമാന്റെ ഭാഗമാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറഞ്ഞു: മുഴുലോകത്തിനുമേലും നബി(സ)തിരുമേനിയുടെ ഔദാര്യമുണ്ട്. അവിടന്ന് റഹ്മത്തുല്ലിൽ ആലമീനാണ്. അതുകൊണ്ട് മാന്യന്മാരായ അമുസ്ലീംകളും ആ മഹാത്മാവിന്റെ ജീവിതചരിത്രം വിവരിക്കേണ്ടതാണ്. അങ്ങനെ ഹിന്ദുക്കളടങ്ങുന്ന ധാരാളം വിദ്യാസമ്പന്നരായ അമുസ്ലീംകളും നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതത്തെ കുറിച്ച് വിഷയങ്ങൾ അവതരിപ്പിച്ചു. ഖാദിയാനിൽ 1928 ൽ നടന്ന ആദ്യ സമ്മേളനത്തിൽ ഹിന്ദു കവികളുടെ രണ്ട് നഅ്ത്തും -നബിയെ കുറിച്ചുള്ള സ്തുതിഗീതങ്ങളും ആലപിക്കപ്പെട്ടു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ആഹ്വാനമനുസരിച്ച് ഇന്ത്യമുഴുവൻ നബിചരിത സമ്മേളനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. വീക്ഷണങ്ങളുടേയും വിശ്വാസാദർശങ്ങളുടേയും അഭിപ്രായഭിന്നതകൾ നിലനില്ക്കെ ഈ പദ്ധതി വിജയിപ്പിക്കുന്നതിനുവേണ്ടി പരിശ്രമിച്ച ധാരാളമാളുകളുണ്ട്. പത്രങ്ങളിൽ അതിനെ സംബന്ധിച്ച് ചർച്ചകളും നടന്നു. വാർത്തകളും പ്രസിദ്ധീകരിച്ചു.

അൽഫദ്ല് പത്രം പ്രത്യേകിച്ചും ആ നേരത്ത് ഖാത്തമുന്നബിയ്യീൻ സ്പെഷ്യൽ പതിപ്പ് പ്രസിദ്ധീകരിച്ചു. അതിനുശേഷം മുതൽ അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പതിവായി സീറത്തുന്നബി സമ്മേളനം സംഘടിപ്പിച്ചു വരുന്നു. അവിടന്ന് നാലഞ്ച് പോയിന്റുകൾ നല്കിയിരുന്നു. അവയിലൊന്ന് കേവലം റബീഉൽ അവ്വൽ 12 നുപകരം വിവിധ സമയങ്ങളിൽ സീറത്തുന്നബി സമ്മേളനങ്ങൾ സംഘടിപ്പിക്കണമെന്നതായിരുന്നു. എന്തായാലും ഇതാണ് അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രം. നമ്മൾ സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു. ഇപ്പോൾ അല്ലാഹുവിന്റെ കൃപയാൽ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായി കഴിഞ്ഞിട്ടുള്ള ലോകത്തെ

200 ലധികം രാജ്യങ്ങളിൽ സീറത്തുന്നബി സമ്മേളനങ്ങൾ സംഘടിപ്പിച്ചു വരുന്നു. ഖത്തമുന്നുബുവ്വത്തിന്റെ യഥാർഥ സ്ഥാനം ഗ്രഹിച്ചിട്ടുള്ളവർ അഹ്മദികളാണ്. ഇൻശാ അല്ലാഹ് എപ്പോഴും അതിൽ നിലകൊള്ളുന്നതുമാണ്. നമ്മൾ നബി(സ)തിരുമേനിയുടെ ശരിയായ പദവി ലോകത്തിന് പറഞ്ഞുകൊടുത്തുകൊണ്ടിരിക്കുന്നു. ഇതിനുകാരണം മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായ ഇക്കാലത്തെ ഇമാം, അല്ലാഹുവിനോളമെത്തണമെങ്കിൽ നബി(സ)തിരുമേനിയുടെ കോന്തല മുറുകെ പിടിക്കാൻ പറഞ്ഞതാണ്. അവിടന്നുതന്നെയാണ് ഇപ്പോൾ മോക്ഷത്തിന്റെ വഴി. മോക്ഷത്തിന് ഇപ്പോൾ മറ്റൊരു മാർഗവുമില്ല. അവിടന്ന് ഒരിക്കലും തന്നെ വലിയവനായി സ്ഥാപിച്ചില്ല. എപ്പോഴും നബി(സ)തിരുമേനിയുടെ മാഹാത്മ്യമാണ് വിവരിച്ചത്. നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് വിശ്വസിക്കുന്നില്ല എന്ന ആക്ഷേപത്തെ ഖണ്ഡിച്ചുകൊണ്ട് അവിടന്ന് പറയുന്നു:'ഞാനും എന്റെ ജമാഅത്തും നബി(സ)തിരുമേനിയെ ഖാത്തമുന്നബിയ്യീൻ എന്ന് വിശ്വസിക്കുന്നില്ലെന്ന് ആക്ഷേപം ഉന്നയിക്കുന്നു. ഇത് ഞങ്ങളുടെമേൽ ഉന്നയിക്കപ്പെടുന്ന കഠിനമായ അപരാധമാണ്. ഞങ്ങൾ ഏതൊരു ശക്തിയോടും ദൃഢജ്ഞാനത്തോടും ഉൾക്കാഴ്ചയോടുംകൂടിയാണോ നബി(സ)തിരുമേനിയെ ഖാത്തമുൽ അമ്പിയാഅ് ആയി അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നത് അതിന്റെ ലക്ഷത്തിലൊന്നു പോലും മറ്റുള്ളവർ വിശ്വസിക്കുന്നില്ല. ഖാത്തമുൽ അമ്പിയായിലെ ഖത്തമുന്നുബുവ്വത്തിലുള്ള ഈ യാഥാർഥ്യവും രഹസ്യവും മനസ്സിലാക്കുന്നവരല്ല ഇക്കൂട്ടർ. അവർ വെറും പിതാക്കളിൽനിന്നും പ്രപിതാക്കളിൽനിന്നും ഒരു വാക്കുകേട്ടു. എന്നാൽ, അതിന്റെ യാഥാർഥ്യത്തിൽ അജ്ഞരാണ്. എന്താണ് ഖത്തമുന്നുബുവ്വത്തെന്നോ അദ്ദേഹത്തിൽ വിശ്വസിക്കുന്നതിന്റെ പൊരുളെന്താണെന്നോ അറിയുകയേ ഇല്ല. എന്നാൽ, നാം പൂർണമായ ഉൾക്കാഴ്ചയോടുകൂടി -അത് അല്ലാഹു നല്ലവണ്ണം അറിയുന്നു-നബി(സ)തിരുമേനിയെ ഖാത്തമുൽ അമ്പിയാ എന്ന് ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു എന്നിൽ ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യം എങ്ങനെ തുറന്നിരിക്കുന്നുവെന്നാൽ നമുക്ക് കുടിപ്പിക്കപ്പെട്ട ആ ജ്ഞാനത്തിന്റെ ശർബത്തുകൊണ്ട് ഒരു പ്രത്യേക നിർവൃതി ആസ്വദിക്കുന്നു. ഈ ഉറവിൽനിന്ന് വയറുനിറയെ പാനം ചെയ്തിട്ടുള്ളവർക്കല്ലാതെ അതിനെ അളക്കാൻ ആർക്കും സാധ്യമല്ല.

അതിനാൽ ഞങ്ങളെ ഖത്തമുന്നുബുവ്വത്തിന്റെ നിഷേധികളെന്ന് കരുതുന്നവർ സ്വയം അന്ധരാണ്. അവരുടെ മനസ്സ് പൊള്ളയാണ്. മുദ്രാവാക്യങ്ങൾക്കും ഫിത്ന-ഫസാദുകൾക്കും തച്ചുതകർക്കുന്നതിനും പുറമെ എന്താണ് അവരുടെ കൈയിലുള്ളത്? അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്ന ഇസ്‌ലാമിന്റെ സന്ദേശം, ഹദ്റത്ത് ഖാത്തമുൽ അമ്പിയാ മുഹമ്മദുറസൂലുല്ലാഹ്(സ)തന്റെ ഉമ്മത്തിനുവേണ്ടി ചെയ്ത ദുആകളിൽ മസീഹു മൗഊദിന്റെ ജമാഅത്ത് ഭാഗഭാക്കായിക്കൊണ്ടിരിക്കുന്നുവെന്നതിന് മതിയായ തെളിവല്ലേ?

വീണ്ടും ഖത്തമുന്നുബുവ്വത്തിന്റെ യാഥാർഥ്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'ഖാത്തമുൽമുഅ്മിനീനും ഖാത്തമുന്നബിയ്യീനും ഖാത്തമുൽ ആരിഫീനുമായ നബി(സ)തിരുമേനിയെ അല്ലാഹു നമുക്കു നല്കി. അതുപോലെ ജാമിഉൽ കുതുബും ഖാത്തമുൽ കുതുബും ആ മഹാത്മാവിൽ ഇറക്കുകയും ചെയ്തു. നബി(സ)തിരുമേനി ഖാത്തമുന്നബിയ്യീനാണ്. ആ മഹാത്മവിനുമേൽ നുബുവ്വത്ത് അവസാനിച്ചു. ഈ നുബുവ്വത്ത് അവസാനിച്ചത് കഴുത്ത് ഞെരിച്ച് അവസാനിപ്പിക്കുന്നതുപോലെ ആയിരുന്നില്ല. അത്തരത്തിലുള്ള 'അവസാനം' അഭിമാനാർഹമാകുകയില്ല. മറിച്ച് നബി(സ)തിരുമേനിയുടെമേൽ നുബുവ്വത്ത് അവസാനിച്ചു എന്നതുകൊണ്ടുള്ള ഉദ്ദേശ്യം സ്വാഭാവികമായ നിലയിൽ നബി(സ)തിരുമേനിയുടെമേൽ നുബുവ്വത്തിന്റെ ശ്രേഷ്ഠതകളെല്ലാം അവസാനിച്ചുവെന്നാണ്. അതായത് ആദം മുതൽ മർയമിന്റെ മകൻ മസീഹു വരെയുള്ള നബിമാർക്ക് നല്കപ്പെട്ട വിവിധ തരത്തിലുള്ള എല്ലാ ശ്രേഷ്ഠതകളും നബി(സ)തിരുമേനയിൽ നിക്ഷേപിക്കപ്പെട്ടു. ഇതിൽ സ്വാഭാവികമായും അവിടന്ന് ഖാത്തമുന്നബിയ്യീനായി. ഇപ്രകാരംതന്നെ വിവിധ ഗ്രന്ഥങ്ങളിലൂടെ നടന്നുവരുന്ന വസ്വിയ്യത്തുകളുടെ എല്ലാ അധ്യാപനങ്ങളും ദൈവജ്ഞാനങ്ങളും വിശുദ്ധ ഖുർആനിൽ അവസാനിച്ചു. അങ്ങനെ വിശുദ്ധ ഖുർആൻ ഖാത്തമുൽ കുതുബായി.

അതിനാൽ ശത്രു നമ്മെ എന്തുവേണമെങ്കിലും പറഞ്ഞുകൊണ്ടിരുന്നുകൊള്ളട്ടെ. നമ്മളുടെമേൽ എന്തു ആക്ഷേപങ്ങൾ വേണമെങ്കിലും ഉന്നയിച്ചുകൊണ്ടിരുന്നുകൊള്ളട്ടെ. നമ്മുടെ മനസ്സുകളിൽ നബി(സ)തിരുമേനിയോടു സ്നേഹമാണുള്ളത്. എല്ലാവരെക്കാളുമുപരി നമുക്ക് ഖാത്തമുന്നബിയ്യീനെ കുറിച്ചുള്ള ഗ്രാഹ്യമുണ്ട്. ഇതെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)നമുക്കു നല്കിയതാണ്. ശത്രുക്കളുടെ ഓരോ ആക്രമണത്തിനും ഓരോ അക്രമത്തിനും ശേഷം മുമ്പത്തെക്കാളുപരി നമ്മുടെ ഈമാനിൽ ദൃഢചിത്തരായിക്കൊണ്ട് മുന്നോട്ടു പോകാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. നബി(സ)തിരുമേനിയുടെമേൽ മുമ്പത്തെക്കാളേറെ സ്വലാത്തു ചൊല്ലുന്നവരാകട്ടെ. മുസ്‌ലീംകൾക്കും ആ മഹാത്മാവിന്റെ ഈ സ്ഥാനം ശരിയായി ഗ്രഹിക്കുവാനും വഴിതെറ്റിക്കിടക്കുന്ന മുസ്‌ലീംകളെ ശരിയായ വഴിയിൽ കൊണ്ടുവരാനും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം പ്രചരിപ്പിക്കാനും അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

**വിവ: മുഹമ്മദ് ഇസ്മായീൽ, ആലപ്പുഴ**

# ഖുർആൻ ഹൃദയത്തിന് ഔഷധം

ഹൃദയത്തിന്റെ ആത്മീയവും ധാർമികവുമായ രോഗങ്ങൾക്ക് ഖുർആൻ ദിവ്യൗഷധമാണ്. രോഗശമനം വരുത്തി ആരോഗ്യത്തിലേക്കും പുരോഗതിയിലേക്കും അത് മനുഷ്യനെ നയിക്കുന്നു.

ഖലീഫത്തുൽ മസീഹ് III ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്)

***ജനങ്ങളേ, തീർച്ചയായും നിങ്ങളുടെ നാഥങ്കൽ നിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയത്തിനുള്ള ശമനൗഷധവും നിങ്ങൾക്ക് വന്നുകിട്ടിയിരിക്കുന്നു. വിശ്വാസികൾക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു*** (അത്) (10:58)

ഖുർആൻ മനുഷ്യന് വിലമതിക്കാനാവാത്ത ഒരമൂല്യനിധിയാണ്. നമുക്ക് വായിച്ചുനോക്കി അർഥം ഗ്രഹിക്കുമാറ് പ്രപഞ്ചസ്രഷ്ടാവും കരുണാവാരിധിയുമായ ദൈവം നമുക്ക് ആവശ്യമായ ഗ്രന്ഥം രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നതിന് നമ്മുടെ നാഥനെ എത്ര നാം സ്തുതിക്കണം. ആത്മീയമായും ഭൗതികമായും ബുദ്ധിപരമായും നമ്മെ അങ്ങേയറ്റം ഉന്നതിയിലെത്തിക്കാനും നമ്മുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുമുള്ള വഴികൾ ഖുർആനിലുണ്ട്.

മേൽവചനം റസൂൽ തിരുമേനി(സ)ന്റെ ജീവിതവിജയങ്ങളുടെ രഹസ്യങ്ങളിലേക്ക് വെളിച്ചം വീശുന്നു. ആ വിജയം സാധ്യമായത് സൈന്യമോ, സമ്പത്തോ, വമ്പിച്ച അനുയായികളോ മുഖേനയായിരുന്നില്ല. എന്നാൽ ഖുർആൻ എന്ന അതുല്യവും അത്ഭുതകരവുമായ ഒരേയൊരു ഗ്രന്ഥം മുഖേനയാണ്. ഒരു മനുഷ്യന് അതിന്റെ സാരഗർഭമായ ഉപദേശങ്ങൾക്കും അധ്യാപനങ്ങൾക്കും മുമ്പിൽ എതിർത്തു നിൽക്കാൻ സാധ്യമല്ല. അധികം കഴിയാതെ തന്നെ ഖുർആന്റെ അനുവാചകർ ഖുർആനിൽ നിന്ന് മാർഗദർശനത്തിനായി തിരയുന്നു. കാരണം, ഖുർആൻ സ്വയം വിശേഷിപ്പിക്കുന്നത് പോലെ *'നിങ്ങളുടെ നാഥനിൽ നിന്നുള്ള ഒരു തത്ത്വോപദേശവും ഹൃദയത്തിനു ശമനൗഷധവുമാണ്. സന്മാർഗദർശകവും കാരുണ്യവുമാണ്.'* അതായത്, മനുഷ്യഹൃദയത്തെ സ്വാധീനിക്കുന്ന സൂക്ഷ്മഘടകങ്ങളെല്ലാം വിശുദ്ധ ഖുർആന്റെ ഓരോവചനത്തിലും കൃത്യമായ അളവിൽ അല്ലാഹു സന്നിവേശിപ്പിച്ചിരിക്കുന്നു. ഖുർആനെ **'മൗഇളത്'** (തത്ത്വോപദേശം) എന്നാണ് ഈ വചനത്തിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ഖുർആൻ, മനുഷ്യന് കലവറയില്ലാതെ സദുപദേശം നൽകുന്നു. റസൂൽ തിരുമേനി(സ) യാതൊരുവിധ സ്വകാര്യനേട്ടവും ആഗ്രഹിക്കാതെ പരജനകാംക്ഷ മാത്രം ലക്ഷ്യമാക്കിക്കൊണ്ടാണ് ഉപദേശങ്ങൾ നൽകിയത്. ജനങ്ങളുടെ നന്മ മാത്രമായിരുന്നു ആ ധന്യാത്മാവിന്റെ ലക്ഷ്യം. അത് കൊണ്ട് ജനങ്ങൾ റസൂൽ തിരുമേനി (സ)യിൽ ആകൃഷ്ടരാകാതെയിരുന്നില്ല. ഖുർആനിക വചനം മനുഷ്യഹൃദയത്തെ അഗാധമായി സ്വാധീനിക്കാനുള്ള മറ്റൊരു കാരണം, അത് സ്നേഹത്തിനും ദൈവഭയത്തിനും അനിതരസാധാരണമായ പ്രാധാന്യം നൽകുന്നു എന്നതാണ്. ഒരു കഠിനഹൃദയന് പോലും ഖുർആന്റെ ഈ സ്വാധീനത്തെ അതിവർത്തിക്കാൻ സാധ്യമല്ല. മനുഷ്യന്റെ ഹൃദയസംസ്കരണത്തിന് പ്രേരിപ്പിക്കുന്നവിധത്തിൽ അതിമനോഹരവും ഹൃദയാവർജകവുമായ രീതിയിലാണ് ഖുർആൻ കാര്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നത്.

'ശിഫാഅ്' (ശമനൗഷധം) എന്ന പദമാണ് ഖുർആൻ വചനങ്ങളെ വിശേഷിപ്പിക്കാൻ ഇവിടെ ഉപയോഗിച്ചത്. എല്ലാവിധത്തിലുള്ള ആത്മീയവും മാനസികവുമായ വ്യാധികൾക്കും ഒരു ദിവ്യൗഷധമായി ഖുർആനിക വചനങ്ങൾ ഉപയോഗിക്കാമെന്നാണ് ഇതിനർഥം. മനുഷ്യൻ എത്ര വലിയ നിരാശയിൽ പതിച്ചാലും സത്യത്തിനോട് അഭിമുഖമായിക്കൊണ്ട് വീണ്ടും ഉയരാനുള്ള പ്രവണത അവൻ കാണിക്കുന്നു. ജീവിതത്തിന്റെ പൊരുൾ

എന്തെന്നറിയാൻ അവൻ ആഗ്രഹിക്കുന്നു. ഹതാശയരായി നിരാശയിൽപ്പെട്ട ആളുകളുടെ ഹൃദയങ്ങൾക്ക് ഖുർആൻ നൽകുന്ന ശാന്തിയും ശമനവും അളവറ്റതാണ്. അവരെ ഖുർആൻ സംശയങ്ങളിൽ നിന്നും അവ്യക്തതകളിൽ നിന്നും രക്ഷിച്ച് വ്യക്തമായ മാർഗവും ധൈര്യവും ആശ്വാസവും പകർന്നു നൽകുന്നു.

ആത്മീയ ഉന്നതി പ്രാപിച്ച മഹാത്മാക്കളുടെ ജീവിതത്തെപ്പറ്റി വായിക്കുമ്പോഴും അറിയുമ്പോഴും മനുഷ്യഹൃദയം വലിയതോതിൽ ചലനം കൊള്ളാറുണ്ട്. വിശ്വാസകാര്യങ്ങൾ ദൈനംദിന ജീവിത യാഥാർഥ്യങ്ങളായി മാറ്റുരച്ചുകൊണ്ട് വലിയ വലിയ കഷ്ടപാടുകൾക്കും ദുരിതങ്ങൾക്കും പരീക്ഷണങ്ങൾക്കും നടുവിൽ എല്ലാം സഹിച്ച്, മഹാത്മാക്കൾ കാട്ടിയ ജീവിതമാതൃക നമ്മിലും അങ്ങനെയനുകരിക്കാനുള്ള പ്രതിജ്ഞയും ആഗ്രഹവും ഹൃദയത്തിൽ അങ്കുരിപ്പിക്കുന്നു. അങ്ങനെ ദൈവത്തെ പ്രാപിക്കാനുള്ള ഒരു വഴി നമുക്ക് തുറന്നു കിട്ടുന്നു. അപ്രകാരം ഖുർആൻ വിവരിക്കുന്ന പ്രവാചകകഥകൾ നമ്മെയും പരിശുദ്ധജീവിതം നയിക്കാൻ പ്രേരിപ്പിക്കുന്നു.

ഖുർആൻ മാർഗദർശകവും കാരുണ്യവുമാണ് എന്ന ഈ വചനത്തിലെ സന്ദേശം, ആത്മീയ പുരോഗതി മാത്രമല്ല ഈ ലോകത്തും വിജയം പ്രാപിക്കാൻ ഖുർആന്റെ ഉപദേശങ്ങൾ പര്യാപ്തമാണെന്നാണ് അർഥമാക്കുന്നത്. ചിലയാളുകൾ ആത്മീയജ്ഞാനത്തെ സംബന്ധിച്ച് താല്പര്യമില്ലാത്തവരും അതിന്റെ അഗാധതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ കൂട്ടാക്കാത്തവരുമാണ്. മതനിയമങ്ങളുടെ തത്ത്വശാസ്ത്രം അവർ മനസ്സിലാക്കുന്നില്ല. ഭൗതിക പുരോഗതിയും അതിന്റെ സാമഗ്രികളുമാണ് അവരെ ആകർഷിക്കുക. അത്തരം ആളുകളെ തൃപ്തിപ്പെടുത്താൻ ഭൗതിക ലോകത്തെ ചില അത്ഭുതങ്ങൾ ദൈവം വിശുദ്ധ ഖുർആനിലൂടെ കാണിച്ചുകൊടുക്കുന്നു.

ഈ ആയത്തിൽ ഖുർആൻ ഹൃദയരോഗങ്ങൾക്ക് ശമനകാരിയാണെന്ന പരാമർശത്തെപ്പറ്റി ചിലർക്ക് സംശയമുണ്ടാകാം. മസ്തിഷ്ക്കമാണല്ലോ മനുഷ്യചിന്തയുടെ അധിഷ്ഠാനം. അപ്പോൾ മസ്തിഷ്കത്തെപറ്റി എന്തുകൊണ്ട് ഇവിടെ പറഞ്ഞില്ല എന്നാണ് അവരുടെ സംശയം. ഇവിടെ ഒരു കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ആത്മീയ കാര്യങ്ങൾ ഹൃദയവുമായി ബന്ധപ്പെട്ടതാണ്. അതിന്റെ സൂക്ഷ്മമായ വശങ്ങളും ചലനങ്ങളും ഹൃദയമാണ് സംവേദിച്ചറിയുന്നത്. ആത്മീയാനുഭവമുള്ള മഹാത്മാക്കളെല്ലാം അവരുടെ ആത്മീയാനുഭവങ്ങൾ ഹൃദയവുമായി ബന്ധപ്പെട്ടതാണെന്ന് സാക്ഷ്യം നൽകുന്നു. മനുഷ്യഹൃദയവും ആത്മാവും തമ്മിലുള്ള ബന്ധം ഒരുപക്ഷേ മെഡിക്കൽ സയൻസിന് മനസ്സിലാക്കാൻ സാധ്യമല്ലെന്ന് വരും. പക്ഷേ, ഇത്തരം ജ്ഞാനികളുടെ അഭിപ്രായമാണ് ഇക്കാര്യത്തിൽ ഏറ്റവും സ്വീകാര്യം. രക്തത്തിൽ വരുന്ന മാറ്റങ്ങൾ മനുഷ്യന്റെ ചിന്തകളെ സ്വാധീനിക്കുന്നുവെന്ന വസ്തുതയും നാം പരിഗണിക്കേണ്ടതുണ്ട്. മസ്തിഷ്ക്കത്തിൽ ചിന്തയുടെ പ്രക്രിയകൾ നടക്കണമെങ്കിൽ ഹൃദയം രക്തം പമ്പ് ചെയ്ത് മസ്തിഷ്ക്കത്തിലെത്തിക്കേണ്ടതുണ്ട്. നല്ല ആരോഗ്യമുള്ള ഹൃദയങ്ങളിൽനിന്ന് നല്ല രക്തം പമ്പ് ചെയ്യുമ്പോൾ മാത്രമേ മസ്തിഷ്ക്കം നല്ല ചിന്തകൾ ഉല്പാദിപ്പിക്കുകയുള്ളൂ. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ഹൃദയത്തിന് ശമനം നൽകുന്ന ഖുർആൻ മനുഷ്യന്റെ ചിന്തയെ വിമലീക രിക്കുകയും നിർമലമാക്കുകയും ചെയ്യുന്നു. അങ്ങനെ മനുഷ്യസമൂഹത്തിൽ സ്നേഹവും ശാന്തിയും വിളയിക്കാൻ ഖുർആനിന്റെ അനുയായികൾക്കും അനുവാചകർക്കും സാധ്യമാവുന്നു.

***(ഖുർആൻ തഫ്സീർ - ഖലീഫത്തുൽ മസീഹ് III ഹദ്റത്ത് മിർസാ നാസിർ അഹ്മദ് (റഹ്))***

ആത്മീയ ഉന്നതി പ്രാപിച്ച മഹാത്മാക്കളുടെ ജീവിതത്തെപ്പറ്റി വായിക്കുമ്പോഴും അറിയുമ്പോഴും മനുഷ്യഹൃദയം വലിയതോതിൽ ചലനം കൊള്ളാറുണ്ട്. വിശ്വാസകാര്യങ്ങൾ ദൈനംദിന ജീവിത യാഥാർഥ്യങ്ങളായി മാറ്റുരച്ചുകൊണ്ട് വലിയ വലിയ കഷ്ടപാടുകൾക്കും ദുരിതങ്ങൾക്കും പരീക്ഷണങ്ങൾക്കും നടുവിൽ എല്ലാം സഹിച്ച്, മഹാത്മാക്കൾ കാട്ടിയ ജീവിതമാതൃക നമ്മിലും അങ്ങനെയനുകരിക്കാനുള്ള പ്രതിജ്ഞയും ആഗ്രഹവും ഹൃദയത്തിൽ അങ്കുരിപ്പിക്കുന്നു. അങ്ങനെ ദൈവത്തെ പ്രാപിക്കാനുള്ള ഒരു വഴി നമുക്ക് തുറന്നു കിട്ടുന്നു. അപ്രകാരം ഖുർആൻ വിവരിക്കുന്ന പ്രവാചകകഥകൾ നമ്മെയും പരിശുദ്ധജീവിതം നയിക്കാൻ പ്രേരിപ്പിക്കുന്നു.

www.alislam.org

# അല്ലാഹു പറഞ്ഞ ഖാറൂന്റെ കഥ

പലപ്പോഴും സമ്പന്നതയോടൊപ്പം ഉണ്ടാകുന്ന കുറ്റമാണ് അഹങ്കാരം. നാശവും അധപതനവുമാണ് അതിന്റെ അനിവാര്യവും സ്വാഭാവികവുമായ ഫലം. ക്ഷണികമായ ഈ ലോകത്തിന്റെ അലങ്കാരങ്ങളിൽ സ്വയം വിസ്മൃതരായി പോകരുതെന്ന് ഖാറൂന്റെ കഥ ഉദ്ധരിച്ച് അല്ലാഹു മനുഷ്യനെ ഉണർത്തുന്നു.

ഖാറൂൻ മൂസായുടെ ജനതയിൽപ്പെട്ടവനായിരുന്നു. പക്ഷേ അവൻ അവരുടെ മേൽ അതിക്രമം പ്രവർത്തിച്ചു . നാം അവന് ധാരാളം ധനനിക്ഷേപങ്ങൾ നൽകിയിരുന്നു. അതിന്റെ താക്കോലുകളുടെ ഭാരം ശക്തരായ ഒരു സംഘം ആളുകളെ ഞെരുക്കുമായിരുന്നു. അവന്റെ ജനം അവനോട് പറഞ്ഞ അവസരം (ഓർക്കുക) നീ പൊങ്ങച്ചം കാണിക്കരുത്. തീർച്ചയായും പൊങ്ങച്ചം കാണിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അല്ലാഹു നിനക്ക് നൽകിയ (അനുഗ്രഹത്തിലൂടെ പാരത്രിക ഭവനം നീ അന്വേഷിക്കുക. ഐഹിക ജീവിതത്തിൽ നിന്നുള്ള നിന്റെ അംശം നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് ഔദാര്യം നൽകിയിട്ടുള്ളത് പോലെ നീ മനുഷ്യർക്ക് ഔദാര്യം ചെയ്യുക. നാട്ടിൽ കുഴപ്പം ഉണ്ടാക്കാൻ നീ ശ്രമിക്കരുത്. തീർച്ചയായും കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുന്ന വരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല. അവൻ (ഖാറൂൻ പറഞ്ഞു എന്റെ പക്കലുള്ള വിദ്യകൊണ്ട് മാത്രമാണ് എനിക്കിത് (ഈ സൗഭാഗ്യങ്ങൾ) നൽകപ്പെട്ടിട്ടുള്ളത്. അവന് മുമ്പേ അവനേക്കാൾ കൂടുതൽ ശക്തരും കൂടുതൽ ആയുധമുള്ളവരുമായ തലമുറകളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ടെന്ന സംഗതി അവൻ അറിഞ്ഞിട്ടില്ലേ? കുറ്റവാളികളോട് അവരുടെ പാപങ്ങളെ കുറിച്ച് ചോദിക്കപ്പെടുകയില്ല. (അവർക്ക് ലഭിക്കുന്ന ശിക്ഷ സ്വാഭാവികമാണ്.) അങ്ങനെ (ഒരു ദിവസം) ആർഭാടത്തോടു കൂടി തന്റെ ജനത്തിന് മുമ്പാകെ അവൻ പുറപ്പെട്ടു. (അപ്പോൾ) ഐഹിക ജീവിതത്തെ ആഗ്രഹിക്കുന്നവർ പറഞ്ഞു: ഖാറൂന് ലഭിച്ചത് പോലെ ഉള്ളത് ഞങ്ങൾക്കും ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായേനെ അവൻ വലിയ ഭാഗ്യവാൻ തന്നെ. ജ്ഞാനം നൽകപ്പെട്ടവർ പറഞ്ഞു: നിങ്ങളുടെ കാര്യം പരിതാപകരം തന്നെ. വിശ്വസിക്കുകയും സൽക്കർമങ്ങൾ നൽകപ്പെടുകയും ചെയ്തവർക്ക് അല്ലാഹുവിന്റെ പ്രതിഫലം ഏറ്റവും ഉത്തമമാകുന്നു. സഹനശീലർക്കല്ലാതെ അത് നൽകപ്പെടുന്നില്ല. എന്നിട്ട് നാം അവനേയും അവന്റെ വസതിയേയും ഭൂമിയിൽ ആഴ്ത്തിക്കളഞ്ഞു. അപ്പോൾ അല്ലാഹുവിന് പുറമേ അവനെ സഹായിക്കുന്ന ഒരു സംഘവുമുണ്ടായില്ല. അവൻ സ്വയം രക്ഷപ്രാപിച്ചവരിൽ പെട്ടവനായതുമില്ല.

തലേ ദിവസം (വരെ) അവന്റെ സ്ഥാനം പ്രാപിക്കാൻ ആഗ്രഹിച്ചിരുന്നവർ (അടുത്ത) പ്രഭാതത്തിൽ പറയുകയായി. നിനക്ക് നാശം! തന്റെ ദാസന്മാരിൽ അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് അവൻ ജീവിത വിഭവം സമൃദ്ധമായി നൽകുന്നു. (അവൻ ഉദ്ദേശിക്കുന്നവർക്ക് അത്) ചുരുക്കുകയും ചെയ്യുന്നു. അല്ലാഹു നമ്മളോട് ഔദാര്യം കാണിച്ചിച്ചിരുന്നില്ലെങ്കിൽ നമ്മളേയും അവൻ ഭൂമിയിൽ ആഴ്ത്തിക്കളയുമായിരുന്നു. നിങ്ങൾക്ക് നാശം. സത്യനിഷേധികൾ ഒരിക്കലും വിജയിക്കുകയില്ല. ആ പാരത്രിക ഭവനമാകട്ടെ ഭൂമിയിൽ ഔദ്ധത്യം നടിക്കാനോ കുഴപ്പമുണ്ടാക്കാനോ ഉദ്ദേശിക്കാത്തവർക്ക് നാം അത് നൽകുന്നതാണ്. ശുഭപര്യവസാനം ദോഷ ബാധയെ സൂക്ഷിക്കുന്നവർക്കാണ്.

(സൂറ: ഖസസ് 77–84)

# മുസ്‌ലിം ലോകം:
## അനാവശ്യ വിവാദങ്ങളുടെ അന്ധകാരത്തിൽ

**ഇസ്‌ലാമിലെ വിജ്ഞാന സൂര്യൻ ഉദിച്ചു നിന്ന സ്പെയിനിലെ സുവർണയുഗത്തിന് ശേഷം മുസ്‌ലിം ലോകം ശുഷ്‌ക്കവും നിർഥകവുമായ കർമശാസ്ത്ര വിവാദങ്ങളുടെ പിടിയിലമർന്നു. ധൈഷണിക ഗരിമ നശിച്ച മുസ്‌ലിം പൊതു സമുഹത്തിന്റെ ആ മരവിപ്പ് ഇപ്പോഴും തുടരുന്നു.**

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

മുസ്‌ലിം സ്പെയിനിന്റെ അനന്തര കാലഘട്ടത്തിലേക്ക് നമ്മുടെ ദൃഷ്ടി തിരിച്ചാൽ ഇസ്‌ലാമിക ലോകം മുഴുക്കെ ദുരിതം നിറഞ്ഞു നിൽക്കുന്ന നിരാശാജനകമായ കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുക. സ്പെയിനിനെ കൂടാതെ മുസ്‌ലിം രാജ്യങ്ങളിലെല്ലാം തന്നെ അക്കാലം മുതൽ ഭൗതിക ശാസ്ത്രത്തോടും ഗവേഷണ പഠനത്തോടുമുള്ള താൽപര്യം വിനഷ്ടമായി. ഒരു കാലത്ത് അവർ തുടക്കം കുറിക്കുകയും ഉന്നതമായ രീതിയിൽ മികവുറ്റതാക്കിതീർക്കുകയും ചെയ്തതായിരുന്നു ഇതെല്ലാം.

നിർഭാഗ്യകരമെന്ന് പറയട്ടെ ഈ പ്രവണത ശാസ്ത്ര രംഗത്ത് മാത്രമല്ല മതരംഗത്തും പ്രതിലോമകരമായ ഫലങ്ങളാണ് ഉളവാക്കിയതെന്ന് തെളിയിക്കപ്പെടുകയുണ്ടായി. മുസ്‌ലിം ഉമ്മത്ത് (മുസ്‌ലിം ജനത) കൂടുതൽ കൂടുതൽ പിളരുകയും കക്ഷികളായി തീരുകയും ചെയ്തു. സംഹാരാത്മകമായ ഈ ആത്മഹത്യാ പ്രവണതയിൽ പാവനമായ ദൈവത്തിന്റെ ഏകത്വ തത്ത്വമാണ് ബലിയാടായത്. ദൈവ സങ്കൽപത്തിൽ വിള്ളലുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങി. അത് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കപ്പെടുകയും ഏകദൈവത്തിനു പകരം പല ദൈവങ്ങളെ കുറിച്ചെന്നപോലെ അവർ സംസാരിച്ചു തുടങ്ങുകയും ചെയ്തു. എന്തായാലും അവരുടെ വിജ്ഞാന ദാഹം ശമിച്ചില്ല. അവരുടെ മുൻഗണനാ ക്രമം മാത്രം മാറുകയാണുണ്ടായത്.

പണ്ടത്തെപോലെ അനുവദനീയമായതിന്റെയും നിഷിദ്ധമായതിന്റെയും ചർച്ച തീക്ഷ്ണമായി തുടർന്നു. എന്നാൽ, ചർച്ചയുടെ വിഷയം മാറിയിട്ടുണ്ട് എന്നേയുള്ളൂ. നൂറ്റാണ്ടുകളായി അവരിൽ ആശയക്കുഴപ്പമുണ്ടാക്കിയ അതേ പ്രശ്നത്തിൽ തന്നെ അവർ മുഴുകിയിരിക്കയായിരുന്നു. മൗലികമായി മതാചാരങ്ങളുടെ ഗൗരവതരമായ വിഷയങ്ങൾക്ക് പകരം അവരുടെ കർമശാസ്ത്രം, കാക്കയിറച്ചി തിന്നാമോ എന്നത് പോലെയുള്ള നിസ്സാര വിഷയങ്ങളിൽ ഒതുങ്ങി. കാക്കയിറച്ചി തിന്നാൻ പാടുണ്ടോ പാടില്ലേ എന്ന വിഷയത്തിൽ വിരുദ്ധ വീക്ഷണങ്ങളുള്ള രണ്ടു വിഭാഗങ്ങൾ തമ്മിൽ വമ്പിച്ച കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഈ തർക്കങ്ങൾ കൂടുതൽ സങ്കീർണവും വിവാദാത്മകവുമായി വളർന്നു. അവരുടെ സമാന്യ ബോധമില്ലായ്മയുടെ സ്മരണാഞ്ജലികൂടിയായിരുന്നു അത്. അവർ ചെയ്തു കൂട്ടിയതിനെ വിവേക രഹിതമായ പാണ്ഡിത്യ പ്രകടനം എന്ന് വിളിക്കാം.

സുപ്രധാന പ്രശ്നങ്ങൾ എന്ന് വിളിക്കപ്പെട്ടിരുന്ന മറ്റു ചില സമസ്യകളും അവരുടെ മനസ്സിനെ മദിച്ചു കൊണ്ടിരുന്നു. ഭ്രാന്തിനോളം വരുന്ന അവസ്ഥയിൽ അത് അവരുടെ രക്തത്തെ തിളച്ചു മറിച്ചു കൊണ്ടിരുന്നു. അതിലൊന്ന് ഒരു നായ കിണറ്റിൽ വീണാലുണ്ടാകുന്നത് സംബന്ധിച്ച അറുബോറൻ പ്രശ്നമാണ്. കിണറ്റിൽ നായ വീണാൽ എത്ര ബക്കറ്റ് വെള്ളം കോരി ഒഴിവാക്കിയാലാണ് കിണറ്റിൽ അവശേഷിക്കുന്ന വെള്ളത്തിന് നമസ്കാരത്തിന് അംഗശുദ്ധി വരുത്തുവാനുള്ള (വുളു) ശുദ്ധി ലഭിക്കുക എന്നതായിരുന്നു ആ പ്രശ്നം. അക്കാലത്തെ മഹാൻമാരായ പണ്ഡിതൻമാർ ഇടപെട്ട് ചർച്ച ചെയ്ത അതിപ്രധാനമായ വിഷയ

മായിരുന്നു ഇത്.ഒരു നായയുടെ പ്രശ്നം വിടാം. മതനിന്ദ ആരോപിക്കപ്പെട്ട ഒരു മുല്ല(മതപണ്ഡിതൻ) മറുവിഭാഗത്തിന്റെ കിണറ്റിൽ വീണു എന്നിരിക്കട്ടെ. പ്രശ്നം അതീവ ഗുരുതരമായ തലങ്ങളിലേക്കെത്തിച്ചേരുന്നു. എത്ര ബക്കറ്റ് വെള്ളം കിണറിൽ നിന്നും മുക്കി ഒഴിവാക്കണമെന്ന പ്രശ്നം അതീവ സങ്കീർണമായ ഒരു ഗണിതശാസ്ത്ര പ്രശ്നമായി മാറുന്നു! വളരെയധികം പണ്ഡിതൻമാർ അഭിപ്രായപ്പെട്ടത് തങ്ങളുടെ കിണറ്റിൽ വീണ എതിർപക്ഷത്തുള്ള മുല്ലയെ അടക്കം കിണറ് മണ്ണിട്ട് നികത്തണമെന്നാണ്. ആ മുല്ലയുടെ മരണക്കുഴിയും അത് തന്നെയായി തീരണമായിരുന്നു. അങ്ങനെയുള്ളതായിരുന്നു അക്കാലം! അവരുടെ ഭ്രാന്തമായ അസഹിഷ്ണുതയുടെ യാഥാർഥ്യത്തിന് മീതെ, കെട്ടിപ്പടുത്ത ഭാവനാ വിലാസങ്ങളായിരുന്നു അവയെല്ലാം.

ചിലപ്പോൾ അതിവിചിത്രമായ രീതിയിലാണ് അവർ പ്രത്യക്ഷപ്പെടുന്നത്. ചിലപ്പോൾ അക്കാലത്തെ നിയമശാസ്ത്രം മുഴുത്ത ഭ്രാന്തിലേക്ക് മാറിയിരിക്കണം. അത്തരത്തിലുള്ള അർഥശൂന്യമായ വാദപ്രതിവാദങ്ങൾ മുസ്ലിംകളുടെ പരിശുദ്ധ ആരാധനാ ക്രമമായ സ്വലാത്തിനെ (നിസ്കാരം) പരിഹാസ്യമാക്കിത്തീർത്തു. മുസ്ലിംകൾ അവരുടെ അടിസ്ഥാന വിശ്വാസപ്രമാണം (ശഹാദത്ത് കലിമ) നിസ്കാരത്തിന്റെ രണ്ടാമത്തെ റക്അത്തിൽ ഇരുന്നുകൊണ്ടാണ് ഉച്ചരിക്കാറ്. ഈ ഉച്ചാരണ വേളയിൽ ചിലർ തങ്ങളുടെ ചൂണ്ടാണി വിരൽ നീട്ടുന്നു. ചിലർ നീട്ടാറില്ല. എന്നാൽ, ഈയൊരു പ്രശ്നത്തിൽ അക്കാലത്തെ നിയമശാസ്ത്രജ്ഞൻമാർ രണ്ട് ചേരിയിലായി പിരിഞ്ഞു. തങ്ങളുടെ വികാരത്തെ വ്രണപ്പെടുത്തുന്ന രീതിയിൽ ആരെങ്കിലും പ്രവർത്തിച്ചാൽ അവരുടെ വിരലിനെ ശിക്ഷിക്കുമെന്ന് അവർ ഇരുകൂട്ടരും തീരുമാനിച്ചു. ചൂണ്ടാണി വിരൽ നീട്ടുകയോ അതല്ല നീട്ടാതിരിക്കുകയോ ചെയ് താൽ ആ നിർഭാഗ്യവാന്റെ വിരൽ ഛേദിക്കപ്പെടും. ഇത് അവരുടെ ഇരുകൂട്ടരുടെയും ഏകകണ്ഠമായ തീരുമാനമായിരുന്നു. അവർ മറ്റെല്ലാറ്റിലും വിയോജിച്ചിരുന്നു. പക്ഷേ, ഈയൊരു കാര്യത്തിൽ വിയോജിച്ചില്ല. ചൂണ്ടാണി വിരൽ നീട്ടുന്നതോ നീട്ടാത്തതോ ആയ പള്ളികളിൽ തെറ്റിക്കയറുക എന്നത് തീർച്ചയായും അപകടകരമായിരുന്നു. പള്ളിയിൽ കയറുന്നതിന് യാതൊരു പ്രശ്നവുമില്ലായിരുന്നു. തിരിച്ചു വരുമ്പോഴാണ് യഥാർഥ അപകടം അഭിമുഖീകരിക്കേണ്ടി വരിക. അല്ലാഹു നൽകിയ അഞ്ചു വിരലുകളിൽ ഒന്നിന്റെ കുറവോടെ നാല് വിരലുമായിട്ടായിരിക്കാം അയാൾ പള്ളിയിൽ നിന്നും തിരിച്ചു പോകുക.

മൂന്നാമത്തെ ചെറിയ പ്രശ്നം ഇമാം സൂറഃഫാതിഹാ ഓതിക്കഴിഞ്ഞശേഷം പറയുന്ന ആമീനുമായി ബന്ധപ്പെട്ടതായിരുന്നു. ചർച്ചയിലെ പ്രധാന വിഷയം ആമീൻ ഉറക്കെ ചൊല്ലണമോ പതുക്കെ ചൊല്ലണമോ എന്നതായിരുന്നു. പതുക്കെ ആമീൻ ചൊല്ലുന്നവരുടെ പള്ളിയിൽ വെച്ച് അറിയാതെ ഉച്ചത്തിൽ ആമീൻ ചൊല്ലിപോയാൽ അടിശിക്ഷ സർവസാധാരണമായിരുന്നു. ഉച്ചത്തിൽ ആമീൻ ചൊല്ലുന്നവരുടെ പള്ളിയിൽ പതുക്കെ ചൊല്ലുന്നവർപെട്ടുപോയാലും അതൊരു ചെറിയ കുറ്റമായിരുന്നില്ല.

അത്തരം സൈദ്ധാന്തിക വ്യത്യാസങ്ങൾ ഏറ്റവും അപകടകരമായ മാനങ്ങൾ ആർജിച്ചത് വിശുദ്ധ ഖുർആൻ സൃഷ്ടിയാണോ സൃഷ്ടിയല്ലയോ എന്നത് സംബന്ധിച്ച വിവാദത്തിലാണ്. ഈ വിരുദ്ധ വീക്ഷണങ്ങൾ പുലർത്തിയിരുന്നവർക്ക് തങ്ങളുമായി ഈ സുപ്രധാന വിഷയത്തിൽ വിയോജിക്കുന്ന മറുകക്ഷിക്ക് വധശിക്ഷയാണ് നൽകേണ്ടതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലായിരുന്നു. പക്ഷേ അതെല്ലാം നീതിനിർവഹിക്കുന്നയാളിൽ അവസരയുക്തം പോലെയായിരുന്നു. രാജാവ് അനന്തവാദികളുടെ (ഖുർആൻ സൃഷ്ടിക്കപ്പെട്ടതല്ല അത് അനന്തമാണ് എന്ന വാദം) പക്ഷത്തായിരുന്നുവെങ്കിൽ എതിർവാദം (ഖുർആൻ സൃഷ്ടിക്കപ്പെട്ടത്) കൈകൊണ്ട ആളുകൾ വധിക്കപ്പെട്ടിരുന്നുവെന്ന് മാത്രമല്ല, അവരുടെ വീട്ടിൽ വെച്ച് തന്നെ ചുട്ടെരിക്കപ്പെടുകയും ചെയ്തിരുന്നു. രാജാവ് മറുപക്ഷത്തുള്ളയാളാണെങ്കിൽ പീഡിപ്പിക്കപ്പെടുന്നവൻ പീഡകനുമാകുമായിരുന്നു. പലപ്പോഴും വളരെ മുമ്പ് മരിച്ച് മണ്ണടിഞ്ഞ ആളുകളെപോലും അവരുടെ കബറിടങ്ങളിൽ നിന്നും വീണ്ടും കുഴിച്ചെടുത്ത് ജീവിച്ചിരിക്കുന്നവർക്ക് പാഠമാവാൻ വേണ്ടി പൊതുസ്ഥലത്ത് കെട്ടി തൂക്കിയിരുന്നു. പക്ഷേ എന്ത് പാഠമായിരുന്നു ഒരാൾക്ക് ഇതിൽ നിന്ന് ലഭിച്ചത്? അങ്ങനെ ഇത്തരം നിസ്സാര കാര്യങ്ങളെ അങ്ങേയറ്റം ഗുരുതരമാക്കി അവർ ഭൂമിയിലെ ജീവിതം നരകമാക്കി മാറ്റി. മരണത്തിന് ശേഷം അവർ നരകത്തിൽ പതിക്കുമെന്നാണ് എതിരാളികളുടെ ഭീഷണി. മരണാനന്തരം ഏതായാലും നരകത്തിൽ പതിക്കുമെങ്കിൽ എതിരാളികൾ അയാളുടെ മരണം വരെ കാത്തിരിക്കാനൊന്നും കൂട്ടാക്കിയുമില്ല.

മദ്ധ്യകാലഘട്ടത്തിലെ നൂറ്റാണ്ടുകളോളം നീണ്ടു നിന്ന അന്ധകാരം അതിന്റെ കരിനിഴൽ ദൂരത്തിലും വിസ്തൃതിയിലും പരത്താൻ ആരംഭിച്ചു. ഇസ്ലാമിക ലോകം ഇരുളിൽ നിന്നും പ്രകാശത്തിലേക്ക് വന്നു. അറേബ്യൻ മരുഭൂമിയിൽ നിന്ന് ഇസ്ലാമിക സൂര്യൻ ഉദിച്ചുയർന്നു. ആ ഇസ്ലാമിക സൂര്യന് ഒരിക്കൽ കൂടി അജ്ഞാനത്തിന്റെ ഗ്രഹണം ബാധിച്ചു. മ്ലാനവും കൂരിരുൾ നിറഞ്ഞതുമായ രാത്രികളിൽ വീക്ഷണകോണുകൾ മാറി മാറി നോക്കുമ്പോൾ നിറഭേദങ്ങളോടെയും ചാഞ്ചല്യത്തോടെയും കാണുന്ന വിദൂര നക്ഷത്രങ്ങളെപ്പോലെ ഇസ്ലാമിന്റെ കാഴ്ച മങ്ങിമറയാൻ തുടങ്ങി. ഇസ്ലാമിന് അതിന്റെ ദ്യുതിവിലാ

ശേഷം പേജ് 23 ൽ

# ഖിലാഫത്തിന്റെ പ്രഭാവം

സത്യവിശ്വാസികളോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ് ഖിലാഫത്ത്. മുസ്‌ലിംകൾക്ക് സമാധാനപൂർണമായ സാമൂഹിക ജീവിതവും നിർഭയത്വവും വിശ്വാസ ദൃഢതയും വിജയവും പ്രദാനം ചെയ്യുന്ന ഈ ദിവ്യസ്ഥാപനം മുറിഞ്ഞുപോകാത്ത പാരമ്പര്യമാകുന്നു.

മഹ്മൂദ് കൽക്കുളം

ഖിലാഫത്തിനെകുറിച്ച് പ്രതിപാദിക്കുന്ന ഖുർആനിക വചനത്തിൽ അതിന്റെ എല്ലാ വശങ്ങളും വിവരിച്ചിട്ടുണ്ട്. ഖിലാഫത്തിന്റെ മഹത്വം, അതുമൂലമുണ്ടാകുന്ന അനുഗ്രഹങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം പ്രസ്തുത വചനത്തിലുൾകൊണ്ടിരിക്കുന്നു. സൂറഃ അന്നൂറിലെ ആ ഖുർ ആനിക വചനം ഇപ്രകാരമാണ്.

***"നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട് അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനേയും അവർ പങ്ക് ചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ" (24:56)***

ഈ ആയത്തിൽ നിന്ന് മനസ്സിലാകുന്ന ചില കാര്യങ്ങൾ:

**ഒന്ന്:** മുസ്‌ലിംകൾ സത്യവിശ്വാസവും സൽകർമവും നിലനിറുത്തുകയും മുറുകെപിടിക്കുകയും ചെയ്യുമ്പോൾ, അല്ലാഹുവിൽനിന്ന് അവർക്ക് പാരിതോഷികമെന്നോണം ലഭിക്കുന്ന മഹത്തായ അനുഗ്രഹമായിരിക്കും ഖിലാഫത്ത് വ്യവസ്ഥിതി.

**രണ്ട്:** ദീനിൽ സുസ്ഥിരതയും പുരോഗതിയും ലഭിക്കുന്നത് ഖിലാഫത്തിലൂടെയായിരിക്കും.

**മൂന്ന്:** പ്രശ്നസങ്കീർണമായ അവസ്ഥകൾ സംജാതമാകുമ്പോൾ ഖിലാഫത്തിലൂടെ നിവാരണവും സമാധാനവും ലഭിക്കുന്നു.

**നാല്:** ഖലീഫമാരും അവരുടെ കീഴിലുള്ള ജമാഅത്തും ശിർക്കില കപ്പെടാത്തവരും അല്ലാഹുവിനെ മാത്രം ആരാധിക്കുന്നവരുമായിരിക്കും.

മേൽപറഞ്ഞ നാല് കാര്യങ്ങളിൽ നിന്നു തന്നെ ഖിലാഫത്തിന്റെ മഹത്വവും പ്രാധാന്യവും സുവിദിതമാകുന്നുണ്ട്.

### ഖലീഫയുടെ സ്ഥാനം

പ്രവാചകന്മാരുടെ പ്രാതിനിധ്യം വഹിക്കുന്ന സ്ഥാനത്തിനാണ് സാങ്കേതിക ഭാഷയിൽ 'ഖലീഫ' എന്നു പറയുന്നത്. പ്രവാചകന്മാരുടെ ഗുണങ്ങൾ സമ്പൂർണമായും സ്വായത്തമാക്കുകയും അവരുടെ പ്രതിനിധിയായി നിലകൊള്ളുകയും ചെയ്യുന്നവരാണ് വാസ്തവത്തിൽ ഖലീഫമാർ. നബിമാരുടെ ദൗത്യ പൂർത്തീകരണം മാത്രമാണ് അവരുടെ പ്രാതിനിധ്യത്തിൽ വരുന്ന ഖലീഫമാരുടെയും കർത്തവ്യം. ദൈവത്തിന്റെ രണ്ടാമത്തെ ശക്തിപ്രതാപം 'ഖുദ്റത്തെ സാനിയ' എന്നാണ് വാഗ്ദത്ത മഹ്ദിമസീഹ് ഹദ്റത്ത് അഹ്മദ് (അ) ഖിലാഫത്തിനെ വിശേഷിപ്പിച്ചിരിക്കുന്നത്. ഒന്നാമത്തെ ദിവ്യ ശക്തി പ്രതിഭാസം പ്രവാചകത്വമാകുന്നു. (അൽവസിയ്യത്ത്) അതിനാൽ പ്രവാചകത്വത്തിന്റെ മാർഗത്തിൽ നിന്ന് ഖലീഫമാർ അണുമാത്രം വ്യതിചലിക്കുകയില്ല. സിറിയയിലെ രാജാവ് മുസ്‌ലിംകളെ നശിപ്പിക്കുന്നതിനുവേണ്ടി ഒരു

സൈന്യത്തെ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന വിവരം ലഭിച്ചപ്പോൾ അതിനെ നേരിടുന്നതിനുവേണ്ടി ഉസാമാ ബിൻ സൈദ് (റ) ന്റെ നീതൃത്വത്തിൽ ഒരു മുസ്‌ലിം സേനക്ക് നബി (സ) തിരുമേനി രൂപം നല്കി. എന്നാൽ അതിനിടയിലായിരുന്നു നബി (സ) തിരുമേനിയുടെ ദേഹവിയോഗം സംഭവിച്ചത്. സഹാബാക്കൾ എന്തു ചെയ്യണമെന്നറിയാതെ സ്തബ്ധരായി. അങ്ങേയറ്റത്തെ നൊമ്പരം അവരുടെ ഹൃദയങ്ങളെ ഉലച്ചുകളഞ്ഞു. ചപലഹൃദയരായ ചില ഹതഭാഗ്യർ മത നിരാസത്തിന്റെ മാർഗം വരെ സ്വീകരിച്ചു. ഇസ്‌ലാമിന്റെ ശത്രുക്കൾ തങ്ങളുടെ ശത്രുതാപരമായ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി. അപ്പോഴാണ് ഹദ്റത്ത് അബൂബക്കറിനെ (റ) എഴുന്നേല്പിച്ചുകൊണ്ട് അല്ലാഹു തന്റെ രണ്ടാമത്തെ ശക്തിപ്രതാപ വിലാസം വെളിപ്പെടുത്തിയത്. അങ്ങനെ സഹാബാക്കളുടെ ഭയപ്പാട് സമാധാനമായി പരിണമിക്കുകയായിരുന്നു. ആ ഘട്ടത്തിൽ ഉന്നതരായ സഹാബാക്കളിൽ പലരും ഖലീഫാ തിരുമനസ്സ് ഹദ്റത്ത് അബൂബക്കറിന്റെ സവിധത്തിൽ തങ്ങളുടെ അഭിപ്രായങ്ങൾ ഇപ്രകാരം അറിയിച്ചു. 'ഉസാമയുടെ കീഴിലുള്ള സൈന്യത്തെ ഇനി സിറിയയിലേക്ക് അയക്കരുത്. കാരണം പ്രവാചകന്റെ വേർപാട് സൃഷ്ടിച്ച ആഘാതത്തിൽ നിന്ന് മുസ്‌ലിംകൾ മോചിതരായിട്ടില്ല. ഈ തളർന്ന ഹൃദയങ്ങൾക്ക് ഒരു യുദ്ധത്തിനുള്ള മനഃസാന്നിദ്ധ്യം എങ്ങനെ ലഭിക്കാനാണ്? മാത്രമല്ല യുദ്ധനൈപുണ്യമുള്ള മുസ്‌ലിം യോദ്ധാക്കളെല്ലാം മദീനയിൽ നിന്ന് പുറത്തുപോവുകയാണെങ്കിൽ തക്കം പാർത്തിരിക്കുന്ന ശത്രുക്കൾ മദീനയെ ആക്രമിക്കുകയും ചെയ്യും. ''പ്രഥമാ ദൃഷ്ട്യാ ശരിയെന്ന് തോന്നുന്ന സഹാബിവര്യന്മാരുടെ ഈ അഭിപ്രായത്തോട് പക്ഷേ, ഖലീഫാ തിരുമനസ്സ്

## അടിമകളെ രാജാക്കന്മാരാക്കിയ മതം

മനുഷ്യരെല്ലാം ദൈവത്തിന്റെ സൃഷ്ടികളാണെന്ന സമത്വ സിദ്ധന്തം ഇസ്‌ലാമിനെപ്പോലെ പ്രയോഗവത്ക്കരിച്ച മറ്റൊരു ജീവിതസിദ്ധാന്തവും ലോകത്തിലില്ല. കുല മഹിമയിലും വംശീയ പെരുമയിലും ജാതിബോധത്തിലും ഊറ്റം കൊണ്ടിരുന്ന പുരാതന സമൂഹങ്ങളിലെ സാമൂഹിക ഘടനയിലും ബന്ധത്തിലും ഇസ്‌ലാം പുരോഗമനപരമായ മാറ്റങ്ങൾ വരുത്തി. പാരമ്പര്യ രാജഭരണം ദൈവദത്തമാണെന്ന് കരുതി സമൂഹ ശ്രേണിക്ക് മുകളിൽ കുലപാരമ്പര്യത്തിന്റെ മേന്മ കാത്തു സൂക്ഷിക്കുകയും കുടുംബവാഴ്ച്ചയിൽ ഭരണം നടത്തുകയുമായിരുന്നു പണ്ടുകാലത്തെ സമ്പ്രദായം

നബി (സ) തിരുമേനി ഒരിക്കൽ അരുളി: ***'ജനങ്ങളേ അറിയുക, നിങ്ങളുടെ രക്ഷിതാവൊന്ന്. അറബിക്ക് അനറബിയേക്കാളും അനറബിക്ക് അറബിയേക്കാളും യാതൊരു ശ്രേഷ്ഠതയുമില്ല. വെളുത്തവന്ന് കറുത്തവനേക്കാളുമില്ല. കറുത്തവന് വെളുത്തവനെക്കാളുമില്ല. തഖ്‌വ കൊണ്ടല്ലാതെ' (ബൈഹഖി)*** ഹദ്റത്ത് ഉമർ (റ) മരണാസന്നനായിരിക്കെ ഹദ്റത്ത് ഉസ്മാൻ (റ), ഹദ്റത്ത് അലി(റ), സഅദ്ബ്നു അബീവഖാസ്(റ) എന്നിവരെ അരികെ വിളിച്ച് പറഞ്ഞു: ***'എനിക്ക് ശേഷം താങ്കൾ ഖലീഫയാകുകയാണെങ്കിൽ സ്വന്തം ഗോത്രത്തിൽപ്പെട്ട ഒരാളേയും മുസ്‌ലിംകളുടെ മേൽ അധികാരം നടത്താൻ നിയോഗിക്കരുത്.'***

ഭരണാധികാരം ഒരു വർഗത്തിന്റെ മാത്രം കുത്തകയാണെന്ന സങ്കൽപ്പം ഇസ്‌ലാം തിരുത്തി കുറിച്ചു. രാജഭരണ പരമ്പരകൾ മുസ്‌ലിം സമൂഹത്തിലുണ്ടായിരുന്നെങ്കിലും ഭരണാധികാരികളെക്കുറിച്ചുള്ള മുസ്‌ലിം സങ്കൽപ്പങ്ങളിൽ ഇസ്‌ലാം വമ്പിച്ച മാറ്റങ്ങൾ വരുത്തുകയുണ്ടായി. ഇസ്‌ലാമിന്റെ സമത്വ ഭാവനയായിരുന്നു ഇതിന് കാരണം. ജംഗമ സ്വത്തു പോലെ കമ്പോളത്തിൽ വിൽപ്പന നടത്തിയിരുന്ന അടിമകൾ വരെ മുസ്‌ലിം സമൂഹത്തിൽ രാജാക്കന്മാരായി. അധഃസ്ഥിതരായ അവരുടെ പദവികൾ ഉയർന്നു.

ഡൽഹി ഭരിച്ചിരുന്ന ഒന്നാമത്തെ മുസ്‌ലിം രാജാവ് കുത്തുബുദ്ദീൻ ഐബക്ക് ഒരു അടിമയായിരുന്നു. തുർക്കി വംശജനായ ഇദ്ദേഹം ഒരു ഖാസിയുടെ അടിമയായി വളർന്നു. ഖാസി അദ്ദേഹത്തിന് തന്റെ മക്കളോടൊപ്പം വിദ്യാഭ്യാസവും പട്ടാള പരിശീലനവും നൽകി. ഖാസിയുടെ മരണത്തിന് ശേഷം കുത്തുബുദ്ദീൻ ഒരു അടിമച്ചന്തയിൽ വിൽക്കപ്പെട്ടു. കുത്തുബുദ്ദീനെ അഫ്ഗാനിസ്തനിലെ ഗോർ പ്രവിശ്യയിലെ ഗവർണറും സേനാധിപനുമായ മുഹമ്മദ് ഗോറി വിലക്ക് വാങ്ങി. അദ്ദേഹത്തിന്റെ അടിമയാക്കി. ഇന്ത്യയിലേക്ക് പടയോട്ടം നടത്തിയ മുഹമ്മദ് ഗോറിക്ക് മക്കളില്ലായിരുന്നു. സന്താനങ്ങളില്ലാത്ത മുഹമ്മദ് ഗോറിയോട് തന്റെ കാല ശേഷം രാജ്യത്തിന്റെ ഭാവി എന്തായി തീരുമെന്ന് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: മറ്റു രാജാക്കന്മാർക്ക് ഒന്നോ രണ്ടോ പുത്രന്മാരുണ്ടെങ്കിൽ എനിക്ക് ശേഷം എന്റെ ഓർമ്മയെ നിലനിർത്താൻ എനിക്ക് ആയിരം പുത്രന്മാരെ ദൈവം തന്നിരിക്കുന്നു! തന്റെ ആയിരം അടിമകളെ പുത്രന്മാരെ പോലെയായിരുന്നു ഗോറി കണക്കാക്കിയിരുന്നത്. തന്റെ അടിമയായിരുന്ന അതിസമർഥനും ദയാലുവും ബുദ്ധിമാനുമായിരുന്ന കുത്തുബുദ്ദീനെ ദൽഹിയിലെ സുൽത്താനാക്കി വാഴിച്ചു. ധർമിഷ്ഠനായ കുത്തുബുദ്ദീനെ **'ലാക്ബക്ഷ് (ലക്ഷ ദായകൻ)'** എന്ന അപരനാമവുമുണ്ട്. ദൽഹിയിലെ പ്രശസ്തമായ കുത്തബ്മിനാറിന്റെ നിർമാണം ആരംഭിച്ചത് ഇദ്ദേഹത്തിന്റെ കാലത്താണ്.

## ഖിലാഫത്ത്

**മൗലാനാ അബുൽ കലാം ആസാദ്**

വ്യക്തിപരവും വിശ്വാസ സംബന്ധമായും പ്രവർത്തി പരവുമായുള്ള ജീവിതങ്ങൾക്ക് ഓരോ കേന്ദ്രമുള്ളതായി കാണുന്ന പ്രകാരം തന്നെ സാമുദായികവും മതപരവുമായ ജീവിതത്തിന് ഒരു ശക്തികേന്ദ്രം ഉണ്ടായിരിക്കേണ്ടതാണ്. സമുദായം ആകമാനം ആ കേന്ദ്രത്തിന് ചുറ്റുമുള്ള വൃത്തമായിട്ടാണ് പരിഗണിക്കപ്പെട്ടിരിക്കുന്നത്. ആ കേന്ദ്ര ശക്തിയോട് സവിശേഷ ബന്ധവും അനുസരണവും പരിപൂർണ നിലയിൽ അതിനോട് വണക്കവും കാണിക്കുകയും അതിന്റെ വിളി കേൾക്കുകയും അതിന്റെ ആജ്ഞാനുസരണം ജീവനും ധനവും ചെലവഴിക്കുകയും ചെയ്യുകയെന്നത് എല്ലാ മുസ്ലിമിന്റെയും ധർമമായി വിധിക്കപ്പെട്ടിരിക്കുന്നു. ഈ ധർമത്തെ അനുസരിക്കുന്നതു മുലമല്ലാതെ അജ്ഞാനാന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് വരുവാൻ സാധിക്കുന്നതല്ല. ഇസ്‌ലാമിൽ ഈ സാമുദായിക കേന്ദ്ര ശക്തിക്ക് ഖലീഫ എന്നും ഇമാം എന്നുമാണ് പറയുക. അതിനെ അനുസരിക്കുകയും സഹായിക്കുകയും ചെയ്യുക എന്നത് അല്ലാഹു വിനെയും റസൂലിനേയും അനുസരിക്കുകയും സഹായിക്കുകയും ചെയ്യുന്നത് പോലെയാണ് (മസ്അലെ ഖിലാഫത്ത്)

പ്രതികരിച്ചതിങ്ങനെയായിരുന്നു. അബൂബക്കറിന്റെ ശരീരം മദീന യുടെ തെരുവീഥികളിലൂടെ വന്യമൃഗങ്ങൾ കടിച്ചുകീറി വലിച്ചി ഴച്ച് കൊണ്ടുപോയാലും ഉസാമയു ടെ സൈന്യത്തെ ഞാൻ അയക്കു കതന്നെ ചെയ്യും. ഉസാമയുടെ സൈന്യത്തെ അയക്കാനുള്ള തീരു മാനമെടുത്തത് അല്ലാഹുവിന്റെ പ്രവാചകനായിരുന്നു. ആ തീരു മാനം നടപ്പാക്കുന്നതിൽ നിന്ന് ഞാൻ അണുകിട പിന്നോട്ട് മാറുകയില്ല.'' ഹദ്റത്ത് അബൂബ ക്കറിന്റെ ഈ പ്രഖ്യാപനം കേട്ട പ്പോൾ, തങ്ങൾക്ക് പറ്റിയ അബദ്ധം ബോധ്യമാവുകയും ഖലീഫയുടെ സ്ഥാനവും പ്രഭാവവും എന്താണെ ന്ന് സഹാബക്കൾക്ക് ബോധ്യപ്പെടു കയും ചെയ്തു.

### വിശ്വാസദാർഢ്യത, പുരോഗതി, വിജയം

മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കുകയും ദൃഢവിശ്വാസ ത്തിന്റെ പാരമ്യത്തിലെത്തിക്കുക യും ചെയ്യുന്നവരാകുന്നു പ്രവാചക ന്മാർ. പ്രവാചകന്മാർക്കു ശേഷം വിശ്വാസത്തെ പുഷ്ടിപ്പെടുത്തുന്ന ശക്തിയുണ്ടെങ്കിൽ അത് ഖിലാഫ ത്ത് മാത്രമായിരിക്കും. ദൃഢവിശ്വാ സമുള്ള സമൂഹത്തിലാണ് ആത്മീ യ ചൈതന്യം നിലനില്ക്കുന്നത്. ദൈവിക സഹായവും അവർക്ക് ലഭ്യമാകുന്നു. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്ന ഒരു യാഥാർഥ്യ വുമാണിത്. ***എത്രയെത്ര ചെറിയ സംഘങ്ങളാണ് അല്ലാഹുവിന്റെ അനുകൂല്യത്താൽ വലിയ സംഘ ങ്ങളെ ജയിച്ചടക്കിയിട്ടുള്ളത്.*** (2:250) ***'നിങ്ങൾ വിശ്വാസികളാണെ ങ്കിൽ നിങ്ങൾ തന്നെയായിരിക്കും വിജയികൾ' (3:140)*** ഇവിടെ വിജയത്തെ അല്ലാഹു സത്യവിശ്വാ സവുമായി ബന്ധപ്പെടുത്തിയിരി ക്കുകയാണ്. മുസ്‌ലിംകളിൽ സത്യവിശ്വാസവും സൽകർമവും നഷ്ടപ്പെട്ടു തുടങ്ങിയപ്പോഴാ യിരുന്നു അവരുടെ അധഃപതനവും തുടങ്ങിയത്. നബി (സ) തിരുമേനി പ്രവചിച്ചു. 'എന്റെ ജനതയിൽ നല്ലവർ ആദ്യകാലത്തും അവസാന കാലത്തും ഉള്ളവരാണ്. ആദ്യകാല ത്തെ ജനങ്ങളിൽ അല്ലാഹുവിന്റെ പ്രവാചകൻ തന്നെയുണ്ടായിരി ക്കും. അവസാനകാലത്തെ ജന ങ്ങളിൽ ഈസബ്നു മറിയം. അതിനിടയിലുള്ളവർ വക്രതയുള്ള വരായിരിക്കും. (കൻസൂൽ ഉമ്മാൽ) മുസ്‌ലിംകളിൽ ഈമാൻ ക്ഷയിക്കു കയും അവർ വക്രതയുടെ മാർഗം സ്വീകരിക്കുകയും ചെയ്തപ്പോഴാ ണ് ദൈവം അവന്റെ അനുഗ്രഹ ങ്ങൾ അവരിൽ നിന്ന് എടുത്ത് കളഞ്ഞത്. ചുരുക്കത്തിൽ കരുത്തു റ്റ വിശ്വാസവും വിജയവും പുരോഗ തിയും പ്രദാനം ചെയ്യപ്പെടുന്നത് ഖിലാഫത്തിലൂടെയാകുന്നു. ഖിലാഫത്ത് മുഖേന ദീൻ പ്രബല പ്പെടുന്നതാണെന്ന ദൈവിക സുവാർത്തയുടെ അന്തഃസാരവും ഇതുതന്നെയാണ്.

### ഖിലാഫത്തിലൂടെ സമാധാനം

ഭയാനകവും സങ്കീർണവുമാ യ അവസ്ഥകൾ സംജാതമാകു മ്പോൾ അതിൽ നിന്നു മോചന മുണ്ടാക്കുന്ന ദിവ്യ സംവിധാനം കൂടിയാണ് ഖിലാഫത്ത്. പ്രത്യേകി ച്ച് പ്രവാചകന്മാർ കാലഗതി പ്രാപിക്കുമ്പോൾ വിശ്വാസികളിലു ണ്ടാകുന്ന വിഭ്രാന്തിയും അനിശ്ചി താവസ്ഥയും ഖലീഫയെ എഴു ന്നേല്പിക്കപ്പെടുന്നതിലൂടെ സമാധാ നമായി പരിണമിക്കുന്നു. വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നത് ശ്രദ്ധിക്കുക. ***'ഹദ്റത്ത് അബൂബക്കർ സിദ്ദീഖി ന്റെ കാലത്ത് തിരുനബിയുടെ ചരമം മൂലം (അത് അകാലചരമം ആയി കരുതപ്പെടുകയുണ്ടായി) വിവരം കെട്ട നിരവധി ബദവികൾ മുർത്തദു (മതപരിത്യാഗി) കളായി പ്പോകുകയും സഹാബിമാർ പോലും ദു:ഖഭാരം നിമിത്തം ഭ്രാന്ത് പിടിപെട്ടവരെപ്പോലെയായി മാറുക യും ചെയ്തിരുന്നു. ആ സന്ദിഗ്ധ ഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖിനെ എഴുന്നേ ല്പിച്ചുകൊണ്ട് വീണ്ടുമൊരിക്കൽ ദിവ്യശക്തിയുടെ ഹസ്തം നീട്ടുക യും ഇസ്‌ലാമിനെ നാശത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു. അങ്ങനെ 'ദൈവം അവർക്കായി അവൻ തൃപ്തിപ്പെട്ട മതം അവൻ അവർക്ക് ശക്തിപ്പെടുത്തികൊടു ക്കുകയും അവരുടെ ഭയപ്പാടിനു***

*ശേഷം അവർക്ക് സമാധാനവും രക്ഷയും പ്രദാനം ചെയ്യുകയും ചെയ്യും' എന്ന അവന്റെ വാഗ്ദാനം നിറവേറ്റുകയുണ്ടായി. ഇപ്രകാരം തന്നെ ഹദ്റത്ത് മൂസാ നബിയുടെ കാലത്തും സംഭവിച്ചു. ബനീ ഇസ്റായീലിന് വാഗ്ദാനം ചെയ്യപ്പെട്ട ലക്ഷ്യസ്ഥാനത്ത്, പുണ്യസ്ഥലത്ത് എത്തിക്കപ്പെടുന്നതിന് മുമ്പ് ഹദ്റത്ത് മൂസാ(അ) മിസ്റിനും (ഈജിപ്ത്)കൻആന്നും(ഫലസ്തീൻ) ഇടയിലുള്ള വഴിയിലൊരിടത്ത് വെച്ച് ചരമം പ്രാപിക്കുകയും അദ്ദേഹത്തിന്റെ വേർപാട് ബനീ ഇസ്റായീല്യരിൽ വലുതായ അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയും ചെയ്തു. ഈ അകാല ചരമം അതായത് ഹദ്റത്ത് മൂസാ നബി (അ) യുടെ അപ്രതീക്ഷിതമായ ഈ വേർപാടു മൂലം ബനീ ഇസ്റായീൽകാർ നാല്പതുനാൾ കരഞ്ഞുകൊണ്ടിരുന്നതായി തൗറാത്തിൽ എഴുതിയിരിക്കുന്നു. ഇപ്രകാരം തന്നെ ഹദ്റത്ത് ഈസാ (അ) യുടെ കാര്യത്തിലും സംഭവിച്ചു. കുരിശു സംഭവവേളയിൽ മുഴുവൻ ഹവാരീംകളും ഒറ്റ തിരിഞ്ഞു പോകയും അവരിൽ ഒരാൾ മതം ഉപേക്ഷിക്കുകയും ചെയ്തു. പണ്ടുപണ്ടേ ദൈവത്തിന്റെ സുന്നത്ത് ഇതാണ്. അവൻ രണ്ടുതരം ദിവ്യശക്തി പ്രതിഭാസം കാണിക്കുന്നു. ഇങ്ങനെ ശത്രുക്കളുടെ രണ്ടു തരം ആഹ്ളാദ ഭാവങ്ങളെയും അവൻ തകർത്തു കളയുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ പണ്ടുപണ്ടേയുള്ള രീതി ഇപ്പോൾ ഉപേക്ഷിച്ചു കളയുക സംഭവ്യമല്ല. (അൽവസിയ്യത്ത്)* ഇതേ പ്രകാരം കാലാകാലങ്ങളിൽ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധിഘട്ടങ്ങളിലെല്ലാം ഖിലാഫത്തിലൂടെ സമാധാനവും നിവാരണവും ലഭിക്കുമാറാകുന്നു.

### കോർത്തിണക്കുന്ന കണ്ണി

മുഹമ്മദ് നബി (സ) തിരുമേനിയുടെ പ്രാതിനിധ്യസ്ഥാനത്തിനാണ് ഇസ്ലാമിക ഖിലാഫത്തെന്ന് പറയുക. ലോകത്തിനാകമാനമുള്ള ദൈവിക സന്ദേശമാകുന്നു ഇസ്ലാം. അതിനാൽ ഇസ്ലാമിക ഖിലാഫത്തും വിശ്വാ

## ഖിലാഫത്തും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും

ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചത് തുർക്കി ഖിലാഫത്തിന് വേണ്ടി പൊരുതുവാൻ പോയ വിപ്ലവകാരികളായ മുസ്ലിം യുവാക്കളാണെന്ന് ചരിത്ര രേഖകൾ സൂചിപ്പിക്കുന്നു. 1920 ഒക്ടേബർ 17 ന് സോവിയറ്റ് യൂണിയനിലെ താഷ്കന്റിൽ വെച്ചാണ് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി രൂപീകൃതമായത്. പാർട്ടിയുടെ ആദ്യത്തെ ജനറൽ സെക്രട്ടറി മുഹമ്മദ് ശെഫീഖ് ആണ്. പാർട്ടി രൂപീകരണ വേളയിൽ അവിടെയുണ്ടായിരുന്ന ഏഴു പേരിൽ അഞ്ചു പേരും മുസ്ലിം യുവാക്കളായിരുന്നു. അവരെ കൂടാതെ പ്രഗല്ഭനായ ഇന്ത്യൻ കമ്മ്യൂണിസ്റ്റാചാര്യൻ മാനവേന്ദ്ര റോയ് (എം എൻ റോയ്), മസ്ഊദ് അലി ഷാ, അബ്ദു റബ്ബ്, ഷൗക്കത്തലി ഉസ്മാനി, അബ്ദുല്ലാ സഫദർ, അബനി മൂഖർജി എന്നിവരായിരുന്നു മറ്റുള്ളവർ. അവർ ആദ്യമായിറക്കിയ പാർട്ടി മുഖപത്രം ഉറുദുവിലായിരുന്നു.

ബ്രിട്ടനെതിരെ തുർക്കി ഖിലാഫത്തിന് അനുകൂലമായി യുദ്ധത്തിൽ സഹായിക്കാൻ തുർക്കിയിലേക്ക് പോയ മുഹാജിറുകളിൽപ്പെട്ടയാളായിരുന്നു ഈ മുസ്ലിം യുവാക്കൾ. ബ്രിട്ടീഷ്കാർ ഭരിക്കുന്ന ഇന്ത്യ ദാറുൽ ഹർബ് (ശത്രു രാജ്യം) ആണെന്നും ഇന്ത്യയിൽ നിന്ന് ഹിജ്റ പോകൽ തങ്ങളുടെ മതധർമ്മമാണെന്നും ഈ മുസ്ലിം യുവാക്കൾ കരുതി. 80 പേരടങ്ങിയ ഈ മുഹാജിർ സംഘം അഫ്ഘാനിസ്താനും കടന്ന് തുർക്കിയെ ലക്ഷ്യമാക്കി പുറപ്പെട്ടവരെ തുർക്കിയുടെ ശത്രുക്കൾ പിടികൂടുകയുണ്ടായി. അന്ന് എം.എൻ റോയ് സോവിയറ്റ് യൂണിയനിലെ താഷ്ക്കന്റിൽ ഉണ്ടായിരുന്നു. അദ്ദേഹം താഷ്ക്കന്റ് കേന്ദ്രമാക്കി പാർട്ടി പ്രവർത്തനം സംഘടിപ്പിച്ചു വരികയായിരുന്നു. പിടിയലകപ്പെട്ട മുസ്ലിം മുഹാജിർ സംഘത്തെ എം.എൻ റോയ് എങ്ങനെയോ രക്ഷിക്കുകയും താഷ്ക്കന്റിൽ അവർക്ക് താമസ സൗകര്യമേർപ്പെടുത്തുകയും അവർക്കായി ഇന്റസ്കീ കോഴ്സ് എന്ന സൈനിക രാഷ്ട്രീയ വിദ്യാലയം ആരംഭിക്കുകയും ചെയ്തു. അവിടെ പഠന പരിശീലനങ്ങൾ പൂർത്തിയാക്കിയ ഇന്ത്യൻ മുഹാജിറുകളാണ് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ചത്.

താഷ്കന്റിൽ ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടിയിൽ പ്രവർത്തിച്ചിരുന്നവർ പിന്നീട് ഇന്ത്യയിലേക്ക് കടക്കുകയുണ്ടായി. ഇന്ത്യൻ കമ്മ്യൂണിസ്റ്റുകൾക്കെതിരെ ബ്രിട്ടീഷുകാർ ചാർജ്ജ് ചെയ്ത ആദ്യത്തെ ഗൂഢാലോചന കേസ് പെഷവാർ ഗൂഢാലോചന കേസ് ആയിരുന്നു. കേസിൽ ശിക്ഷിക്കപ്പെട്ടവരിൽ ഏഴു പേരും മുസ്ലിം യുവാക്കളായിരുന്നു. പ്രതികളിൽ അഞ്ചുപേർ ഇന്ത്യയിൽ രൂപീകരിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയിലും മറ്റു രണ്ടു പേർ പാകിസ്താനിൽ രൂപീകരിച്ച കമ്മ്യൂണിസ്റ്റ് പാർട്ടിയിലും അംഗങ്ങളായി. പിന്നീട് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല ചരിത്രത്തിൽ മുസ്ലികളുടെ മതപരമായ പങ്ക് ഉള്ളത് കൊണ്ടോ എന്തോ കമ്മ്യൂണിസ്റ്റ് ചരിത്രകാരന്മാർ വേണ്ട വിധം വിശദീകരണങ്ങൾ നൽകിയിട്ടില്ല. എതായാലും തകർച്ച നേരിട്ട ഖിലാഫത്തിനെ സഹായിക്കാൻ ഇറങ്ങി പുറപ്പെട്ട മുസ്ലിം യുവാക്കൾ കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ച് മടങ്ങിയെത്തിയ ചരിത്രം കൗതുകകരവും ചിന്തനീയവുമാണ് *എ. എം*

## ഖിലാഫത്തില്ലെങ്കിൽ വെള്ളിയാഴ്ച്ച ജുമുഅ വേണ്ട

ഇസ്‌ലാമിക സാമൂഹിക വ്യവസ്ഥയിൽ ഖിലാഫത്തിനുള്ള സ്ഥാനം അദ്വിതീയവും അനിഷേധ്യവുമാണ്. ഖിലാഫത്തില്ലെങ്കിൽ മുസ്‌ലിംകൾക്ക് മതജീവിതമില്ല എന്നാണ് ഇസ്‌ലാമിക വിശ്വാസം. തുർക്കി ഖിലാഫത്ത് തകർന്നപ്പോൾ വെള്ളിയാഴ്ച്ച മുസ്‌ലിംകൾ അതീവ പ്രാധാന്യത്തോടെ നടത്തുന്ന ജുമാ നമസ്ക്കാരം നടത്തേണ്ട തില്ല എന്ന് പോലും ഉലമാക്കന്മാർ അഭിപ്രായപ്പെടു കയുണ്ടായി. ആ ചരിത്രം ഉദ്ധരിക്കുന്ന ഭാഗമാണ് താഴെക്കൊടുക്കുന്നത്.

ഖിലാഫത്തിന്റെ പതനത്തോടെ രാഷ്ട്രീയാധികാരം മാത്രമല്ല നഷ്ടമായത്. ആരാധനയുടെയും അനുഷ്ഠാനത്തിന്റേയും ചൈതന്യം പോലും നഷ്ടമായി. അനുഷ്ഠാന കർമങ്ങളിൽ അതിശ്രേഷ്ഠമായ ജുമുഅ നമസ്ക്കാരം വളരെ പ്രാധാന്യ പൂർവം ആചരിക്കേണ്ടുന്ന കർമമാണ്. വെള്ളിയാഴ്ച്ച ശ്രേഷ്ഠ ദിവസങ്ങളിൽ ഒന്നാണെന്ന് നബി (സ) പറഞ്ഞിട്ടുണ്ട്. വിശ്വാസികളുടെ ഈദായും പാവപ്പെട്ടവന്റെ ഹജ്ജായും ജുമുഅ വിശേഷിപ്പിക്കപ്പെടാറുണ്ട്. എന്നാൽ ഖിലാഫത്തിന്റെ അഭാവത്തിൽ ജുമുഅ നിർവഹിക്കാൻ സാദ്ധ്യമല്ലെന്നായിരുന്നു മുസ്‌ലിം വിഭാഗങ്ങൾ വിശ്വസിച്ചു പോന്നത്. ഖിലാഫത്തിന്റെ പതനത്തെ തുടർന്ന് ജുമുഅ തുടരണമോ വേണ്ടയോ എന്നതിനെക്കുറിച്ച് ചർച്ചകളും കൂടിയാലോചനകളും സംഘടിപ്പി ച്ചതായി പറയപ്പെടുന്നു. ജുമുഅ നിലനിറുത്തണമെന്നാണ് സുന്നി ലോകം തീരുമാനിച്ചത്. (***ഖിലാഫത്ത്: പുനസ്ഥാപനത്തിന്റെ വഴികൾ. ത്വാഹാ ഹശ്മി, വിവേകം 1999 നവംബർ 15*** )

സഭാവം പുലർത്തുന്നവയാകുന്നു. അഥവാ ഖൈറുൽ ഉമ്മത്തെന്ന് (ഉൽകൃഷ്ട സമുദായം) വിശേഷി പ്പിക്കപ്പെട്ട മുസ്‌ലിം ലോകത്തെ യാകമാനം ഒരേ ചരടിൽ കോർത്തി ണക്കുകയും ഇസ്‌ലാമിന്റെ വിശ്വ സ്വഭാവത്തെ വെളിപ്പെടുത്തുകയും ചെയ്യുന്ന ദിവ്യ സംവിധാനമാണ് ഖിലാഫത്ത്. ആഗോളവ്യാപകമായി ഒരേയൊരു ആത്മീയ നേതൃത്വ ത്തിന് കീഴിൽ അണിനിരന്നു പ്രവർത്തിക്കുന്ന ജമാഅത്തായിരി ക്കും യഥാർഥ ഇസ്‌ലാമിക ജമാ അത്തെന്ന വസ്തുത ദൈവിക പ്രമാണങ്ങളിലെ തെളിവുകളാൽ നിസ്സന്ദേഹം ഗ്രഹിക്കാവുന്നതാണ്. പ്രാദേശിക തലത്തിൽ മാത്രം ഒതുങ്ങി നില്ക്കുന്ന മുസ് ലിം സംഘടനകളൊന്നും യഥാർഥ ഇസ് ലാമിക ജമാഅത്താകുന്നില്ല. സമസ്ത മനുഷ്യർക്കുമായുള്ള ഇസ്‌ലാമിനെ പ്രാദേശിക സംഘ ടനകൾക്കൊന്നും പ്രതിനിധാനം ചെയ്യാൻ സാധ്യവുമല്ല. മുസ് ലിം ലോകത്തിന്റെ അസ്ഥിരതക്കും അനൈക്യത്തിനുമുള്ള ഏക പരിഹാരം ഖിലാഫത്തിന്റെ പുനഃസ്ഥാപനമാണെന്ന് മുസ്‌ലിം പണ്ഡിതന്മാർക്ക് തന്നെ ബോധ്യ പ്പെട്ടതുകൊണ്ടാണ് അവർ ഖിലാ ഫത്തിന്റെ പുനഃസ്ഥാപനത്തിനു വേണ്ടിയുള്ള നിരന്തരശ്രമങ്ങൾ നടത്തിയത്. മനുഷ്യശ്രമങ്ങൾക്ക് സാധിക്കാത്ത ദൈവിക ഏർപാടാ ണിതെന്നും അല്ലാഹു ഇച്ഛിക്കുന്ന വരിലായിരിക്കും ഖിലാഫത്തിന്റെ അനുഗ്രഹം ലഭിക്കുകയെന്നും അവർക്ക് പക്ഷേ ബോധ്യപ്പെട്ടില്ല.

### അനുസരണ കേന്ദ്രം

സർവാത്മനാ അനുസരിക്ക പ്പെടുന്ന ഒരു നേതൃത്വവും അനുസരണബന്ധരായ ജനങ്ങളു മായുള്ള സമൂഹം ഏതുരംഗത്തും വിജയം പ്രാപിക്കുമെന്നത് ഒരു ലളിതസത്യമാണ്. ഭൗതിക നില യിലും അംഗീകരിക്കപ്പെട്ട വസ്തു തയാണിത്. പക്ഷേ, ഖിലാഫത്തും അൽജമാഅത്തും തികച്ചും ആത്മീ യതയിലധിഷ്ഠിതമായ സംവിധാന മായതുകൊണ്ട്, അതിന്റെ പിന്നിൽ ദൈവിക ഹസ്തം പ്രവർത്തിക്കു ന്നതിനാൽ ഖിലാഫത്ത്മൂലമുള്ള വിജയവും പുരോഗതിയും അത്യുൽകൃഷ്ടവും അത്ഭുതാ വഹവുമായിരിക്കും. മുൻകാല ങ്ങളിൽ മുസ്‌ലിംകൾക്ക് അനുകൂല മായ പുരോഗതി ലഭിക്കുവാനും ഉന്നതങ്ങൾ കീഴടക്കുവാനും സാധിച്ചത് ഖിലാഫത്തിലൂടെ യാണെന്നതിൽ തർക്കമില്ല. ഖിലാഫ ത്തിനെ നിഷേധിക്കുന്നവരെ ആജ്ഞാലംഘകരെന്ന് ഖുർ ആൻ വിശേഷിപ്പിച്ചതിൽ നിന്ന് ഖിലാഫ ത്ത് സംവിധാനത്തെ സർവാത്മനാ അനുസരിക്കേണ്ടതിന്റെ മഹത്വം വ്യക്തമാകുന്നുണ്ട്. ഒരു ദിവസ ത്തിന്റെ അല്പഭാഗം പോലും ഒരു ഇമാമിന്റെ കീഴിൽ ജമാഅത്തായി ട്ടല്ലാതെ നില കൊള്ളാൻ തിരു സഹാബാക്കൾ ഇഷ്ടപ്പെട്ടിരുന്നി ല്ലെന്ന കാര്യവും ശ്രദ്ധേയമാണ്.

### യഥാർഥ വഴികാട്ടി

ഖിലാഫത്തിനെ കുറിച്ചുള്ള ഖുർആനിക വചനത്തിൽ അവർ എന്നോട് യാതൊന്നിനേയും പങ്കുചേർക്കാതെ എന്നെമാത്രം ആരാധിക്കുന്നവരാണെന്ന് പ്രത്യേ കം പ്രസ്താവിക്കുന്നു. കലർപ്പില്ലാ ത്ത തൗഹീദിന്റെ ധ്വജവാഹകരും ദീനിൽ അനാചാരങ്ങളുടേയും അന്ധവിശ്വാസങ്ങളുടേയും സൂക്ഷ്മമായ വശങ്ങൾപോലും കടന്നുകൂടാനിടയുള്ള സംഗതികൾ തങ്ങളുടെ ഉൾക്കാഴ്ച്ചകൊണ്ട് മുൻകൂട്ടി കാണുകയും യഥാസമ യം ഉചിതമായ മാർഗദർശനങ്ങൾ നല്കി സമുദായത്തെ വഴിതെറ്റാതെ നയിക്കുകയും ചെയ്യുന്ന ദൈവിക ഭടന്മാരാകുന്നു ഖലീഫമാർ അതിനാൽ ദീനിന്റെ തനതുരൂപം ഖലീഫമാർ മുഖേനയായിരിക്കും നിലനില്ക്കുന്നത്.

ശേഷം പേജ് 23 ൽ

# ചെങ്കോലും പ്രവാചകത്വവും

മനുഷ്യന്റെ ആത്മാവിനു മുമ്പിൽ ഒരു നിവേദനമായിട്ടാണ് ഇസ്‌ലാം സമർപ്പിക്കപ്പെട്ടത്.അധികാരവും ചെങ്കോലുമില്ലാതെ ദൈവദൂതുമായെത്തിയ പ്രവാചകന്മാർ ഉദ്ബോധനങ്ങളും സ്വഭാവ സൗശീലവും ആത്മീയ ശക്തിയും കൊണ്ടാണ് മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കിയത്.

ഇബ്നു അബ്ദുല്ല

മനുഷ്യന്റെ ആത്മീയബോധത്തേയും ധിഷണാശേഷിയേയും അഭിസംബോധന ചെയ്തുകൊണ്ടുള്ള ഒരു നിവേദനമായിട്ടാണ് ഇസ്‌ലാം സമർപ്പിക്കപ്പെട്ടത്. ഖുർആൻ പറയുന്നു:

***'പറയുക: ഇത് നിന്റെ നാഥനിൽ നിന്നുളള സത്യസന്ദേശമാകുന്നു.' ഇഷ്ടമുള്ളവൻ വിശ്വസിച്ചുകൊള്ളട്ടെ, ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ*** (18:30)

ഇസ്‌ലാം മനുഷ്യഹൃദയങ്ങളെ കീഴടക്കിക്കൊണ്ടാണ് ജൈത്രയാത്ര നടത്തിയത്. റസൂൽ തിരുമേനി (സ) ജനങ്ങളെ കൂട്ടിയണച്ച് സംസ്കരിച്ചത് അധികാരബലം കൊണ്ടോ ആയുധബലം കൊണ്ടോ വിപ്ലവം കൊണ്ടോ ആയിരുന്നില്ല. അത് ഫാസിസം, നാസിസം, കമ്മ്യൂണിസം പോലെയുള്ള ഭൗതിക വിപ്ലവ പ്രസ്ഥാനങ്ങളുടെ വഴിയാണ്. വിപ്ലവത്തിന്റെ സംഹാരശക്തി യിൽ അധികാരം പിടിച്ചെടുത്തു എളുപ്പത്തിൽ ലക്ഷ്യം നേടാമെന്ന വ്യാമോഹം അവരാണ് ലോകത്തിന് നൽകിയത്. റസൂൽ തിരുമേനി (സ)യുടേത് ശ്രമകരമായ സഹനത്തിന്റെയും ഉപദേശത്തിന്റെയും ബുദ്ധിപരമായ വാദമുഖങ്ങളുടേയും സഹാനുഭൂതിയുടേയും ആത്മീയ പാതയാണ്. അവിടുത്തെ ആത്മീയ പ്രഭാവവും മഹത്തായ സ്വഭാവഗുണവും കൊണ്ടായിരുന്നു ജേതാവായത്. അധികാരബലവും ഖഡ്ഗബലവും കൊണ്ടല്ല. ഖുർആൻ പറയുന്നു:

*അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റുനിന്നും ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പു നൽകുകയും അവർക്കായി പാപമോചനത്തിന്* വേണ്ടി പ്രാർഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക (3:160)

എല്ലാ പ്രവാചകന്മാരും തങ്ങളുടെ ദിവ്യദൗത്യത്തിന്റെ ഭാഗമായി സദുപദേശകരായികൊണ്ടാണ് അതാത് ജനതകളെ സമീപിച്ചത്. അവരാരും തന്നെ ഖഡ്ഗം കൈയ്യിലേന്തിയവരായിരുന്നില്ല. സമൂദ് സമുദായത്തിലെ സ്വാലിഹ് നബി (അ) തന്റെ ജനതയോട് പറഞ്ഞു.

*'എന്റെ ജനമേ, എന്റെ നാഥന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ചു. ഞാൻ നിങ്ങളോട് ആത്മാർഥമായി ഉപദേശിക്കുകയും ചെയ്തു. പക്ഷേ നിങ്ങൾ ആത്മാർഥമായി ഉപദേശിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല'* (7:80)

നൂഹ് (അ), ഹൂദ് (അ), ലൂത്ത് (അ) മൂസ (അ), ഈസ (അ) എന്നീ പ്രവാചകന്മാരെല്ലാം ഒരേസ്വരത്തിൽ തങ്ങളൊരു സന്ദേശവാഹകനും ഉപദേശകനുമാണന്ന സത്യം ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ടാണ് ദൈവികദൗത്യം പൂർത്തീകരിച്ചത്. അവർ നിഷ്കരുണം, പീഡിപ്പിക്കപ്പെടുകയും വേട്ടയാടപ്പെടുകയും ഭർത്സിക്കപ്പെടുകയും ചെയ്തു. അപ്പോഴെല്ലാം കണ്ണുനീർ വാർത്തുകൊണ്ട് ദൈവത്തിനു മുമ്പിൽ പ്രണിപതിക്കുകയും സഹനപൂർവം എളിമയിൽ തങ്ങളുടെ ദൗത്യം തുടരുകയുമാണ് ചെയ്തത്. ഒരുപക്ഷേ അധികാരബലത്തിൽ വിശ്വസിക്കുന്നവർ ഇത് ബലഹീനതയായി കണ്ടേക്കാം. മനുഷ്യന്റെ ധാർമികവും അദ്ധ്യാത്മികവുമായ നന്മയിൽ വിശ്വാസമുള്ള മതപ്രവാചകന്മാരുടെ ഏറ്റവും പ്രയാസകരമായ വഴിയാണിത്. പ്രവാചകന്മാരുടെ ഈ ആത്മവ്യഥ ഹദ്റത്ത് മൂസാനബി

(അ)ന്റെ വാക്കുകളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

*'അല്ലയോ നാഥാ നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ അനുസരണയുള്ളവരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ'* (7:127)

പ്രവാചകപ്രഭുവായ മുഹമ്മദ് നബി(സ)ക്ക് മുമ്പ് ഈസാനബി (അ) വന്നു. അന്ന് റോമൻ കോളനിയായിരുന്ന ഫലസ്തീനിൽ വെച്ച് ദൈവദൂതനായ മസീഹ് ഹദ്റത്ത് ഈസാനബി(അ) വിചാരണ ചെയ്യപ്പെടുകയുണ്ടായി. ഇന്നത്തെ ഇസ്‌ലാമിക മതരാഷ്ട്ര മൗലികവാദികളെപ്പോലെ ഭൗതികഭരണം ആഗ്രഹിച്ചുകഴിഞ്ഞിരുന്ന യഹൂദ ജനത്തിനു മുമ്പിലായിരുന്നു അവരുടെ മസീഹായ ഈസാനബി(അ) തന്റെ ദിവ്യദൗത്യവുമായി വന്നത്. തങ്ങളുടെ മസീഹ് അധികാരവും ചെങ്കോലും കൊണ്ട് വരുമെന്നായിരുന്നു യഹൂദികൾ പ്രതീക്ഷിച്ചത്. അധികാരദുര മൂത്ത യഹൂദികൾക്കു മുമ്പിൽ ചെങ്കോലും സിംഹാസനവുമില്ലാത്ത വിനയാന്വിതനായി ദൈവിക പ്രവാചൻ പ്രേഷിതദൗത്യവുമായി വന്നുനിന്നു. അപ്പോൾ പരിഹാസപൂർവം അവർ നടത്തിയ ഭർത്സനവും പീഢനവും ബൈബിൾ രേഖപ്പെടുത്തുന്നു: *'യഹൂദരുടെ രാജാവേ സ്വസ്തി! എന്ന് പറഞ്ഞ് കൈ കൊണ്ട് അവനെ (യേശുവിനെ) അടിച്ചു'* (യോഹ: 19:3) യഹൂദരുടെ ക്രൂരമായ പരിഹാസത്തിന്റേയും ഭീഷണിയുടെയും സമ്മർദത്താൽ പീലാത്തോസ് യേശുവിനോട് ചോദിച്ച ചോദ്യവും യേശുവിന്റെ ഉത്തരവും ബൈബിളിലുണ്ട്.

*'പീലാത്തോസ് വീണ്ടും ആസ്ഥാനത്തിൽ പ്രവേശിച്ച് യേശുവിനെ വിളിച്ചു ചോദിച്ചു: 'നീ യഹൂദരുടെ രാജാവോ?....യേശു പറഞ്ഞു: 'എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരുന്നുവെങ്കിൽ യഹൂദർക്ക് എന്നെ ഏല്പിച്ചുകൊടുക്കാതിരിക്കാൻ എന്റെ ഭൃത്യർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല'* (യോഹ 18:35)

യഹൂദികളുടെ പ്രതീക്ഷക്ക് വിരുദ്ധമായി അധികാരവും അംഗവസ്ത്രവുമില്ലാതെ മഹാനായ ആ ദൈവിക പ്രവാചകൻ ആഗതനായപ്പോൾ കിരീടമില്ലാത്ത പ്രവാചകന്റെ പുണ്യശിരസ്സിൽ ഭൗതിക പ്രമത്തരായ യഹൂദപ്പരിശകൾ മുൾക്കിരീടമണിയിച്ചു. രാജാവിന്റെ വേഷഭൂഷകൾക്കും സ്ഥാനവസ്ത്രങ്ങൾക്കും പകരം ചെങ്കുപ്പായവും, ചെങ്കോലിനു പകരം ഞാണങ്ങാക്കോലുമണിയിച്ചു. അധികാരമില്ലാത്ത പരിശുദ്ധനായ ആ ദൈവപ്രവാചകനെ ഭീകരമായി പീഢിപ്പിച്ച ദാരുണചിത്രം ബൈബിൾ വരച്ചുകാട്ടുന്നു. *'അവർ അവന്റെ വസ്ത്രം അഴിച്ചുമാറ്റി. ഒരു ചെമന്ന പുറങ്കുപ്പായം അവനെ ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു കിരീടം മെനഞ്ഞുണ്ടാക്കി അത് അവന്റെ തലയിൽ വെച്ചു. വലത് കയ്യിൽ ഒരു ഞാണങ്ങാക്കോലും പിടിപ്പിച്ചു. പിന്നീട് അവർ അവന്റെ മുമ്പിൽ മുട്ടുകുത്തി പരിഹസിച്ചു പറഞ്ഞു. 'യഹൂദരുടെ രാജാവേ, സ്വസ്തി! അവർ അവന്റെ മേൽ തുപ്പി. ഞാണങ്ങാക്കോൽ വാങ്ങി അവന്റെ തലക്കടിച്ചു. ഇങ്ങനെ പരിഹസിച്ചശേഷം അവർ പുറങ്കുപ്പായം അഴിച്ചുമാറ്റി അവന്റെ വസ്ത്രം ധരിപ്പിച്ചു. കുരിശിൽ തറക്കാൻ അവനെക്കൊണ്ടുപോയി.* (മത്താ: 27:28-31) അധികാരവും ഭരണവും പ്രതീക്ഷിച്ചിരുന്ന യഹൂദികളുടെ അടുക്കൽ വെറും കയ്യോടെ വിനീതനായി വന്ന നിഷ്ക്കളങ്കനായ പ്രവാചകനോടു കാണിച്ച ധിക്കാരവും ക്രൂരതയും അധികാരത്തോടും ഭൗതികനേട്ടങ്ങളോടും അവർ കാണിച്ച ജുഗുപ്സാവഹമായ അത്യാർത്തിയും ഈ ബൈബിൾ വചനങ്ങൾ വ്യക്തമാക്കുന്നു. ഇക്കാലത്ത് അവതീർണനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി(അ)നെ മതരാഷ്ട്ര മൗലികവാദത്തിന്റെ വക്താക്കൾ നിഷേധിക്കുന്നതും പരിഹസിക്കുന്നതും ഇസ്രയേലി മസീഹിനോട് യഹൂദികൾ ഉന്നയിച്ച അതേ ന്യായങ്ങൾ പറഞ്ഞുകൊണ്ടു തന്നെയല്ലേ?

സൃഷ്ടികളിൽ വെച്ചേറ്റവും ഉത്തമനും പ്രവാചകശ്രേഷ്ഠനുമായ മുഹമ്മദ് നബി(സ) കാരുണ്യം കൊണ്ടും സ്നേഹം കൊണ്ടും വമ്പിച്ച ഒരു മനുഷ്യസമൂഹത്തെ കീഴടക്കിയ മഹാത്മാവാണ്. അദ്ദേഹം പട്ടാള സ്വേഛാധിപതിയെ പോലെ ഖഡ്ഗപാണിയായി വന്ന് അധികാരശക്തിയുടെ ബലംകൊണ്ടാണ് ഇസ്‌ലാമിന് വിജയമുണ്ടാക്കിയത് എന്നത് ഇസ്‌ലാം മതവിരോധികളുടേയും ഓറിയന്റലിസ്റ്റുകളുടേയും വിമർശനമാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ മൗലാനാ മൗദൂദി അദ്ദേഹത്തിന്റെ സ്വയംകൃതമായ മതരാഷ്ട്രവാദത്തെ ന്യായീകരിക്കാൻ റസൂൽ തിരുമേനി(സ)യുടെ തിരുഹസ്തങ്ങളിൽ ഖഡ്ഗം ചാർത്തുമ്പോൾ ഇസ്‌ലാം മതവിമർശകരുടെ വാദങ്ങൾക്ക് അത് സാധൂകരണമാവുന്നു. ഇസ്‌ലാമിന്റെ പുറത്ത് നിന്നും ആയിരം ഓറിയന്റലിസ്റ്റുകളും ഇസ്‌ലാം മതവിരോധികളും നടത്തുന്ന വിമർശനങ്ങളേക്കാൾ മാരകമാണ് ഇസ്‌ലാമിനകത്ത് നിന്നും റസൂൽ തിരുമേനിയുടെ കയ്യിൽ ഖഡ്ഗം ചാർത്താനുള്ള ഒരു മുസ്‌ലിം പണ്ഡിതന്റെ ഈ ശ്രമം. മൗദൂദി സാഹിബ് എഴുതുന്നു:

*'അനുനയത്തിന്റെ എല്ലാരീതികളും (13 വർഷത്തിലധികം നടത്തിയ പ്രബോധനം) പരാജയമായിക്കലാശിച്ചപ്പോൾ പ്രവാചകൻ വാൾ കയ്യിലെടുത്തു. വാൾ അത് തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിന്റെ കളങ്കത്തേയും വിപാടനം ചെയ്തു. അതിനേക്കാൾ ഉപരിയായി വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർ സത്യത്തിന്റെ വെളിച്ചം കാണുമാറായി. സത്യം സ്വീകരിക്കാൻ വിഘാതമായി നിന്ന അവരുടെ അഹങ്കാരത്തിനു ശമനമുണ്ടായി. ഉദ്ദണ്ഡ ശിരസ്കരായി*

***ഔദ്ധത്യത്തോടെ നിലയുറപ്പിച്ച അവർ അപമാനിതരായി എളിമയോടെ തലകുനിച്ചു.*** മൗലാനാ അബുൽ അഅ്‌ലാമൗദൂദി - അൽജിഹാദുഫിൽ ഇസ്‌ലാം പേ. 136-137)

ശത്രുവായിരിക്കെ ഊരിപ്പിടിച്ച വാളുമായി റസൂൽ തിരുമേനി (സ)യെ വധിക്കാൻ പാഞ്ഞടുത്ത ഹദ്റത്ത് ഉമറി (റ)ന് പരിവർത്തനമുണ്ടാക്കാൻ റസൂൽ തിരുമേനി(സ) പ്രയോഗിച്ച ആയുധമെന്തായിരുന്നു? ഹദ്റത്ത് അബൂബക്കർ (റ), ഹദ്റത്ത് ഉഥ്മാൻ (റ), ഹദ്റത്ത് അലി (റ) ഇവർ റസൂൽ തിരുമേനി(സ) ഖഡ്ഗബലം കൊണ്ടോ അധികാരശക്തികൊണ്ടോ മനഃമാറ്റം വന്നവരാണോ? - റസൂൽ തിരുമേനി(സ)യുടെ ഏതെങ്കിലുമൊരു അനുചരന്റെ മതംമാറ്റത്തിനു പിന്നിൽ മൗലാനാ മൗദൂദി ആരോപിക്കുന്നത്പോലെ കളങ്കിതമായ ഖഡ്ഗബലത്തിന്റെ പശ്ചാത്തലമുണ്ടോ?

ഇസ്‌ലാം മതം വിസ്മയകരമായ വിജയം നേടിയതിൽ അധികാരബലത്തിന് യാതൊരു പങ്കുമില്ല. ഇത് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്ന നിരവധി വചനങ്ങൾ ഖുർആനിൽ കാണാം. അല്ലാഹു റസൂൽ തിരുമേനി(സ)യെ അഭിസംബോധന ചെയ്തു പറയുന്നു.

***നീ ഉപദേശിക്കുക: നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ്. അവരുടെ മേൽ നിർബന്ധം ചെലുത്താൻ നിനക്കധികാരമില്ല.*** (89: 22, 25)

***നാം നിന്നെ അവരുടെ മേൽ കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവരുടെ കാര്യനിർവാഹകനുമല്ല*** (6:108)

***ആളുകൾ വിശ്വാസികളായി തീരുന്നതിന് നീ നിർബന്ധിക്കുകയോ (10:100).***

**പേജ് 20 ൽ നിന്നും തുടർച്ച**

## ഖിലാഫത്തിന്റെ പുനരുദയം

മുസ്‌ലിം സമുദായത്തിൽ പ്രാരംഭകാലത്ത് ഖിലാഫത്ത് വ്യവസ്ഥ മുപ്പതുകൊല്ലത്തോളം മാത്രമേ നിലനിന്നിരുന്നുള്ളൂ 'ഖിലാഫത്തെ റാശിദ' എന്നറിയപ്പെടുന്ന പരിശുദ്ധരായ നാല് ഖലീഫമാർക്ക് ശേഷം വാഗ്ദത്ത മഹ്ദി മസീഹ് മുഖേനയാണ് പ്രവാചക മാതൃകയിലുള്ള ഖിലാഫത്ത് വീണ്ടും ഉദയം കൊണ്ടത്. ഇത് നബി (സ) തിരുമേനി ചെയ്ത ഒരു പ്രവചനത്തിന്റെ സാക്ഷാത്കാരം കൂടിയായിരുന്നു. 'മിശ്കാത്തി'ൽ ഹുദൈഫ (റ) നിവേദനം ചെയ്ത പ്രസ്തുത ഹദീസ് ഇപ്രകാരമാണ്.

***'അല്ലാഹു ഇച്ഛിക്കുന്നിടത്തോളം നിങ്ങളിൽ പ്രവാചകത്വം നിലനില്ക്കും. പിന്നെ അവൻ അതിനെ ഉയർത്തുകയും അവൻ ഇച്ഛിക്കുന്നിടത്തോളം പ്രവാചകത്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത് നിലനില്ക്കുകയും ചെയ്യും. പിന്നെ അവൻ അതിനെയും ഉയർത്തും. അനന്തരം അല്ലാഹു ഇച്ഛിക്കുന്നിടത്തോളം മർദകഭരണം നിലനില്ക്കും. പിന്നെ അല്ലാഹു അതിനും അന്ത്യം കുറിക്കും. തുടർന്ന് പ്രവാചകത്വത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്തായിരിക്കും ഉണ്ടായിരിക്കുക. അതിനുശേഷം നബി തിരുമേനി ഒന്നും പറഞ്ഞില്ല.' (മിശ്കാത്ത്, കിത്താബുർരിഖാബ്)***

ഈ പ്രവചനത്തിന്റെ സാക്ഷാത്കാരമെന്നോണം വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) ന്റെ കാലശേഷം വീണ്ടും പ്രവാചകത്വത്തിന്റെ രീതിയിലുള്ള ഖിലാഫത്തുണ്ടായി. അദ്ദേഹം കാലഗതി പ്രാപിച്ച ഉടനെതന്നെ 1908 മെയ് 22 ന് ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിലൂടെയാണ് അല്ലാഹു ദ്വിതീയശക്തിവിലാസം വെളിപ്പെടുത്തിയത്. അങ്ങനെ സത്യവിശ്വാസികൾക്കായി ദൈവം വാഗ്ദാനം ചെയ്ത ഈ ദൈവീകാനുഗ്രഹം അഹ്മദിയ്യാ ജമാഅത്ത് മുഖേന ഇസ്‌ലാമിൽ വീണ്ടും പുനരുദയം ചെയ്തിരിക്കുകയാണ്. ഇപ്പോൾ വാഗ്ദത്ത മസീഹിന്റെ അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബി(അയ്യദഹു..)ന്റെ ആത്മീയ നേതൃത്വത്തിനു കീഴിൽ ആഗോളാടിസ്ഥാനത്തിൽ സംഘടിതമായി ഇസ്‌ലാമിക മിഷനറി പ്രവർത്തനം നടത്തുന്ന ഏക മുസ്‌ലിം ജമാഅത്ത് അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ്. നിഷ്പക്ഷമായി ചിന്തിക്കുന്ന ആളുകൾക്ക് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സത്യത്തിന് ഇതിൽപരം തെളിവിന്റെ ആവശ്യമില്ല. അല്ലാഹു എല്ലാവർക്കും മാർഗദർശനം നല്കുമാറാകട്ടെ.

**പേജ് 15 ൽ നിന്നും തുടർച്ച**

സവും സ്ഥൈര്യവും വിനഷ്ടമാവുകയും ചെയ്തു.

അജ്ഞാനത്തിന്റെ കൂരിരുളിനെ മാറ്റി ജ്ഞാനത്തിലേക്ക് നയിക്കേണ്ടുന്ന ജ്ഞാന പ്രബുദ്ധതയുടെ രണ്ട് മുഖ്യസരണികൾ (വെളിപാടും യുക്തിചിന്തയും) ഏക്കാലത്തേക്കുമായി അടക്കപ്പെട്ടു. ദർശനത്തിന്റെ വ്യക്തതയോ പൂർണതയോ അവശേഷിക്കുകയോ ഉപരിലോകത്ത് നിന്നുള്ള വെളിപാടുകളുടെ പ്രതീക്ഷ ഉണ്ടാവുകയോ ചെയ്തില്ല. അവരെ സംബന്ധിച്ചിടത്തോളം രണ്ടു കവാടങ്ങളും ബന്ധിക്കപ്പെട്ടു. നിശ്ചയമായും അതൊരു ദുരന്ത പൂർണമായ അന്ത്യമായിരുന്നു.

അങ്ങനെ നൂറ്റാണ്ടുകൾക്ക് ശേഷം ഭൗതിക വിജ്ഞാനത്തിന്റെ സൂര്യൻ ഒരിക്കൽ കൂടി ഉദിച്ചുയർന്നു. പക്ഷേ ആ സൂര്യോദയം പടിഞ്ഞാറു നിന്നായിരുന്നു. നെടുനീളൻ നൂറ്റാണ്ടുകൾക്ക് മുമ്പ് പടിഞ്ഞാറിന് വെളിച്ചം നൽകിയ കിഴക്കൻ ദേശം പശ്ചിമ ഭാഗത്ത് ഉദിച്ചുയർന്ന സൂര്യവെളിച്ചം ഒരു നോക്കു കാണാൻ ആകാംക്ഷാഭരിതരായി നോക്കി പാർത്തു നിന്നു.

# നോബേൽ ജേതാവിനെ വൈകി ആദരിക്കുമ്പോൾ

വിശ്വപ്രശസ്ത ഭൗതിക ശാസ്ത്രജ്ഞനും നോബേൽ ജേതാവുമായ ഡോ. മുഹമ്മദ് അബ്ദുസ്സലാം ജന്മദേശമായ പാകിസ്താനിൽ അഹ്മദിയായകാരണത്താൽ ക്രൂരമായി തമസ്ക്കരിക്കപ്പെടുകയായിരുന്നു. പതിറ്റാണ്ടുകൾക്ക് ശേഷം നവാസ് ശരീഫ് അവരുടെ തെറ്റ് തിരുത്തുകയാണ്. പ്രശസ്ത സാമൂഹിക നിരീക്ഷകനും മനുഷ്യാവകാശ പ്രവർത്തകനുമായ ലേഖകൻ **'മലയാളം'** വാരികയിൽ (2016 ഡിസംബർ 19) **'ശബ്ദമില്ലാത്തവരുടെ ശബ്ദം'** എന്ന തന്റെ കോളത്തിൽ എഴുതിയ ലേഖനമാണിത്.

പുരോഹിതന്മാരുടേയും തീവ്രവാദികളുടേയും മുന്നിൽ തോറ്റുകൊടുക്കുന്ന കീഴ്‌വഴക്കം മറികടക്കാനുള്ള നെഞ്ചുറപ്പു കാട്ടുന്നവർക്കു മാത്രമേ പാകിസ്താനിൽ പൗരസമത്വം പ്രയോഗവൽകരിക്കാൻ കഴിയുകയുള്ളൂ.

**ഹമീദ് ചേന്നമംഗലൂർ**

ഭൗതിക ശാസ്ത്രത്തിനുള്ള നോബേൽ പുരസ്കാരം പാകിസ്താനിയായ ഡോ. മുഹമ്മദ് അബ്ദുസ്സലാമിനു ലഭിച്ചതു മുപ്പത്തിയേഴു വർഷം മുൻപ്, 1979 ൽ. അമേരിക്കക്കാരനായ ഷെൽഡൻ ഗ്ലാസ്ഹോവും സ്റ്റീവൻ വിൻബെർഗും സലാമിനൊപ്പം അതേ പുരസ്കാരം അന്നു പങ്കിട്ടവരാണ്. അമേരിക്കൻ ഭരണകൂടവും അന്നാട്ടുകാരും സ്വാഭാവികമായി തങ്ങളുടെ ശാസ്ത്ര പ്രതിഭകളെ ഉള്ളറിഞ്ഞു പ്രശംസിക്കുകയും ആദരിക്കുകയും ചെയ്തു. എന്നാൽ, ചരിത്രത്തിൽ ആദ്യമായി മുസ്‌ലിം വിഭാഗത്തിൽ നിന്നു ശാസ്ത്രത്തിനുള്ള നോബേൽ സമ്മാനം കരസ്ഥമാക്കിയ അബ്ദുസ്സലാമിന് സ്വന്തം നാട്ടിൽ ലഭിച്ചത് അവഗണനയും അവജ്ഞയുമായിരുന്നു. പാക് ഭരണകൂടമോ മുഖ്യധാരാ സുന്നി മുസ്‌ലിം സമൂഹമോ ആ ശാസ്ത്രകാരന്റെ പുരസ്കാര ലബ്ധി അറിഞ്ഞ ഭാവം പോലും കാണിച്ചില്ല.

ദിവംഗതനായ ശേഷവും ഡോ. സലാമിനെ വെറുതെ വിട്ടില്ല പാകിസ്താനിലെ വിജ്ഞാന വിരോധികൾ. ആ ഭൗതിക ശാസ്ത്രജ്ഞന്റെ ശവ കുടീരം അവർ നിർലജ്ജം തകർത്തു. പിശാചിനെപ്പോലും നാണിപ്പിക്കുന്ന ഈവക ക്രൂരതകൾ തികച്ചും സ്വാഭാവികമെന്ന നിലയിലാണ് പാകിസ്താനിലെ സുന്നി മത സംഘടനകളും രാഷ്ട്രീയപ്പാർട്ടികളും ഭരണാധികാരികളും കണ്ടത്. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു?

ഈ ചോദ്യത്തിനുള്ള ഉത്തരം കിടക്കുന്നത് ഡോ. അബ്ദുസ്സലാമിന്റെ മതപശ്ചാത്തലത്തിലാണ്. മുസ്‌ലിംകൾക്കിടയിലെ അഹ്മദിയ്യാ വിഭാഗത്തിൽപ്പെട്ട ആളായിരുന്നു സലാം. ആ വിഭാഗത്തിലുൾപ്പെടുന്നവർ മുസ്‌ലിംകളല്ലെന്നും അവർ ഇസ്‌ലാമിന്റെ ശത്രുക്കളാണെന്നുമാണ് മുഖ്യധാരാ മുസ്‌ലിം

സംഘടനകളെ നിയന്ത്രിക്കുന്ന മതപൗരോഹിത്യം പ്രചരിപ്പിച്ചു പോന്നത്(പോരുന്നത്). സത്യത്തിന്റെ കുത്തകാവകാശം തങ്ങൾക്കാണെന്ന വൻമൗഢ്യത്തിനടിപ്പെട്ട അവർ 1953 ൽ പാകിസ്താനിൽ (ലാഹോറിൽ) അഹ്മദിയ്യാ മുസ്‌ലിംകൾക്കെതിരെ കലാപം അഴിച്ചു വിടുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമി ഉൾപ്പെടെയുള്ള മുസ്‌ലിം മത സംഘടനകളുടെ നേതൃത്വത്തിലായിരുന്നു ആ നരവേട്ട. അഹ്മദിയ്യാ മുസ്‌ലിംകളെ അമുസ്‌ലിംകളായി പ്രഖ്യാപിക്കുകയും ഭരണത്തിന്റെ സർവ തലങ്ങളിൽ നിന്നും അവരെ പുറന്തള്ളുകയും ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടായിരുന്നു മൗലാന മൗദൂദിയടക്കമുള്ള മത പുരോഹിതന്മാരുടെ നായകത്വത്തിൽ കലാപം അരങ്ങേറിയത്.

അഹ്മദിയ്യാ വിരുദ്ധ കലാപം ആസൂത്രണം ചെയ്തവർ വിജയിച്ചു. അത്രയൊന്നും വൈകാതെ അവരുടെ ആവശ്യങ്ങൾക്കു മുമ്പിൽ ഭരണാധികാരികൾ മുട്ടുമടക്കുന്നതിനാണ് 1974 ൽ ലോകം സാക്ഷിയായത്. നാല്പത് ലക്ഷത്തിലേറെ ജനസംഖ്യയുള്ള അഹ്മദിയ്യാ മുസ്‌ലിംകൾ പാകിസ്താനിൽ അമുസ്‌ലിംകളായി പ്രഖ്യാപിക്കപ്പെട്ടു. അവരുടെ മത സ്വാതന്ത്ര്യവും മതാവകാശങ്ങളും മുച്ചൂടും കവരുന്ന നടപടികളും തുടർന്നുണ്ടായി. സ്വയം മുസ്‌ലിംകൾ എന്നവകാശപ്പെടാനോ ഖുർആൻ പാരായണം ചെയ്യാനോ തങ്ങളുടെ ദേവാലയങ്ങളെ മസ്ജിദുകൾ എന്നു വിളിക്കാനോ ബാങ്കു വിളി നടത്താനോ ഹജ്ജിനു പോകാനോ ഒന്നും അവർക്ക് അവകാശമില്ലാതായി. എത്ര മികച്ച യോഗ്യതയുണ്ടെന്നിരുന്നാലും ഉദ്യോഗസ്ഥ തലത്തിൽ പ്രമുഖ സ്ഥാനങ്ങളെല്ലാം അവർക്ക് നിഷേധിക്കപ്പെടുന്ന അവസ്ഥ വന്നു. അക്ഷരാർഥത്തിൽ പാകിസ്താനിലെ ഏറ്റവും പീഡിതരായ ജനവിഭാഗമത്രേ അര നൂറ്റാണ്ടിലേറെയായി അഹ്മദിയ്യാ മുസ്‌ലിംകൾ.

ഡോ. അബ്ദുസ്സലാമിനു മുമ്പ് ജിന്നയുടെ നാട്ടിൽ അതിക്രൂരമായി അവഹേളിക്കപ്പെട്ട പ്രമുഖനായ മറ്റൊരു അഹ്മദിയ്യാ മുസ്‌ലിമുണ്ട്. പാകിസ്താനിലെ പ്രഥമ വിദേശ കാര്യമന്ത്രിയായിരുന്ന സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ (1893 1985). യു.എൻ. ജനറൽ അസംബ്ലിയുടെ അധ്യക്ഷ പദവി അലങ്കരിച്ച ആദ്യത്തെ മുസ്‌ലിമും ആദ്യത്തെ ഏഷ്യക്കാരനും ഒരേയൊരു പാകിസ്താനിയും കൂടിയാണ് സഫറുല്ലാഹ് ഖാൻ. എന്നിട്ടുകൂടി അദ്ദേഹത്തിന്റെ രക്തത്തിനുവേണ്ടിയും പാക് മുല്ലമാർ 1953 ൽ രംഗത്തു വന്നു. അഹ്മദിയ്യാ മുസ്‌ലിമായ സഫറുല്ലയെ വിദേശകാര്യമന്ത്രി പദത്തിൽ നിന്നു നീക്കണമെന്നവർ ആവശ്യപ്പെട്ടു. പുരോഹിതപ്പരിഷകളുടെ സമ്മർദം കൂടിവന്നപ്പോൾ 1954 ഒക്ടോബറിൽ സഫറുല്ലാഹ് ഖാൻ മന്ത്രിസ്ഥാനം രാജിവച്ചൊഴിയുകയായിരുന്നു.

## തുടരണോ മതസ്വാതന്ത്ര്യ വിലക്ക്?

ഡിസംബർ ആറിന് ഇസ്‌ലാമാബാദിൽ നിന്നു പുറത്തുവന്ന ഒരു വാർത്തയുടെ പശ്ചാത്തലത്തിലാണ് ഇത്രയും കാര്യങ്ങൾ ഇവിടെ കുറിച്ചത്. പാകിസ്താന്റെ യശസ്സ് അംബരത്തോളമുയർത്തിയ നോബേൽ സമ്മാന ജേതാവ് ഡോ. അബ്ദുസ്സലാമിനോട് ആ രാജ്യം കാണിച്ച മാപ്പർഹിക്കാത്ത നന്ദികേടും അപരാധവും ഏറെ വൈകി ഇപ്പോൾ തിരുത്താൻ പാക് ഭരണകൂടം മുന്നോട്ടു വരുന്നു എന്നതാണ് വാർത്തയുടെ കാതൽ. സലാമിനെ ആദരിക്കുന്നതിന്റെ ഭാഗമായി ഇസ്‌ലാമാബാദിലെ ഖയ്ദെ അസം സർവകലാശാലയിലെ സയൻസ് സെന്ററിന് 'പ്രൊഫസർ അബ്ദുസ്സലാം സെന്റർ ഫോർ ഫിസിക്സ്' എന്നു പേരിടുമെന്നു പ്രധാനമന്ത്രി നവാസ് ഷെരീഫ് പ്രഖ്യാപിച്ചിട്ടുണ്ട്. പ്രമുഖ വിദേശ യൂണിവേഴ്സിറ്റികളിൽ അധ്യയനം നടത്തുന്നതിന് അഞ്ചു വിദ്യാർഥികൾക്ക് എല്ലാ വർഷവും 'അബ്ദുസ്സലാം ഫെലോഷിപ്പ്' നല്കുമെന്നതാണ് മറ്റൊരു തീരുമാനം.

വൈകിയുദിച്ച ഈ വിവേകത്തോട് സുന്നി മുസ്‌ലിം പുരോഹിതക്കൂട്ടവും ലശ്കറെ ത്വയ്യിബയടക്കമുള്ള തീവ്രവാദ സംഘങ്ങളും എങ്ങനെ പ്രതികരിക്കുമെന്നു കാണാനിരിക്കുന്നതേയുള്ളൂ. അഹ്മദിയ്യാ മുസ്‌ലിംകൾക്കു പുറമെ ശിയ മുസ്‌ലിംകളേയും അമുസ്‌ലിംകളായി ഗണിക്കണമെന്ന് ആവശ്യപ്പെടുന്നവരാണ് അക്കൂട്ടർ, ശിയ മുസ് ലിംകളെയും അവരുടെ ദേവാലയങ്ങളേയും അക്രമിക്കുന്നതും നശിപ്പിക്കുന്നതും തങ്ങളുടെ മതപരമായ ബാധ്യതയാണെന്ന ദുർവിശ്വാസവും അവർ വെച്ചു പുലർത്തുന്നു.

ഡോ. മുഹമ്മദ് അബ്ദുസ്സലാം (മരണം 1996) ഫിസിക്സിനുള്ള നോബേൽ സമ്മാനം നേടി 37 വർഷവും അദ്ദേഹം അന്തരിച്ച് 20 വർഷവും പിന്നിട്ടശേഷം ഇപ്പോൾ അദ്ദേഹത്തെ ആദരിക്കാൻ മുന്നോട്ടുവന്ന നവാസ് ഷെരീഫും അദ്ദേഹത്തിന്റെ പാർട്ടിക്കാരും സമാന ചിന്താഗതിക്കാരും രണ്ടു കാര്യങ്ങൾ പുനരാലോചനയ്ക്കു വിധേയമാക്കേണ്ടതുണ്ട്. ആദ്യം മുഹമ്മദ് സഫറുല്ലാഹ്ഖാനോടും പിന്നീട് മുഹമ്മദ് അബ്ദുസ്സലാമിനോടും കാണിച്ചതുപോലുള്ള മനുഷ്യഹീനത ഭാവിയിൽ മറ്റുള്ളവരോടും കാണിക്കാൻ തുനിയുകയോ അതിനു സമ്മർദ്ദം ചെലുത്തുകയോ ചെയ്യുന്നവരോടു ഭരണകൂടം സ്വീകരിക്കേണ്ട സമീപനം എന്തായിരിക്കണം എന്നതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തേത്, 1974 ൽ അഹ്മദിയ്യാ മുസ്‌ലിംകളുടെ മേൽ ഏർപ്പെടുത്തിയ മതസ്വാതന്ത്ര്യ വിലക്കു തുടരണമോ എന്നതാണ്.

ഇപ്പറഞ്ഞ രണ്ടു വിഷയങ്ങളിലുമുള്ള പുനഃശ്ചിന്തയെ നഖശിഖാന്തം എതിർക്കാൻ രാജ്യത്തെ സുന്നി

ശേഷം പേജ് 30 ൽ

# ടിപ്പുസുൽത്താൻ: തെറ്റിദ്ധരിപ്പിക്കപ്പെട്ട ചരിത്രപുരുഷൻ

ടിപ്പുസുൽത്താൻ മത സഹിഷ്ണുതയുടെ ഇന്ത്യൻ മാതൃകയാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ പോരാടിയ ടിപ്പുവിന്റെ ചരിത്രം നിക്ഷിപ്ത താൽപര്യക്കാർ വികലമാക്കുകയാണ്.

**മുഈൗൻ, പഴയങ്ങാടി**

പോയകാലത്തിന്റെ സത്യസന്ധമായ രേഖപ്പെടുത്തലുകളും അതിനെ കുറിച്ചുള്ള പഠനവുമാണ് ചരിത്രം. മനുഷ്യവർഗത്തിന്റെ സാംസ്കാരിക സാമൂഹിക രാഷ്ട്രീയ വൈജ്ഞാനിക വികാസത്തിന്റെ കഥയാണ് ചരിത്രം. അത് വർത്തമാനത്തേയും ഭാവിയേയും ഭൂതവുമായി കോർത്തിണക്കുന്നു. എന്നാൽ ഇന്ന് ചരിത്രം എന്നത് ഒരു നിക്ഷിപ്ത താൽപര്യങ്ങളുടെ വികല പ്രസ്താവനകൾ മാത്രമാണ്. ഭരണവും ഭരണകർത്താക്കളും മാറുന്നതനുസരിച്ച് ചരിത്രവും മാറുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്.

പലപ്പോഴും ചരിത്രത്തെ വികലമാക്കുന്നവരുടെ ധൈര്യമെന്ന് പറയുന്നത് തെറ്റിദ്ധരിപ്പിക്കപ്പെട്ട ചരിത്രങ്ങൾ അന്വേഷിച്ച് സത്യങ്ങൾ കണ്ടെത്താൻ ആരും ബുദ്ധിമുട്ടാറില്ല എന്നതാണ്. ചരിത്രം വളച്ചൊടിക്കുമ്പോൾ വരും തലമുറകൾ തെറ്റായ അറിവിലേക്ക് നയിക്കപ്പെടും എന്നതാണ് സത്യം, ഉദയ സൂര്യനെ നോക്കി അസ്തമയ സൂര്യൻ എന്ന് പറയുന്നത് പോലെ അപകടകരമാണത്. യേശുവിന്റെ കുരിശ്മരണവും ആകാശാരോഹണവുമൊക്കെ അത്തരത്തിൽ വികലമാക്കപ്പെട്ട കെട്ടുകഥകളാണ് എന്നതാണ് യാഥാർഥ്യം. പഴക്കം ചെല്ലുന്തോറും അത്തരം ചരിത്രങ്ങൾ തിരുത്തി വായിക്കുക പ്രയാസവുമാണ്.

ആദ്യകാലങ്ങളിൽ ഇന്ത്യയിലേക്ക് വന്ന മുസ്‌ലിം അധിനിവേശക്കാർ ക്ഷേത്രങ്ങൾ തകർത്ത ചരിത്രങ്ങൾ മാത്രമാണ് നമ്മുടെ ചരിത്ര പുസ്തകങ്ങൾ പഠിപ്പിക്കുന്നുള്ളൂ. എന്നാൽ അതിനേക്കാൾ ദൈർഘ്യമേറിയ കാലഘട്ടം ഇവിടെ ഭരിച്ചത് അവരുടെ മുൻഗാമികളായ മുസ്‌ലിം ഭരണാധികാരികൾ തന്നെയായിരുന്നു. ഈ കാലയളവിൽ മതഐക്യവും പരസ്പര സൗഹൃദവും നിലനിർത്താൻ അവർ ചെയ്ത പ്രവർത്തികൾ ചരിത്രത്തിൽ വേണ്ടത്ര ഇടം പിടിച്ചില്ല. ഹിന്ദുവിനേയും മുസ്‌ലിമിനേയും തമ്മിലടിപ്പിക്കാനും ഭിന്നിപ്പിച്ച് ഭരിക്കാനുമുള്ള ബ്രിട്ടീഷ് കുടിലതന്ത്രത്തിന്റെ ഫലമാണ് ചരിത്രത്തിലെ ഈ പുകമറ. അവരുടെ നിശിതമായ ആക്ഷേപശരങ്ങൾക്ക് ലക്ഷ്യീഭവിക്കാത്ത മുസ്‌ലിം ഭരണാധികാരികളുണ്ടോ എന്ന് പോലും സംശയിക്കേണ്ടിയിരിക്കുന്നു.

ഇത്തരത്തിൽ ഒരു മതത്തിൽപ്പെട്ട വ്യക്തിയായത് കൊണ്ട് മാത്രം വിമർശനങ്ങൾക്ക് വിധേയനായ മഹാനാണ് സുൽത്താൻ ഫതഹ് അലി ഖാൻ ബഹാദുർ എന്ന ടിപ്പു സുൽത്താൻ. അക്രമവും അന്യായവും പ്രവർത്തിക്കാനും കലഹവും കലാപവും സൃഷ്ടിക്കാനും വാസനയുള്ള മതഭ്രാന്തനായ ഒരു രാജാവായിരുന്നു അദ്ദേഹമെന്നും, അസംഖ്യം ഹിന്ദുക്കളെ ബലാൽക്കാരപൂർവം മതപരിവർത്തനം നടത്തിയിരുന്നു എന്നുമൊക്കെ നീളുന്നു അദ്ദേഹത്തിന് നേരെയുള്ള ആക്ഷേപങ്ങൾ. എന്നാൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയാൽ നമുക്കറിയാൻ സാധിക്കും ഈ ചരിത്ര ഗവേഷണത്തിന്റെ മൂലഗ്രന്ഥങ്ങളിൽ അധികവും ബ്രിട്ടീഷുകാർ എഴുതിയിട്ടുള്ള ചരിത്രങ്ങളും പാഠപുസ്തകങ്ങളുമാണെന്ന്. എന്നാൽ ആ ചരിത്രം പരിശോധിക്കുന്നതിന് മുമ്പ് നോക്കേണ്ടത് ബ്രിട്ടീഷുകാർക്ക് ടിപ്പുവിനോടുള്ള വിരോധത്തിന് കാരണമെന്ത് എന്നാണ്.

ടിപ്പു സുൽത്താന്റെ പിതാവായ ഹൈദരലി അഭ്യസ്തവിദ്യനായി

രുന്നെങ്കിലും സ്വന്തം പ്രതിഭാസമ്പന്നതയാൽ ഒരു വലിയ സാമ്രാജ്യം തന്നെ സ്ഥാപിക്കുകയും ഏറ്റവും സമർഥമായ നിലയിൽ ഈ വിശാല രാജ്യത്തെ ഭരിക്കുകയും വിവിധ ജാതി മതസ്ഥരായ തന്റെ പ്രജകളിൽ സമാധാന ഐശ്വര്യം വളർത്തിക്കൊണ്ട് വരികയും ചെയ്തിരുന്നു എന്നുള്ളത് അനിഷേധ്യമായ ഒരു ചരിത്ര വസ്തുതയാണ്. തന്റെ സീമന്ത പുത്രനായ ടിപ്പുവിന് ഉൽകൃഷ്ട വിദ്യാഭ്യാസം നേടുന്നതിന് ആവശ്യമായതെല്ലാം അദ്ദേഹം ചെയ്തു കൊടുക്കുകയുമുണ്ടായി. അതുകൊണ്ട് തന്നെ ടിപ്പു യുദ്ധവൈദഗ്ദ്ധ്യം നേടുക മാത്രമല്ല അതോടൊപ്പം അറബി, പാർസി, കന്നട, സംസ്കൃതം, ഫ്രഞ്ച് എന്നീ ഭാഷകൾ നല്ലപോലെ അഭ്യസിക്കുകയും അവയിൽ ചിലതിൽ പ്രാവീണ്യം നേടുകയും ചെയ്തു. ടിപ്പുസുൽത്താൻ ഇസ്‌ലാം മതത്തിന്റെ പാഠങ്ങൾ നല്ലപോലെ ഗ്രഹിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്തിട്ടുണ്ടെന്നതിന് അദ്ദേഹത്തിന്റെ ജീവചരിത്രം സാക്ഷിയാണ്.

ഏതാണ്ട് ടിപ്പുവിന്റെ കാലയളവിലാണ് വ്യാപാരാർഥം ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ രംഗപ്രവേശനം ചെയ്യുന്നത്. ഇന്ത്യയിൽ പ്രവേശിച്ച വിദേശികളിൽ വെച്ച് ഏറ്റവും പ്രബലർ ബ്രിട്ടീഷുകാരാണെന്നും അവരെ തുടക്കത്തിലേ തടഞ്ഞില്ലെങ്കിൽ പിന്നീട് ദുഃഖിക്കേണ്ടിവരുമെന്നും അദ്ദേഹം മനസ്സിലാക്കി. ഒരുപക്ഷേ ഒന്നാം സ്വാതന്ത്ര്യ സമരത്തിനും (1857) മുമ്പ് തന്നെ ബ്രിട്ടീഷുകാരോട് സ്വാതന്ത്ര്യത്തിനായി പോരാടിയ ആദ്യത്തെ ഭരണാധികാരി ടിപ്പുവായിരിക്കും. അന്നത്തെ ദക്ഷിണേന്ത്യയിലെ രാജാക്കന്മാരുടെ സ്ഥിതിയാവട്ടെ പാശ്ചാത്യരെ ചെറുക്കാൻ മാത്രം കെൽപ്പുള്ളതായിരുന്നില്ല. പഴശ്ശിരാജ പോലും ആ സമയത്ത് ബ്രിട്ടീഷുകാരുമായി കൂട്ട് കൂടി ടിപ്പുവിനെതിരെ യുദ്ധം ചെയ്ത ചരിത്രം നമുക്കറിയാം. മുഗൾ ഭരണകേന്ദ്രമായ ഡൽഹിയാണെങ്കിൽ കമ്പനിയുടെ മുന്നിൽ അടിയറവ് പറഞ്ഞിട്ടുമുണ്ടായിരുന്നു. ദക്ഷിണേന്ത്യയിലെ ഭരണാധികാരികളായിരുന്ന ഹൈദരാബാദിലെ നൈസാമിനേയും മഹാരാഷ്ട്രക്കാരനായ പേഷ്വായേയും ഇന്ത്യയുടെ അന്നത്തെ ശോച്യാവസ്ഥ മനസ്സിലാക്കി ഇന്ത്യയുടെ പൊതുക്ഷേമോന്നതിക്ക് വേണ്ടി പ്രവർത്തിക്കാൻ ശ്രമിച്ചുവെങ്കിലും അവയെല്ലാം വിഫലമായി. തുടർന്ന് 1788 ൽ അദ്ദേഹം തന്റെ മൂന്ന് പ്രതിനിധികളെ ഫ്രാൻസിലേക്ക് അയച്ചു. അന്നത്തെ ഫ്രഞ്ചു ചക്രവർത്തി ലൂയി പതിനാറാമൻ ടിപ്പു സുൽത്താന്റെ പ്രതിനിധികളെ ആദരവോടെ സ്വീകരിച്ചുവെങ്കിലും, പല കാരണങ്ങളാലും ലൂയിയുടെ ഗവൺമെന്റിന് സഹായഹസ്തം നീട്ടുവാൻ സാധ്യമായില്ല. എങ്കിലും ഇന്ത്യയിലുണ്ടായിരുന്ന ഫ്രഞ്ചുകാരുടെ സഖ്യം സുൽത്താന് അന്യമായിരുന്നില്ല. ടിപ്പുസുൽത്താന്റെ ഇത്തരം പരിശ്രമങ്ങളാണ് ഇംഗ്ലീഷുകാർ തങ്ങളുടെ പ്രഥമ ശത്രുവായി അദ്ദേഹത്തെ ഗണിക്കാൻ കാരണമായത്.

ടിപ്പുസുൽത്താനെ രാജ്യഭ്രഷ്ടനാക്കിയാൽ മൈസൂർക്കാർക്ക് സ്വർഗീയമായൊരു ഭരണക്രമം നടപ്പാക്കി കൊടുക്കാമെന്നും മറ്റും ഈസ്റ്റ് ഇന്ത്യാ കമ്പനി അവരുടെ പട്ടാള മേധാവിയായ ജനറൽ മാത്യൂസ് മുഖേന നാട്ടുകാരെ അറിയിക്കുകയും അവരെക്കൊണ്ട് ഈ നിർദേശം സ്വീകരിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്തിരുന്നു. പക്ഷേ നാട്ടുകാർ ആ പ്രലോഭനങ്ങൾക്ക് മുന്നിൽ വഴങ്ങിയിരുന്നില്ല. തുടർന്ന് ജനറൽ മാത്യൂസിന്റെ നേതൃത്വത്തിൽ കമ്പനിപട ഹൈദർ നഗരം അക്രമിക്കുകയാണുണ്ടായത്. ഈ അവസരത്തിൽ കർണാടകക്കിൽ ആയിരുന്ന ടിപ്പുസുൽത്താൻ വിവരമറിഞ്ഞയുടനെ ഹൈദർ നഗരത്തിലേക്ക് തിരിച്ചു. അപ്പോഴേക്കും ബ്രിട്ടീഷുകാർ ഹൈദർ നഗരം കീഴടക്കിയിരുന്നു. സുൽത്താൻ തിരിച്ചെത്തിയ ഉടനെ ഹൈദർ നഗരത്തെ വീണ്ടെടുക്കുന്നതിനായി ഇംഗ്ലീഷുകാരുമായി യുദ്ധത്തിൽ ഏർപ്പെട്ടു. രണ്ടാഴ്ച നീണ്ടുനിന്ന യുദ്ധത്തിന് ശേഷം ഇംഗ്ലീഷുകാരുടെ ആശ മുഴുവൻ അസ്ഥാനത്തായി. പ്രതാപികളായി പരിലസിച്ചിരുന്ന അവരുടെ സൈന്യങ്ങൾ പരാജിതരായി സന്ധിക്കുള്ള അഭ്യർഥനയുമായി മുന്നോട്ട് വന്നു. ഹൈദർ നഗരത്തിൽ നിന്ന് അവർ അപഹരിച്ചെടുത്ത വമ്പിച്ച ദ്രവ്യസമ്പത്ത് തിരികെ കൊടുക്കണമെന്നുള്ളതായിരുന്നു സന്ധി നിർദേശം. പകരം അവർക്ക് മുംബൈ വരെ ചെന്നെത്തുന്നതിന് ആവശ്യമായ ഭക്ഷണ സാധനവും വാഹന സൗകര്യവും ഏർപ്പാടാക്കി കൊടുക്കാമെന്ന് സുൽത്താൻ സമ്മതിച്ചു. എന്നാൽ ഇംഗ്ലീഷുകാർക്ക് തങ്ങളുടെ കയ്യിൽ കിട്ടിയ ആ വമ്പിച്ച ദ്രവ്യസഞ്ചയം തിരികെ കൊടുക്കാൻ താൽപര്യമുണ്ടായിരുന്നില്ല. കഴിയുന്നത്ര ധനം അവിടെ നിന്ന് സൂത്രത്തിൽ കടത്തി കൊണ്ടുപോകാൻ അവർ ആവുന്നതും ശ്രമിച്ചു. ഹൈദർ നഗരത്തിൽ നിന്ന് ലഭിച്ച അമൂല്യ രത്നങ്ങളും മറ്റും ഭദ്രമാക്കിക്കൊണ്ട് മദ്രാസിലേക്ക് പുറപ്പെട്ട ജനറൽ മാത്യൂസിന്റെ അനുചരന്മാരെ സുൽത്താന്റെ സൈന്യം കണ്ടുപിടിച്ച് ശിക്ഷയ്ക്ക് വിധേയരാക്കി. ആ കൂട്ടത്തിൽ ജനറൽ മാത്യൂസും തടവുശിക്ഷയ്ക്ക് വിധേയനായി. ഇന്ത്യ മുഴുവൻ എളുപ്പത്തിൽ തങ്ങളുടെ അധീനതയിലാക്കാം എന്ന ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ആഗ്രഹത്തിനേറ്റ ആദ്യ പ്രഹരമായിരുന്നു ഈ സംഭവം. ബ്രിട്ടീഷുകാർ പിന്നീട് ടിപ്പു സുൽത്താന്റെ നിഷ്ഠൂരതയ്ക്ക് ഉദാഹരണമായി ഈ രംഗങ്ങൾ ഭയാനകമായ രീതിയിൽ ചിത്രീകരിക്കുകയാണുണ്ടായത്.

ഈ സാഹചര്യത്തിലാണ് ടിപ്പു സുൽത്താനെതിരെയുള്ള ബ്രിട്ടീഷുകാരുടെ ആക്ഷേപങ്ങളെ നാം വിലയിരുത്തേണ്ടത്. അവരുടെ ഈ

ആക്ഷേപാരോപണങ്ങളെ കുറിച്ച് പ്രശസ്ത ചരിത്രകാരനായ ശ്രീ ശിവരാമൻ നായർ തന്റെ ടിപ്പുസുൽത്താൻ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു; സംഗതികളുടെ യാഥാർഥ്യം ഗ്രഹിക്കാൻ ധാരാളം സൗകര്യമുണ്ടായിരുന്ന ഒരു ചരിത്രകാരനായ മി. വിൽക്സ് പറയുന്നത് ഇംഗ്ലീഷ് ചരിത്രകാരന്മാരുടെ ഈ പ്രസ്താവനയിൽ പരമാർഥത്തിന്റെ പരമാണുക്കൾ പോലുമില്ല എന്നാണ്. വിശാലഹൃദയനായ ടിപ്പുസുൽത്താൻ ഇമ്മാതിരി അന്യായങ്ങൾ പ്രവർത്തിച്ചിട്ടില്ല എന്നത് തീർച്ചയാണ്. അഥവാ അപ്രകാരം പ്രവർത്തിച്ചു എന്ന് വിചാരിക്കുന്ന പക്ഷവും അതിൽ സുൽത്താന് ഒരിക്കലും കുറ്റം പറയാൻ സാധിക്കുകയില്ല. ജനറൽ മാത്യൂസും അനുയായികളും ഒന്നുചേർന്ന് മലബാറിലെ പട്ടണങ്ങളും ഗ്രാമങ്ങളും ചുട്ടെരിച്ചതും സാധുക്കളായ ഹിന്ദു കൃഷീവലരെ നിഷ്കരുണം മർദിച്ചതും ന്യായം! തനിക്കും നഗരവാസികൾക്കും യാതൊരു ഉപദ്രവവും ചെയ്കയില്ലെന്ന് ഇംഗ്ലീഷ് സേനാനായകൻ ചെയ്ത പ്രതിജ്ഞ വിശ്വസിച്ചു കീഴടങ്ങിയ ശേഖ് അയാസിനെ ആ നിമിഷം തന്നെ ബന്ധനത്തിലാക്കി ദ്രോഹിച്ചത് മര്യാദ! ഹൈദർ നഗരവാസികളുടെ സർവവും കത്തിക്കുവാനും അവരെ മൃഗീയമായി ഹേമദണ്ഡങ്ങൾ ചെയ്തതും നരകപീഡനം അനുഭവിപ്പിച്ചതും നീതി! ആ നഗരത്തിലെ കുലപതികളായ മഹിളാമണികളോട് അനുവർത്തിച്ച പൈശാചിക നയം ധർമം! സുൽത്താനോട് ചെയ്ത സന്ധിവ്യവസ്ഥകൾ പാടേ പരിത്യജിച്ച് അവിടുത്തെ ദ്രവ്യം മുഴുവൻ നാടുകടത്താൻ ശ്രമിച്ചത് സത്യം! ഇതെല്ലാം അഭിലഷണീയം, ആദരണീയം!!! എന്നാൽ ഇതിനൊക്കെ പ്രതികാരമായി വിജയിയായി ഒരു രാജപുംഗവൻ ഭടന്മാരെ തടവിലിടുകയും മറ്റു ചിലരെ വധിക്കുകയും ചെയ്തെങ്കിൽ അത് അക്രമം, അത് ക്രൂരത. അതിന് സുൽത്താനെ പഴിക്കാൻ എത്രയെത്ര തൂലികകൾ സന്നദ്ധമാകുന്നു. സന്ധിവ്യവസ്ഥ അനുസരിച്ച് സുൽത്താൻ ഇംഗ്ലീഷ് ഭടരിൽ മിക്കവരേയും മാന്യമായി വെറുതെ വിട്ടു എന്നതാണ് പരമാർഥം. (ടിപ്പു സുൽത്താൻ ഭാഗം 16-17)

ടിപ്പു ഒരു മതഭ്രാന്തനായിരുന്നു എന്നതാണ് ഒരു പ്രധാന ആക്ഷേപം. അദ്ദേഹം ഇസ്‌ലാം മതത്തിന്റെ യഥാർഥ പാഠങ്ങൾ നല്ലപോലെ ഗ്രഹിക്കുകയും അവയെ സ്വജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്ത മഹാനായിരുന്നു എന്നതിൽ യാതൊരു തർക്കവുമില്ല. ഒരു യഥാർഥ ഇസ്‌ലാം മതവിശ്വാസി എന്ന നിലയിൽ ഇസ്‌ലാം മതത്തിന്റെ മഹനീയാദർശങ്ങൾ സകലയിടത്തും പ്രചരിപ്പിക്കുന്നതിന് അദ്ദേഹം ശ്രമിച്ചു. ഒരു മതം വിശിഷ്ടമാണെന്നും ആ മതത്തിന്റെ തത്ത്വങ്ങൾ മനുഷ്യരെ സ്വർഗത്തിലേക്കും സദാചാരത്തിലേക്കും നയിക്കാൻ പര്യാപ്തമാക്കുമെന്നും തോന്നുമ്പോൾ ആ വിശിഷ്ട തത്ത്വങ്ങൾ ജനമധ്യത്തിലേക്ക് പ്രചരിപ്പിക്കുന്നത് സർവസാധാരണമാണ്. കലിംഗ യുദ്ധത്തിന് ശേഷം ബുദ്ധമതം സ്വീകരിച്ച അശോക ചക്രവർത്തി ചെയ്തുപോന്നതും ഇതു തന്നെയാണ്. പക്ഷേ, അശോക ചക്രവർത്തിയെ ആരും വിമർശിക്കുന്നത് കാണാറില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ശിവരാമൻ നായർ ഇപ്രകാരം എഴുതുന്നു: ചരിത്രകാരന്മാർ സാധാരണ ജനങ്ങളെ മനപ്പൂർവം തെറ്റിദ്ധരിപ്പിക്കുന്നത് പോലെ മതപ്രചരണാർഥം സുൽത്താൻ യാതൊരു തരത്തിലുള്ള ബലപ്രയോഗവും നടത്തിയില്ല. ആനന്ദതുന്ദിലാരായ ജനങ്ങൾ സുൽത്താനെ അനുഗമിച്ചു. മുഹമ്മദീയ ദേവാലയങ്ങളിൽ സ്വമനസ്സാലെ കൂട്ടംകൂട്ടമായി ചെന്ന് ഇമ്മാതിരി ശാന്തിയും ക്ഷേമവും എന്നന്നേക്കും നിലനിൽക്കേണമേ എന്ന് പ്രാർഥിച്ചു. കളകളാരവത്തോടെ നിർഗളിച്ച് കൊണ്ടിരുന്ന കാവേരി നദിയുടെ രമണീയങ്ങളായ തീര പ്രദേശങ്ങൾ ആഹ്ലാദഘോഷങ്ങൾ കൊണ്ടും ഭക്തിമയങ്ങളായ മന്ത്രധ്വനികൾ കൊണ്ടും മുഖരിതമായിരുന്നു. ടിപ്പുസുൽത്താന്റെ രാജധാനി പോലെ ഐശ്വര്യപൂർണമായ രാജധാനിയോ മൈസൂർ നിവാസികളെ പോലെ ഭാഗ്യവാന്മാരായ മനുഷ്യരോ അന്ന് ഏഷ്യയിൽ വേറെ ഇല്ലാതെയായി. (ടിപ്പു സുൽത്താൻ ഭാഗം 23-24)

മലബാറിലെ സവർണ ഫ്യൂഡൽ തലവന്മാരാണ് ടിപ്പുവിനെ വർഗീയവാദിയായും ഹിന്ദു വിരുദ്ധനായും ചിത്രീകരിച്ചതും പ്രചരിപ്പിച്ചതുമെന്ന് ഡോ: കെ.കെ.എൻ. കുറുപ്പ് തന്റെ നവാബ് ടിപ്പുസുൽത്താൻ ഒരു പഠനം എന്ന ഗ്രന്ഥത്തിൽ അടിവരയിടുന്നുണ്ട്. നാട്ടുരാജാക്കന്മാർ തമ്മിലടിച്ചും കൊള്ളചെയ്തും താഴ്ന്ന ജാതിക്കാരുടെ സ്ത്രീകൾക്ക് മാറ് മറക്കാൻ അനുവാദമില്ലാതെയും അവരെ പീഡിപ്പിക്കുകയും അകാരണമായി കൊല്ലുകയുമൊക്കെ ചെയ്തിരുന്ന കാലത്താണ് മൈസൂർ ഭരണം മലബാറിൽ വരികയും നായന്മാർ വാളുകൾ കൊണ്ട് നടക്കുന്നത് നിരോധിക്കുകയും ബഹുഭർതൃത്വം നിരോധിക്കുകയുമൊക്കെ ചെയ്തത്. കൂടാതെ ഭൂപരിഷ്കരണം നടപ്പിലാക്കുക വഴി കൃഷി ചെയ്യാതെ വിളവിൽ നിന്ന് പങ്ക് പറ്റിയിരുന്ന നായന്മാരിൽ നിന്ന് കർഷകന് അവന്റെ കൃഷിഭൂമിയിൽ അധികാരം കിട്ടുകയും ചെയ്തു. ഇതൊക്കെയാണ് സ്വാഭാവികമായും അന്നത്തെ ഫ്യൂഡൽ മാടമ്പികൾ ടിപ്പുവിനെതിരെ തിരിയാൻ കാരണം. ബ്രിട്ടീഷ് ഭൂനിയമത്തെ പറ്റിയുള്ള വാർഡൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത്: “അവർ (മൈസൂർ ഭരണാധികാരികൾ) ഭൂവുടമകളെ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറ്റുകയോ താമസസ്ഥലത്ത് നിന്ന് പുറത്താക്കുകയോ സിൽബന്ധികളെ അവിടെ കൊണ്ടുവരികയോ

ചെയ്തിട്ടില്ല. ബോർഡിനെ വിശ്വസിപ്പിച്ചത്ര തകരാറുകൾ മുഹമ്മദീയ ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് മലബാറിൽ ഉണ്ടായിട്ടില്ല. (History of Tippu Sulthan, Mohinul Hassan). കോൺവാലിസിനു ശേഷം ഭരണമേറ്റെടുത്ത സർ ജോൺഷോർ പറയുന്നത് ടിപ്പുവിന്റെ രാജ്യത്തെ കർഷകർ സംരക്ഷിക്കപ്പെട്ടിരുന്നു അവരുടെ പരിശ്രമങ്ങൾക്ക് സഹായവും പ്രതിഫലവും ലഭിച്ചിരുന്നു' എന്നാണ് (Advanced History of India, R.C Majumdar)

ഹിന്ദുക്കൾക്കെതിരെ ടിപ്പു ഒരുപാട് കരം ചുമത്തുകയും അവരെ സാമ്പത്തികമായി ബുദ്ധിമുട്ടിക്കുകയും ചെയ്തു എന്നതാണ് മറ്റൊരാരോപണം. എന്നാൽ ബ്രിട്ടീഷുകാരനായ മക്കെൻസി പോലും എഴുതിയിട്ടുള്ളത് ഇപ്രകാരമാണ്. അമിതകരം പിരിവിൽ നിന്ന് സുൽത്താൻ കർഷകരെ സംരക്ഷിച്ചിരുന്നു. അവരിൽ ഭൂരിഭാഗവും ഹിന്ദുക്കളിൽ പെട്ടവരായിരുന്നു. (Machenie Report, Vol 2, Page 72-73)

പ്രധാനമായും ടിപ്പുവിനെതിരെയുള്ള ആരോപണം മലബാറിലെ ക്ഷേത്രങ്ങൾ തകർത്തു എന്നതാണ്. 1757ൽ സാമൂതിരി പാലക്കാട് ആക്രമിക്കുകയും അവിടുത്തെ രാജാവ് ഹൈദരലിയോട് 12 ലക്ഷം രൂപ നൽകാമെന്ന വ്യവസ്ഥയിൽ സൈനിക സഹായം ആവശ്യപ്പെടുകയും, തുടർന്ന് ആ തുക പാലക്കാട് രാജാവ് നൽകാതിരിക്കുകയും, തുകക്കായി അയച്ച ഹൈദരലിയുടെ ആളുകളെ സാമൂതിരി കൊല്ലുകയും ചെയ്തതിനെ തുടർന്നാണ് ടിപ്പുവിന്റെ നേതൃത്വത്തിൽ മൈസൂർ സൈന്യം മലബാറിൽ വരുന്നത്. ടിപ്പുവിന്റെ മലബാർ വരവ് ഏതെങ്കിലും ക്ഷേത്രം തകർക്കാനായിരുന്നുവെങ്കിൽ മലബാറിൽ ഒരു ക്ഷേത്രവും ബാക്കി ഉണ്ടാകുമായിരുന്നില്ല. അത്രക്ക് ശക്തമായിരുന്നു ടിപ്പുവിന്റെ സൈന്യബലം. മൈസൂർപ്പട തൃശ്ശൂരിനെ സമീപിക്കുന്നത് അറിഞ്ഞ് ക്ഷേത്രങ്ങൾ പൂട്ടി പൂജാരിമാർ രക്ഷപ്പെട്ടിരുന്നു. വടക്കുന്നത്ത് ക്ഷേത്രത്തിലെ പട്ടോലമേനോൻ തിരിച്ചെത്തിയപ്പോൾ എല്ലാം പഴയ സ്ഥാനത്ത് തന്നെ ഉണ്ടായിരുന്നുവെന്നാണ് അദ്ദേഹം സാക്ഷ്യപ്പെടുത്തിയത്. "അവർ ക്ഷേത്രം അശുദ്ധമാക്കിയില്ല. സാധനങ്ങൾ കൊള്ളയടിച്ചില്ല. ഒരു താഴ്പോലും പൊട്ടിച്ചില്ല. (C Achutha Menon, Cochin State Manual, Pg 204)

1790-91 കാലയളവിൽ എല്ലാ ജില്ലകളിലേയും ഉദ്യോഗസ്ഥർക്ക് ടിപ്പു അയച്ച സർക്കുലർ ഇപ്രകാരമാണ്, ക്ഷേത്രങ്ങൾ നിങ്ങളുടെ ചുമതലയിലാണ്. വഴിപാടുകൾ സാധുക്കൾക്ക് വീതിച്ചു നൽകണം. പൂജാരിമാർ അത് സ്വന്തമാക്കരുത്. ക്ഷേത്രങ്ങളിലെ പണവും സാധനങ്ങളും മോഷണം പോകാതെ സംരക്ഷിക്കണം (Secret Correspondence of Tippu Sulthan, Pg 44)

ഇത്തരത്തിൽ മതേതര ബോധമുള്ള ടിപ്പുവിനെയാണ് അദ്ദേഹത്തിന്റെ മരണശേഷം മതഭ്രാന്തനായി ചരിത്രകാരന്മാർ ചിത്രീകരിച്ചത്. ബ്രിട്ടീഷുകാരനായ വില്ല്യം ലോഗനാണ് പലയിടങ്ങളിൽ നിന്നും ലഭിച്ച കേട്ടറിവുകളെ അടിസ്ഥാനമാക്കി ടിപ്പു ബ്രാഹ്മണരെ പീഡിപ്പിച്ചെന്ന കഥമെനഞ്ഞുണ്ടാക്കിയവരിൽ പ്രമുഖൻ. അഥവാ ഈ കഥ ശരിയാണെങ്കിൽ തന്നെയും മറ്റു തെളിവുകളുടെ അടിസ്ഥാനത്തിൽ ടിപ്പുവിനെതിരെ ചാരന്മാരായി പ്രവർത്തിച്ചിരുന്ന ബ്രാഹ്മണരെ മാത്രമേ പീഡിപ്പിക്കാൻ സാധ്യതയുള്ളൂ. പിടിക്കപ്പെടുമെന്ന് ഭയന്നായിരിക്കാം ചിലർ തിരുവിതാംകൂറിലേക്ക് കുടിയേറിപ്പോയതും. ടിപ്പുവിന്റെ മരണശേഷം ബ്രിട്ടീഷ് സർക്കാരിനു വേണ്ടി വിവരം ശേഖരിക്കാൻ നിയോഗിക്കപ്പെട്ട ബുക്കാനൻ മലബാറിൽ എല്ലായിടത്തും സഞ്ചരിക്കുകയും എല്ലാ വിവരങ്ങളും ശേഖരിക്കുകയും ചെയ്തെങ്കിലും ടിപ്പു ബ്രാഹ്മണരെ മതപരിവർത്തനത്തിന് ശ്രമിച്ചെന്നോ ഗോമാംസം തീറ്റിച്ചെന്നോ ഒരിടത്തും അദ്ദേഹം രേഖപ്പെടുത്തിയിട്ടില്ല. ഓരോ സ്ഥലത്തും ഹിന്ദുപ്രമാണികളുമായി അദ്ദേഹം സംസാരിച്ചെങ്കിലും അവരെല്ലാം കാർഷിക നയത്തെ കുറിച്ച് സംസാരിച്ചതല്ലാതെ നിർബന്ധിത മതപരിവർത്തനത്തെ കുറിച്ച് ഒന്നും പറഞ്ഞില്ല (Buchanan, a journey from madaras)

1784-85 കാലത്തെ ടിപ്പുവിന്റെ കീഴിലുള്ള സെൻസസ് റിപ്പോർട്ടിൽ നമ്പൂതിരിമാരേയും മറ്റും വിവരിക്കുന്നത് ഇപ്രകാരമാണ്; "നമ്പൂതിരിമാരുടെ ദേഹം ദിവ്യമാണ്, അവരുടെ ചലനങ്ങൾ ഘോഷയാത്രയാണ്. അവരുടെ ആഹാരം അമൃതാണ്. ക്ഷേത്രങ്ങളുടെ നഗരമായ ശ്രീരംഗപട്ടണമായിരുന്നു ജീവിതാവസാനം വരെ ടിപ്പുവിന്റെ രാജ്യതലസ്ഥാനം എന്നതാണ് ഏറ്റവും രസകരമായ വസ്തുത. അതും തന്റെ കൊട്ടാരത്തിന്റെ ചുറ്റുമതിലിനകത്ത് 100 മീറ്ററിനുള്ളിൽ മൂന്ന് ക്ഷേത്രങ്ങൾ സംരക്ഷിച്ച രാജാവ്. ടിപ്പുവിന്റെ ഉദ്യോഗസ്ഥരിൽ വളരെയധികം ബ്രാഹ്മണരുണ്ടായിരുന്നു. ടിപ്പുവിന്റെ മരണം വരെ പൂർണയ്യ എന്ന ബ്രാഹ്മണനായിരുന്നു അദ്ദേഹത്തിന്റെ പ്രധാനമന്ത്രി. 9 മന്ത്രിമാരിൽ 6 പേരും ഹിന്ദുക്കളായിരുന്നു. അദ്ദേഹത്തിന്റെ സൈന്യത്തിൽ 70 ശതമാനവും ഹിന്ദുക്കളായിരുന്നു എന്നാണ് ചരിത്രം പറയുന്നത്. പ്രമുഖ ചരിത്രകാരനായ ബി.എ സലറ്റോർ ടിപ്പുസുൽത്താനെ വിശേഷിപ്പിച്ചത് "The defender of Hindu dharma" എന്നാണ്.

ഹിന്ദുവിനേയും മുസ്‌ലിമിനേയും ഭിന്നിപ്പിക്കാൻ ബ്രിട്ടീഷുകാർ ചെയ്ത കുടില തന്ത്രങ്ങളെ പറ്റി പ്രശസ്ത ചരിത്രകാരനും മുൻ ഗവർണറുമായ ബി.എൻ പാണ്ഡെ ഒരിക്കൽ രാജ്യസഭയിൽ പ്രസംഗത്തിൽ പറയുന്നുണ്ട്. 1928ൽ അദ്ദേഹം അലഹബാദ് സർവകലാ

ശാലയിൽ പ്രൊഫസറായിരുന്നപ്പോൾ കുറച്ച് വിദ്യാർഥികൾ കൽക്കട്ട സർവകലാശാലയിലെ സംസ്കൃതം പ്രൊഫസറായിരുന്ന ഹരിപ്രസാദ് ശാസ്ത്രിയുടെ പുസ്തകവുമായി അദ്ദേഹത്തിന്റെ അടുത്തെത്തി. 3000 ബ്രാഹ്മണരോട് ഇസ്ലാമിലേക്ക് നിർബന്ധിത മതപരിവർത്തനം നടത്താൻ ടിപ്പുസുൽത്താൻ ആവശ്യപ്പെട്ടുവെന്നും അങ്ങനെ ചെയ്തില്ലെങ്കിൽ അവരെ കൊന്നുകളയുമെന്ന് ഭീഷണിപ്പെടുത്തുകയും ഭയന്നുപോയ ബ്രാഹ്മണർ ആത്മഹത്യ ചെയ്തുവെന്നും ആ പുസ്തകത്തിൽ പറയുന്നു. ഈ സംഭവത്തിന്റെ സ്രോതസ്സ് അന്വേഷിച്ച് പാണ്ഡെ ഹർപ്രസാദ് ശാസ്ത്രിക്ക് കത്തയച്ചു. തനിക്ക് ലഭിച്ചത് മൈസൂർ ഗസറ്റിൽ നിന്നുമാണെന്ന് ശാസ്ത്രി മറുപടി അയച്ചു. ഉടൻ തന്നെ പാണ്ഡെ മൈസൂർ സർവകലാശാലയിലെ ചരിത്ര പ്രൊഫസറായ ശ്രീകാന്തിനോട് അത് ശരിയാണോ എന്ന് അന്വേഷിച്ചു. സംഭവം തികച്ചും വ്യാജമാണെന്നും നിജസ്ഥിതി നേർവിപരീതമാണെന്നും, ടിപ്പു മതേതര ഭരണാധികാരി ആയിരുന്നുവെന്നും, അദ്ദേഹം ക്ഷേത്രങ്ങൾക്ക് നൽകിയ സഹായധനവും ശൃംഗേരിയിലെ ശങ്കരാചാര്യർക്ക് നൽകിയ സഹായങ്ങളും ഉദ്ധരിച്ച് ടിപ്പുവിനെ കുറിച്ച് ഗവേഷണം നടത്തിയിട്ടുള്ള ശ്രീകാന്ത് മറുപടി നൽകിയതായും പാണ്ഡെ പറയുന്നു. (ബി.എൻ പാണ്ഡെ 1977ൽ രാജ്യസഭയിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്).

ചരിത്രം എപ്പോഴും ജേതാവിന്റേതാണ്. പരാജിതനായവന്റെ ചരിത്രം പലപ്പോഴും രേഖപ്പെടാറില്ല എന്നതാണ് വാസ്തവം. ബ്രിട്ടീഷുകാർ ഇവിടുന്ന് പോകുമ്പോൾ നമുക്ക് ബാക്കിവെച്ചു പോയ അൽപ്പം കാര്യങ്ങളിലൊന്നാണ് ഹിന്ദുവിനേയും മുസൽമാനെയും തെറ്റിക്കാനുള്ള ചില വ്യാജ പ്രസ്താവനകൾ. ടിപ്പുവിന്റെ അന്ത്യത്തോടെ അദ്ദേഹത്തിന്റെ കൊട്ടാരം ബ്രിട്ടീഷുകാർ തകർത്തിരുന്നു. അതിൽ 40000 ഓളം പുസ്തകങ്ങൾ ഉൾപ്പെട്ടതായി പറയപ്പെടുന്നു. ടിപ്പുവിനെ സമൂഹ മനസ്സിൽ നിന്ന് ഒഴിവാക്കാൻ വേണ്ടി അവർ മനഃപൂർവം ചെയ്തതാണ് ഇത് എന്ന് വ്യക്തം. എന്നാൽ സത്യത്തിൽ ചാവക്കാട്ടെ മുഹമ്മദ് ഹാജിയുടെ കയ്യിൽ നിന്ന് 110 ഏക്കർ ഭൂമിവാങ്ങി ഗുരുവായൂരമ്പലത്തിന് നൽകിയ ഭരണാധികാരിയാണ് ടിപ്പു സുൽത്താൻ. ശ്രീരംഗനാഥ സ്വാമി ക്ഷേത്രത്തിലേക്ക് ടിപ്പു സംഭാവന നൽകിയ പൂജാ സാധനങ്ങൾ ഇപ്പോഴും ഉപയോഗിച്ചുവരുന്നു. നെഞ്ചങ്കോട് കന്തേശ്വര ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച ശിവലിംഗവും ടിപ്പു സംഭാവന നൽകിയതാണ്. ഈ ടിപ്പുവിന് എങ്ങനെയാണ് ക്ഷേത്രങ്ങൾ തകർക്കാനാവുക, ഈ ടിപ്പുവിന് എങ്ങനെയാണ് മറ്റുള്ളവരെ നിർബന്ധിത മതപരിവർത്തനത്തിന് വിധേയനാക്കാൻ സാധിക്കുക? ഇന്ത്യയിൽ നടന്ന ഏറ്റവും വലിയ സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തിന്റെ പ്രതീകമാണ് ടിപ്പു സുൽത്താൻ.

---

പേജ് 25 ൽ നിന്നും തുടർച്ച

മുസ്ലിം പൗരോഹിത്യവും സുന്നി തീവ്രവാദ ഗ്രൂപ്പുകളും ചാടിവീഴുമെന്ന കാര്യത്തിൽ സംശയമില്ല. പുരോഹിതരുടേയും തീവ്രവാദികളുടേയും മുൻപിൽ തോറ്റുകൊടുത്ത ചരിത്രമാണ് പാക് ഭരണാധികാരികൾക്കുള്ളത്. ആ പാരമ്പര്യത്തെയും കീഴ്വഴക്കത്തേയും മറികടക്കാനുള്ള നെഞ്ചുറപ്പു കാണിക്കുന്നവർക്കു മാത്രമേ രാജ്യത്തു ജനാധിപത്യമൂല്യങ്ങൾ വളർത്താനും പതുക്കെപ്പതുക്കെയെങ്കിലും പൗരസമത്വം എന്ന ആശയം പ്രയോഗവൽക്കരിക്കാനും സാധിക്കൂ.

ഇതു പറയുമ്പോൾ, 1974 ൽ അഹ്മദിയ്യാ മുസ്ലിംകളെ അമുസ്ലിം ന്യൂനപക്ഷമായി വർഗീകരിക്കുന്ന ബിൽ ഭൂരിപക്ഷഹിത പ്രകാരം പാർലമെന്റ് അംഗീകരിച്ചതാണെന്നു ചൂണ്ടിക്കാട്ടാൻ വെമ്പുന്നവരെ അപ്പുറത്തു കാണാൻ സാധിക്കുന്നുണ്ട്. പാർലമെന്റിലെ ഭൂരിപക്ഷത്തിന്റെ പിന്തുണയോടെയാണെങ്കിലും ഏതെങ്കിലും ജനവിഭാഗത്തിന്റെ ന്യായമായ അവകാശങ്ങൾ ചവിട്ടി മെതിക്കുന്നതു ജനാധിപത്യമൂല്യങ്ങൾക്കു നിരക്കുന്നതല്ല. ഹിറ്റ്ലറും പാർലമെന്റ് വഴി തന്നെയാണ് ജർമനിയിൽ ജൂതരുടെ സർവ സ്വാതന്ത്ര്യവും സമസ്താവകാശങ്ങളും ഹനിച്ചത്. ന്യായാന്യായങ്ങൾ പരിഗണിക്കാതെ, നിയമസഭകളിലെ ഭൂരിപക്ഷത്തിന്റെ പിൻബലത്തിൽ ജനവിഭാഗങ്ങളെ അടിച്ചമർത്തുന്നതിന്റെ പേര് പ്രജാധിപത്യമെന്നല്ല, ഫാസിസമെന്നാണ്.

ഡോ. അബ്ദുസ്സലാമിനെ ആദരിക്കുന്ന കാര്യത്തിൽ പാക് പ്രധാനമന്ത്രി വൈകിയെടുത്ത തീരുമാനം നമ്മുടെ നാട്ടിലെ മുഖ്യധാരാ മുസ്ലിം മത പുരോഹിതന്മാരുടെയും സംഘടനകളുടേയും കൂടി ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതുണ്ട്. ഇവിടെയുള്ള അഹ്മദിയ്യാ മുസ്ലിംകളെ അമുസ്ലിംകളായി ചിത്രീകരിക്കുകയും അവരെ തീണ്ടാപ്പാടകലെ നിർത്തുകയും ചെയ്യുന്നതാണ് ഇന്നാട്ടിലെ മുല്ല മൗലവിപ്പരിഷകളുടെ രീതി. 'മുസ്ലിം നവോത്ഥാനം' എന്ന മന്ത്രം ഉരുവിടുന്നതിൽ അശേഷം ലുബ്ധ് കാണിക്കാത്ത മുജാഹിദ്, മൗദൂദിസ്റ്റ് സംഘടനകൾ വരെ അഹ്മദിയ്യാ മുസ്ലിംകളെ 'വ്യാജ പ്രവാചക'നെ പിന്തുടരുന്ന 'കപടരാ'യി മുദ്രകുത്തി പടിക്കു പുറത്തു നിർത്തുന്നു. പാക് ഭരണകൂടം അഹ്മദികൾക്ക് മത സ്വാതന്ത്ര്യം നിഷേധിക്കുകയും അവരെ നിരന്തരം പീഡിപ്പിക്കുകയും ചെയ്തപ്പോൾ അതിന് ഓശാന പാടിയതാണ് നമ്മുടെ മുജാഹിദ് മൗദൂദിസ്റ്റ് വിഭാഗങ്ങളുടെ ചരിത്രം. ആ കറുത്ത ചരിത്രം തിരുത്താത്തിടത്തോളം നവോത്ഥാനം എന്ന മഹത്തായ പദം ഉച്ചരിക്കാൻ പോലുമുള്ള യോഗ്യത തങ്ങൾക്കില്ലെന്ന് അവർ തിരിച്ചറിയണം.

# ഉറക്കം: ഇസ്‌ലാമികവും ശാസ്ത്രീയവുമായ അദ്ധ്യാപനങ്ങൾ

മനുഷ്യന് വിശ്രമിക്കാനായി ദൈവം ഒരുക്കിയ അനുഗ്രഹമാണ് ഉറക്കം. ആരോഗ്യദായകമായ ഉറക്കം എങ്ങനെയായിരിക്കണം എന്നതിനെ ക്കുറിച്ച് ഒരു വിവരണം

ഡോ. ഷാനവാസ് ഖാൻ

പ്രവർത്തനങ്ങൾക്കുശേഷം എല്ലാ ജീവജാലങ്ങൾക്കും വിശ്രമം ആവശ്യമാണ്. കാരണം പ്രവർത്തനങ്ങൾ ജീവകോശകലകളെ ക്ഷീണിപ്പിക്കുകയും പരിക്കേൽപ്പിക്കുകയും ചെയ്യുന്നു. വിശ്രമം എന്നാൽ അതിന്റെ പരിക്കുകളെ നന്നാക്കി പൂർവസ്ഥിതിയിലാക്കുക എന്നാണർഥം. നമ്മുടെ ഉറക്കത്തിനിടയിൽ തകരാറായ കോശങ്ങളെ മാറ്റി പുന:സ്ഥാപിക്കുകയും അവയെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും ചെയ്യുന്നു. മനുഷ്യന് മാത്രമല്ല, മൃഗങ്ങൾക്കും ഉറക്കം അത്യാവശ്യമാണ്. സസ്യജാലങ്ങൾക്കും വിശ്രമം അത്യന്താപേക്ഷിതമാണ്. സൂര്യകാന്തിച്ചെടി ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ്. സൂര്യൻ ഉദിക്കുമ്പോൾ അതിന്റെ ദളങ്ങൾ വികസിക്കുകയും സൂര്യൻ അസ്തമിക്കുമ്പോൾ അത് അടയുകയും ചെയ്യുന്നു.

ഉറക്കത്തെ സംബന്ധിച്ചിടത്തോളം കർശനമായ നിയന്ത്രണങ്ങളൊന്നുമില്ല. കാരണം ഉറക്കം മനുഷ്യന്റെ പ്രായം, ജോലി, അഭിരുചി, എന്നിവയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ശിശുക്കൾക്കും കുട്ടികൾക്കും മുതിർന്നവരെ അപേക്ഷിച്ച് ധാരാളം സമയം ഉറക്കം ആവശ്യമാണ്. മുതിർന്നവർക്ക് യഥാർഥ ഉറക്കത്തേക്കാൾ കൂടുതലായി വിശ്രമം മതി. അവർ അവരുടെ ശരീരം കൊണ്ട് വിശ്രമിച്ചാൽ മതി. ശരീരം കൊണ്ട് പ്രവൃത്തിയെടുക്കുന്നവരേക്കാൾ മസ്തിഷ്കം കൊണ്ട് പ്രവൃത്തിയെടുക്കുന്നവർക്ക് ഉറക്കം ആവശ്യമാണ്. അതുപോലെ ആരോഗ്യമില്ലാത്തവർക്കും രോഗികൾക്കും കൂടുതൽ നേരം ഉറക്കം ആവശ്യമാണ്. മസ് തിഷ്കം കൊണ്ട് ജോലി ചെയ്യുന്ന പ്രായപൂർത്തിയായ ആരോഗ്യമുള്ള ആളുകൾ 7 മണിക്കൂറിലധികം ഉറങ്ങണം.

ഉറക്കത്തിന് ഏറ്റവും നല്ല സമയം രാത്രിയാണെന്ന കാര്യം സ്പഷ്ടമാണ്. രാവിലെ ജോലിയും രാത്രി വിശ്രമവും പ്രകൃതിയുടെ നിയമമാണ്. രാവിലത്തെ പ്രകാശം മനുഷ്യന് ജോലി ചെയ്യാൻ പ്ര കൃതി തന്നെ ഒരുക്കിയ ഒരു അനുഗ്രഹമാണ്. ഈ ശീലത്തിൽ നിന്നു നാം വ്യതിചലിക്കുകയാണെങ്കിൽ അത് അനാരോഗ്യം ക്ഷണിച്ചുവരുത്തും. രാത്രി ജോലി ചെയ്യുന്ന രാത്രികാവൽക്കാരെക്കുറിച്ചും സിനിമാതാരങ്ങളെക്കുറിച്ചുമുള്ള ആരോഗ്യസംബന്ധമായ പഠനങ്ങൾ ഇതിന് വ്യക്തമായ തെളിവ് നൽകുന്നു.

ഉറക്കം നമ്മുടെ ദഹനവ്യവസ്ഥയെ ഗണ്യമായി സ്വാധീനിക്കുന്ന ഉപാപചയ പ്രവർത്തനത്തെ ത്വരിതപ്പെടുത്തുകയും ശരീരം പോഷകങ്ങളെ സ്വാംശീകരിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ദീർഘമേറിയ നിദ്ര ആരോഗ്യത്തെ ദുഷിപ്പിക്കുന്നു. അങ്ങനെയുള്ള ഉറക്കം നമ്മുടെ ശരീരം പുറപ്പെടുവിക്കുന്ന ദുർമേദസ്സുകളേയും ദുഷിച്ച ബാഷ്പങ്ങളേയും പിന്നേയും സ്വാംശീകരിക്കുന്നു. അത് കാരണം ദീർഘനിദ്ര ഒരാൾക്ക് ഉന്മേഷം നൽകുന്നതിന് പകരം അയാൾക്ക് ക്ഷീണവും ഉറക്കച്ചടവുമായിരിക്കും സമ്മാനിക്കുക. കുറച്ചു നേരത്തെ അദ്ധ്വാനവും കുറച്ചു നേരത്തെ വിശ്രമവുമാണ് അഭികാമ്യം. ഇക്കാര്യത്തിൽ ഏറ്റവും ഉത്തമമായ മാതൃക റസൂൽ തിരുമേനി(സ)യുടേതാണ്. അവിടുന്ന് നേരത്തെത്തന്നെ ഉറങ്ങുകയും അർധരാത്രികഴിഞ്ഞ് പുലർച്ചെ തഹജ്ജുദ് നിസ്കാരത്തിനായി ഉണരുകയും ചെയ്യും. വീണ്ടും

ഉച്ചക്ക് ഒരു ലഘുനിദ്ര പ്രാപിക്കും. വൈകിയുറങ്ങുന്നതും വൈകിയുണരുന്നതുമാണ് നല്ലതെന്ന് ചില ആളുകൾ പറയാറുണ്ട്. പക്ഷേ, ഈ ശീലം നല്ലതല്ല. ഇത് പ്രകൃതിക്ക് ചേർന്നതുമല്ല. പക്ഷികളും, മൃഗങ്ങളുമടക്കം എല്ലാ ജീവികളും നേരത്തെ ഉറങ്ങുകയും നേരത്തെ ഉണരുകയും ചെയ്യുന്ന ശീലമുള്ളവരാണ്. ഒരു മുസ്‌ലിം നിസ്കാരത്തിനായി നേരത്തെ ഉണരാനാണ് ആജ്ഞാപിക്കപ്പെട്ടിരിക്കുന്നത്. ഈ ശീലം പ്രകൃതിക്ക് അനുയോജ്യവും ആരോഗ്യകരവുമാണ്.

മലർന്ന് കിടന്നുറങ്ങുന്നത് ആരോഗ്യകരമായ രീതിയല്ല. അത് നട്ടെല്ലിന് സമ്മർദമുണ്ടാക്കും. സ്വപ്നസ്ഖലനമുണ്ടാക്കുകയും ചെയ്യും. അപ്രകാരം, കമഴ്ന്നു കിടന്നുറങ്ങുന്നതും ആരോഗ്യകരമായ ശീലമല്ല. ഇടത് ഭാഗം ചരിഞ്ഞ് കിടന്നുറങ്ങുന്നത് ആരോഗ്യത്തിന് വളരെ ദോഷകരമാണ്. അത് ഹൃദയത്തിന് സമ്മർദമുണ്ടാക്കും. മസ്തിഷ്കത്തിലെ രക്തചംക്രമണത്തെ ബാധിക്കുകയും ചെയ്യും. അതുപോലെ കമഴ്ന്നുകിടന്നുറങ്ങുന്നത് ദുസ്വപ്നങ്ങൾ കാണാനും ഉറക്കത്തിൽ എഴുന്നേറ്റ് നടക്കുന്നതിനും (സ്വപ്നാടനം) കാരണമാവും – ശാസ്ത്രീയമായി, ഉറക്കത്തിന് ഏറ്റവും അനുയോജ്യമായ നില വലത് ഭാഗം ചരിഞ്ഞുറങ്ങുകയാണ്. ഇത് (ശാസ്ത്രീയമായി) ആധുനിക വൈദ്യശാസ്ത്രം വളരെ വ്യക്തമായി തെളിയിച്ച കാര്യമാണ്. ഇസ്‌ലാമിന്റെ ദൈവികാദ്ധ്യാപനങ്ങളുടെ മഹത്വത്തിന് ആധുനിക ശാസ്ത്രം സാക്ഷിനിൽക്കുകയാണ്. ഇസ്‌ലാംമത സ്ഥാപകരും മുസ്‌ലിംകളുടെ യജമാനനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തന്റെ അനുയായികളോട് വലത് വശം ചരിഞ്ഞ് കിടന്നുറങ്ങാനാണ് ഉപദേശിച്ചിട്ടുള്ളത്. കഴിയുന്നതും തല വടക്ക് വശത്ത് വെച്ചായിരിക്കണം ഉറങ്ങേണ്ടത്. കാരണം ഭൂമിയുടെ കാന്തികരേഖകൾ വടക്ക് നിന്ന് തെക്കോട്ടാണ് ധാരയായി പോവുന്നത്. അത് വളരെ നിഗൂഢമായി നമ്മുടെ നാഡിവ്യവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഈ കാന്തികരേഖകൾക്ക് സമാന്തരമായിട്ടായിരിക്കണം നാം കിടക്കേണ്ടത്. അതിന്റെ വിപരീതദിശയിലാകാൻ പാടില്ല.

ഉറങ്ങാൻ കിടക്കുമ്പോൾ നാം ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യം നാം മനസ്സിൽ എന്തൊരു കാര്യം ചിന്തിച്ചുകൊണ്ടാണോ ഉറങ്ങാൻ കിടക്കുന്നത്, അത് നമ്മു ടെ ഉപബോധമനസ്സിൽ ആ രാത്രി മുഴുവനും തങ്ങിനില്ക്കും. അത് അബോധാത്മകമായി നാമറിയാതെ നമ്മുടെ ചിന്തയേയും പ്രവൃത്തികളേയും സ്വാധീനിക്കുകയും ചെയ്യും. ഇതിനുള്ള തെളിവ് ഒരു ശിശു കരഞ്ഞുകൊണ്ടാണ് ഉറങ്ങുന്നതെങ്കിൽ അത് ഉണരുന്നത് കരഞ്ഞുകൊണ്ടായിരിക്കും എന്നതാണ്. അത് മുലകുടിച്ചുകൊണ്ടാണ് ഉറങ്ങിയതെങ്കിൽ ചുണ്ടുകൾ കൊണ്ട് മുല കുടിക്കുന്നത് പോലെയുള്ള ചലനങ്ങളുമായിട്ടായിരിക്കും ഉണരുക. അതുകൊണ്ട് നാം ഉറങ്ങാൻ കിടക്കുമ്പോൾ നല്ല ചിന്തകളോടേയും ദൈവസ്മരണയോടെയും കിടന്നുറങ്ങണം.

റസൂൽ തിരുമേനി(സ) ഉറങ്ങുന്നതിന് മുമ്പ് വിശുദ്ധ ഖുർആനിലെ വചനങ്ങൾ പാരായണം ചെയ്യാൻ നമ്മോട് ഉപദേശിച്ചിട്ടുണ്ട്. അതായത് 'ആയത്തുൽ കുർസി' യും ഖുർആനിലെ അവസാനത്തെ മൂന്ന് സൂറത്തുകളുമാണ് ഇപ്രകാരം ഓതുവാൻ കല്പിച്ചത്. ഈ ഖുർആൻ വചനങ്ങൾ മന്ത്രങ്ങൾ ചൊല്ലുന്നതുപോലെ ചൊല്ലിത്തീർക്കുകയല്ല വേണ്ടത്. ആ വചനങ്ങൾ അല്ലാഹുവിന്റെ ഏറ്റവും പരമോന്നതമായ ഗുണങ്ങളെ വാഴ്ത്തുകയാണ് ചെയ്യുന്നത്. അതിന്റെ അർഥത്തെ സംബന്ധിച്ച് നാം അഗാധമായ ഭയഭക്തിയോടെ ചിന്തിച്ചുകൊണ്ട് ഈ ദൈവികഗുണങ്ങളെപ്പറ്റിയുള്ള ആഴമേറിയ മനനങ്ങൾ നമ്മുടെ ആത്മാവിനെ ശുദ്ധീകരിക്കുന്നു. തിന്മയിൽ നിന്നും എല്ലാ അശുഭകരമായ ചിന്തകളിൽ നിന്നും നമ്മെ നിർമുക്തമാക്കി ദൈവത്തിൽ ശരണം പ്രാപിക്കാൻ ഈ ഖുർആൻ വചനങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നു. ഇത്തരം ശീലങ്ങൾ നാം വളരെ ആലോചനാപൂർവം പ്രാവർത്തികമാക്കുകയാണെങ്കിൽ അത് നമ്മുടെ ധാർമിക ശക്തിയെ വമ്പിച്ചതോതിൽ ഉയർത്തുന്നതാണ്.

രാത്രിനേരത്തെ ഭക്ഷണം കഴിച്ച ഉടനെത്തന്നെ കിടന്നുറങ്ങുന്നത് നല്ല ശീലമല്ല. 'രാത്രി ഭക്ഷണം കഴിച്ചതിനുശേഷം ഒരു മൈലെങ്കിലും നടക്കുക' എന്ന ആപ്ത വാക്യം ചിന്തനീയമാണ്. ഇത് ആരോഗ്യത്തിന് വളരെ നല്ലതാണ്. അതുകൊണ്ടാണ് ഇസ്‌ലാം ഇശാ നിസ്കാരം നിർബന്ധമായും പള്ളികളിൽ വെച്ച് നിർവഹിക്കണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ളത്. (ഭക്ഷണം കഴിച്ചതിനുശേഷമുള്ള ഈ നടത്തം ഏറ്റവും ആരോഗ്യകരമാണ്) ഈ ഉപദേശം ശരീരത്തി നും ആത്മാവിനും ഒരുപോലെ ഗുണകരമാണ്.

തുടർച്ചയായ ഉറക്കമില്ലായ്മ മാനസിക അസ്വസ്ഥതകൾക്ക് കാരണമാകും. അതുകൊണ്ട് രാത്രിയിലെ പൂർണവിശ്രമവും ഉറക്കവും ഇതിന് അത്യാവശ്യമാണ്. ഉറക്കമില്ലായ്മ നമ്മുടെ മനസ്സിനെ പലവിധ ചിന്തകളാലും അലട്ടും. വുളു എടുത്തുകൊണ്ട് ഉറങ്ങാൻ കിടക്കുകയാണെങ്കിൽ അത് നമ്മുടെ ചിന്തകളെ നിയന്ത്രിക്കാൻ സഹായകമായിരിക്കും. അപ്രകാരം ഇളംചൂടുവെള്ളത്തിലെ കുളിയും ചൂടുള്ള എന്തെങ്കിലും പാനീയം കഴിക്കുന്നതും ഉറങ്ങാൻ സഹായകമായിരിക്കും.

ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളെല്ലാം പ്രകൃതിപരവും വ്യക്തമായ ആരോഗ്യനിയമങ്ങൾക്കനുസൃതവുമാണ്. ആധുനിക ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഇസ്‌ലാമിനെപ്പറ്റി പഠിക്കുക എന്നത് ഏറ്റവും ആഹ്ലാദകരമായ ഒരു പ്രവൃത്തിയാണ്.

ഭാഗം – 3

# ഹദ്റത് ബിലാൽ (റ) പറഞ്ഞ കഥ

'ഞങ്ങളുടെ യജമാനനായ ബിലാൽ' (റ) എന്ന ആദരണീയമായ അഭിധാനത്താൽ മുസ്‌ലിം ജനകോടികൾ പതിനാലു നൂറ്റാണ്ടുകളായി വാഴ്ത്തിക്കൊണ്ടിരിക്കുന്ന ഇസ്‌ലാമിന്റെ അനർഘമായ ശ്യാമ മൗക്തികം ഹദ്റത്ത് ബിലാൽ (റ) നെ പറ്റിയുള്ള ലേഖന പരമ്പര.

ഇബ്നു വഫ, കോഴിക്കോട്

### മക്കക്കാരുടെ ചോദ്യം അല്ലാഹുവിനോട്

ഞാൻ നേരത്തെ പറഞ്ഞതുപോലെ ഞങ്ങൾ എണ്ണത്തിൽ വളരെ കുറവായത്കൊണ്ട് ആദ്യമാദ്യം ഞങ്ങളോടുള്ള ശത്രുതയും എതിർപ്പും താരതമ്യേന കുറവായിരുന്നു. എന്നാൽ ഇസ്‌ലാം സ്വീകരിക്കുന്നവരുടെ എണ്ണം വർധിക്കുന്നതനുസരിച്ച് ഞങ്ങളോടുള്ള എതിർപ്പും ശത്രുതയും വർധിച്ചുകൊണ്ടേയിരുന്നു. ഞങ്ങൾ അവർക്ക് ഒരു ഭീഷണി ആകുമോ എന്നാണവരുടെ പേടി. മക്കക്കാർ ബിംബാരാധകരാണ്. അല്ലാഹുവിന്റെ റസൂൽ അതിനെ ശക്തിയായി വിരോധിക്കുകയും അല്ലാഹു മാത്രമാണ്ആരാധനക്ക് അർഹൻ എന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. മറ്റൊരു കാര്യം മദ്യപാനം, ചൂതുകളി, വ്യഭിചാരം, കൊള്ള, കൊല, ചതി തുടങ്ങിയ എല്ലാ അസാന്മാർഗിക പ്രവർത്തനങ്ങളേയും വർജിക്കാൻ ഇസ്‌ലാം ഉപദേശിക്കുന്നു. അറബികൾക്കാണെങ്കിൽ ഇതൊക്കെ ഒരു സാധാരണ കാര്യവും അവരുടെ രക്തത്തിൽ അലിഞ്ഞുചേർന്ന ശീലങ്ങളുമാണ്. ഇവിടെ (ഇസ്‌ലാമിൽ) യജമാനനില്ല. അതുപോലെ അടിമയുമില്ല. ഈ എല്ലാ കാര്യങ്ങളും അറബികളെ പ്രകോപിപ്പിക്കുന്ന കാര്യങ്ങളാണ്. ഞങ്ങളോടുള്ള ശത്രുതക്കുള്ള പ്രധാന കാരണങ്ങളും ഇതൊക്കെ തന്നെയാണ്. ഖുർആൻ അല്ലാഹുവിന്റെ വചനമാണെങ്കിൽ മുഹമ്മദി (സ)ന് പകരം എന്ത്കൊണ്ട് ഇവിടുത്തെ രണ്ട് പ്രധാന പട്ടണ (മക്കയും ത്വായിഫും) ങ്ങളിൽപ്പെട്ട ധനാഢ്യരും അറിയപ്പെടുന്നവരുമായ നേതാക്കളിൽ ആരുടെയെങ്കിലും മേൽ ഇറങ്ങിയില്ല എന്നാണ് അവരുടെ ചോദ്യം. ഇത് കേട്ടാൽ, അവരുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കി അല്ലാഹുവും പ്രവർത്തിക്കണമെന്നാണ് അവർ പറയുന്നത് എന്ന് തോന്നും. ഏതായാലും അവർ ഇസ്‌ലാമിനെ ഇല്ലാതാക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ്.

### ഖുറൈശികളുടെ പ്രലോഭനങ്ങളും സമ്മർദങ്ങളും

ഒരിക്കൽ മക്കയിലെ നേതാക്കളിൽ ചിലർ അബൂത്വാലിബിന്റെ അടുക്കൽ പോയിട്ട്, താങ്കളുടെ സഹോദരപുത്രൻ ചെയ്തുകൊണ്ടിരിക്കുന്നത് നമ്മുടെ നിലനിൽപിനെ തന്നെ ബാധിക്കുന്ന കാര്യമാണെന്നും ഇതിൽനിന്നും പിൻതിരിയാൻ ഉപദേശിക്കണമെന്നും ആവശ്യപെടുകയുണ്ടായി. പക്ഷേ അബൂത്വാലിബ് ഒന്നും ചെയ്തില്ല. അതുകാരണം അവർ എല്ലാവരും സംഘടിച്ച് കൊണ്ട് വീണ്ടും അബൂത്വാലിബിന്റെ അടുക്കൽ ചെന്നുകൊണ്ട്, മുഹമ്മദ് തന്റെ പ്രവൃത്തി തുടർന്ന് കൊണ്ടേയിരിക്കുകയാണെന്നും, അവൻ നേതൃസ്ഥാനമാണ് ആഗ്രഹിക്കുന്നതെങ്കിൽ ഞങ്ങൾ അവനെ ഞങ്ങളുടെ നേതാവായി അംഗീകരിക്കാൻ തയ്യാറാണെന്നും, ധനമാണ് ആവശ്യമെങ്കിൽ അവൻ ആവശ്യപ്പെടുന്ന പണം നൽകാൻ ഞങ്ങൾ ഒരുക്കമാണെന്നും സുന്ദരിയായ പെൺകുട്ടിയെ കല്ല്യാണം കഴിക്കാനാണ് അവൻ ആഗ്രഹിക്കുന്നതെങ്കിൽ, അറേബ്യയിലെ അവൻ ഇഷ്ടപ്പെടുന്ന ഏത് പെൺകുട്ടിയെയും കല്ല്യാണം കഴിപ്പിച്ച് കൊടുക്കാൻ ഞങ്ങൾ സന്നദ്ധരാണെന്നും, എന്നാൽ അവനെ ഇതിൽനിന്നും താങ്കൾ പിൻതിരിപ്പിക്കുന്നില്ല എങ്കിൽ, ആദ്യം ഞങ്ങൾ അവനെ ഇല്ലാതാക്കുകയും, അതിന് ശേഷം ഞങ്ങൾ എല്ലാവരും ചേർന്ന് താങ്കളെ എതിരിടുകയും ചെയ്യുമെ

ന്നും അറിയിക്കുകയുണ്ടായി.

അബൂത്വാലിബ് മകനെ വിളിച്ച് ഞാൻ നിന്റെ ഗുണകാംക്ഷിയാണെന്നും നീ കാരണം എന്റെ സമുദായ നേതാക്കൾ എന്റെ ശത്രുക്കളായികൊണ്ടിരിക്കുകയാണെന്നും അവർ നിന്റെ ജീവൻ തന്നെ അപകടപ്പെടുത്തിയേക്കാമെന്നും അതുകൊണ്ട് നീ നിന്റെ ദീനിന്റെ പ്രബോധനം ഉപേക്ഷിക്കണമെന്നും ആവശ്യപ്പെട്ടു. അല്ലാഹുവിന്റെ റസൂൽ ഇതെല്ലാം തന്നെ അല്ലാഹുവിന്റെ കൽപനപ്രകാരമായിരുന്നു ചെയ്തുകൊണ്ടിരുന്നത്. അല്ലാതെ സ്വന്തം ഇഷ്ടപ്രകാരമായിരുന്നില്ലല്ലോ. അതുകൊണ്ട് ഇത് എങ്ങനെ ഉപേക്ഷിക്കാനാണ്. അല്ലാഹുവിന്റെ റസൂൽ അബൂത്വാലിബിനോട് പറഞ്ഞു, "എളാപ്പാ, അങ്ങ് ഗോത്ര നേതാക്കളെ ഭയപ്പെടുന്നുവെങ്കിൽ എന്നെ എന്റെ സ്ഥിതിയിൽ വിട്ടേക്കൂ. എനിക്ക് അങ്ങയുടെ സഹായമോ അഭയമോ ആവശ്യമില്ല. എനിക്ക് അല്ലാഹു മതിയായവനാണ്. അവർ എന്റെ ഒരു കയ്യിൽ സൂര്യനേയും മറ്റേ കയ്യിൽ ചന്ദ്രനേയും വെച്ച് തന്നാൽ പോലും അല്ലാഹു എന്നെ ഏൽപിച്ച ഈ പ്രവൃത്തിയിൽ നിന്നും എനിക്ക് പിന്മാറാൻ സാദ്ധ്യമല്ല എന്ന് ഉറപ്പിച്ച് പറഞ്ഞു. അബൂ ത്വാലിബ്, റസൂലിന്റെ നിശ്ചയദാർഢ്യവും അചഞ്ചലമായ ലക്ഷ്യബോധവും കണ്ടപ്പോൾ പറഞ്ഞു, ''മകനെ, എങ്കിൽ നീ ഉദ്ദേശിക്കുന്നത് പോലെ തന്നെ ചെയ്തു കൊള്ളുക, ഞാൻ ജീവിച്ചിരിക്കുന്ന കാലത്തോളം നിന്നോടൊപ്പം ഉണ്ടായിരിക്കുന്നതാണ്."

## സർവത്ര പീഡനങ്ങൾ

നേതാക്കൾ അബൂത്വാലിബിൽ നിന്നും നിരാശരായി മടങ്ങിയ ശേഷം അവർ സംഘം ചേർന്ന് ചിലത് തീരുമാനിച്ചു. ഓരോ ഗോത്ര നേതാവും, അവരിൽ നിന്നും ഇസ്‌ലാം സ്വീകരിക്കുന്നവരെ അവർ ആരായാലും കൊടിയ പീഡനത്തിന്ന് ഇരയാക്കികൊണ്ട് അവരെ ഇസ്‌ലാമിൽ നിന്ന് പിൻതിരിപ്പിക്കാനായിരുന്നു തീരുമാനം. അതോടെ മുമ്പത്തേക്കാൾ കൂടുതൽ ഞങ്ങളുടെ കഷ്ടപ്പാടിന്റേയും പട്ടിണിയുടേയും യാതനയുടേയും കാലം സമാഗതമായി തീർന്നു. നരകയാതനയുടെ ദീർഘമായ കഥയാണത്. കണ്ണുനീരിൽ കുതിർന്ന കഥ. മക്കയിലെ പതിമൂന്ന് കൊല്ലം ഞങ്ങൾ അനുഭവിച്ച പീഡനങ്ങൾ വിവരണാതീതമാണ്. ഇസ്‌ലാമിൽ പ്രവേശിച്ച പൊതുവിൽ എല്ലാവരുടേയും ജീവിതം ഖുറൈശികളും അവരുടെ സിൽബന്ധികളും ദുസ്സഹമാക്കി. ശാരീരികമായും മാനസികമായും ദ്രോഹിച്ചതിനു പുറമെ സാമ്പത്തികമായും സാമൂഹികമായും ഞങ്ങളെ അവർ വീർപ്പുമുട്ടിച്ചു.

ചിലർ നിഷ്കരുണം ശഹീദാക്കപ്പെട്ടു. ചിലരെ അമ്പെയ്തുകൊണ്ട് ശഹീദാക്കി. ചിലർ കുരിശിൽ തറക്കപ്പെട്ടു. ചിലരെ തലകീഴായി കെട്ടിതൂക്കി. എന്നിട്ട് താഴെ തീയിട്ടു. ചിലരെ തീക്കനൽ കൂട്ടി അതിൽ പിടിച്ചു കിടത്തി. ഇളകാതിരിക്കാൻ അവരുടെ മുകളിൽ കയറിനിന്നു.ചിലരെ ഇരുമ്പു പോർചട്ടകൾ ധരിപ്പിച്ച് കത്തിക്കാളുന്ന വെയിലിൽ ദിവസം മുഴുവനും കെട്ടിയിട്ടു. ചിലരെ ജ്വലിക്കുന്ന സൂര്യൻ കാരണം, വറചട്ടികളായി തീർന്ന പാറകളിലും കല്ലുകൾ നിറഞ്ഞ ഇടവഴികളിലും വലിച്ചിഴച്ചു. ചിലരെ വരിഞ്ഞു കെട്ടിയ ശേഷം മരുഭൂമിയിലെ ചുട്ടുപൊള്ളുന്ന മണലിൽ കിടത്തി. നെഞ്ചിൽ ഭാരമേറിയ കല്ലുകൾ കയറ്റി വെച്ചു. ചിലരെ കൈകാൽ കെട്ടി ചാട്ടവാർ കൊണ്ട് അതിക്രൂരമായി മർദിച്ച് രക്താഭിഷിക്തരാക്കി. ഇസ്‌ലാം ഉപേക്ഷിക്കുന്നത് വരെ ഭക്ഷണവും വെള്ളവും തരില്ലെന്ന് പറഞ്ഞ് പലരേയും പട്ടിണിക്കിട്ടു. അധ്വാനിക്കുന്നവരുടെ വേതനം തടയുകയും പിടിച്ചുപറിക്കുകയും ചെയ്തു. ചില ഉമ്മമാരിൽ നിന്ന് അവരുടെ പിഞ്ചോമനകളെ ബലം പ്രയോഗിച്ച് വേർപെടുത്തിയ സംഭവങ്ങൾ ഹൃദയഭേദകമായിരുന്നു. ആ കുഞ്ഞുങ്ങൾക്ക് പാൽ നിഷേധിക്കപ്പെട്ടു. ഇസ്‌ലാം സ്വീകരിക്കുന്ന ഭാര്യമാരിൽ നിന്ന് ഭർത്താക്കന്മാരേയും ഭർത്താക്കന്മാരിൽ നിന്ന് ഭാര്യമാരേയും നിർബന്ധിച്ച് വേർപെടുത്തികൊണ്ട് അവരെ കണ്ണീരിലാഴ്ത്തി. ചില സഹോദരിമാരുടെ ഗർഭം അലസിപ്പിക്കപ്പെട്ടു.

ഓരോ പ്രഭാതത്തിലും ഞങ്ങളെ പീഡിപ്പിക്കാൻ ഖുറൈശികൾ പുതിയ പുതിയ തന്ത്രങ്ങൾ മെനഞ്ഞു കൊണ്ടിരുന്നു. ഓരോ പ്രദോഷത്തിലും ഞങ്ങൾക്കെതിരിൽ നൂതനങ്ങളായ ദണ്ഡനമുറകൾ കണ്ടെത്താൻ അവർ വെമ്പൽ കൊണ്ടു. വീരശൂരപരാക്രമികളാണെന്ന് വീരവാദം മുഴക്കുന്ന ഇക്കൂട്ടർ ഇസ്‌ലാം സ്വീകരിച്ച പ്രായം ചെന്ന സ്ത്രീകളെ പോലും വെറുതെ വിട്ടില്ല. അവർ പലരും വളരെ ക്രൂരമായിട്ടാണ് ശഹീദാക്കപ്പെട്ടത്.

എനിക്ക് ആ കഥകൾ വിവരിക്കാൻ ശക്തിയില്ല. എന്റെ യജമാനനായിരുന്ന ഉമയ്യത്തിബ്നു ഖലഫ് എന്നോട് കാണിച്ച ക്രൂരതയുടെ കഥകൾ നിങ്ങൾ കേട്ടു കഴിഞ്ഞുവല്ലോ. എന്നോട് മാത്രമല്ല ഇസ്‌ലാം മതം സ്വീകരിക്കുന്ന ഏതൊരാളേയും ദ്രോഹിക്കാനും പീഡിപ്പിക്കാനും കിട്ടുന്ന ഒരവസരവും അയാൾ നഷ്ടപ്പെടുത്തിയിരുന്നില്ല. മറ്റ് ചിലരുടെ കഥകൾ നിങ്ങൾക്ക് ഞാൻ വളരെ ചുരുക്കി പറഞ്ഞ് തരാം. അത് യഥാർഥ സംഭവങ്ങളുടെ വളരെ ചെറിയ ഒരു വിവരണമാണ്. അവർ സഹിച്ച യാതനകളുടേയും ക്രൂരതകളുടേയും കഥകൾ. ഇസ്‌ലാം മതം സ്വീകരിക്കുന്നവരെ കൊടിയ പീഡനത്തിനും യാതനകൾക്കും ഇരയാക്കണമെന്ന ഖുറൈശികളുടെ പുതിയ തീരുമാനത്തിന് ശേഷം അതവർ നടപ്പിലാക്കാൻ തുടങ്ങി.

**ഹദ്റത്ത് അബൂബക്കർ (റ)** : ഖുറൈശികളിൽ വളരെ ബഹുമാനിതനായ ഒരാളാണ് ഹദ്റത്ത് അബൂബക്കർ(റ). ഒരിക്കൽ അദ്ദേഹം ബിംബാരാധകരായ ഖുറൈശികൾക്ക് ഇസ്ലാമിനെ കുറിച്ച് തബ്ലീഗ് ചെയ്യുവാനാരംഭിച്ചു. രോഷാകുലരായ അവർ അബൂബക്കറിനെ സംഘം ചേർന്ന് മർദിച്ച് നിലത്തിട്ടു. ആ കൂട്ടത്തിലുണ്ടായിരുന്ന മഹാനികൃഷ്ടനും അധമനുമായ ഉത്ത്ബാ ബിൻ റബിഅ് തന്റെ ഭാരിച്ച പാദ രക്ഷകളഴിച്ച് ഹദ്റത്ത് അബൂബക്കറിന്റെ മുഖത്തും തലയിലും തലങ്ങും വിലങ്ങും അതികഠിനമായി മർദിക്കാൻ തുടങ്ങി. വിവരം അറിഞ്ഞ ഹദ്റത്ത് അബൂബക്കറിന്റെ ഗോത്രമായ ബനൂ തമീമിലെ ആളുകൾ രക്ഷക്കായി ഓടിയെത്തി. അപ്പോഴേക്കും അബൂബക്കറിന്റെ സ്ഥിതിഅതീവ ഗുരുതരമായിതീർന്നിരുന്നു. അബോധാവസ്ഥയിലായ അദ്ദേഹം മരിച്ച് പോകുമോ എന്ന്പോലും ബന്ധുക്കൾ ഭയപ്പെട്ടു. മുഖത്തേറ്റ മുറിവും വീക്കവും കാരണം അദ്ദേഹത്തെ തിരിച്ചറിയാൻ പോലും സാധിക്കുന്നില്ലായിരുന്നു. എല്ലാവരും ചേർന്ന് അദ്ദേഹത്തെ വീട്ടിലെത്തിച്ചു. വൈകുന്നേരം ബോധം തെളിഞ്ഞപ്പോൾ ആദ്യം ചോദിച്ചത് അല്ലാഹുവിന്റെ റസൂലിനെ കുറിച്ചായിരുന്നു. റസൂലുല്ലാക്ക് സുഖമാണെന്ന് പറഞ്ഞപ്പോൾ എനിക്ക് ഇപ്പോൾ തന്നെ കാണണമെന്ന് നിർബന്ധം പിടിച്ചത് കൊണ്ട് ബന്ധുക്കൾ അദ്ദേഹത്തെ റസൂലുല്ലായുടെ അടുക്കൽ കൊണ്ടുചെന്നു. ഹദ്റത്ത് അബൂബക്കറിന്റെ അവസ്ഥ കണ്ട് അല്ലാഹുവിന്റെ റസൂലിന് സഹിക്കാനായില്ല. സങ്കടം കൊണ്ട് റസൂലിന്റെ കണ്ണുകൾ നിറഞ്ഞു. കണ്ണുനീർ ധാരയായി ഒഴുകാൻ തുടങ്ങി. ഇങ്ങനെ എത്രയെത്ര സംഭവങ്ങൾ!!

**ഹദ്റത്ത് ഉസ്മാൻ(റ)**: ബനൂ ഉമയ്യാ ഗോത്രക്കാരനായ ഉസ്മാന്റെ പിതൃവ്യൻ ഹക്കം അദ്ദേഹത്തെ കയറ് കൊണ്ട് വരിഞ്ഞ് കെട്ടി ഭേദ്യം ചെയ്യുമായിരുന്നു.

**സുബൈറിബ്നു അവാം**: 16 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ഇദ്ദേഹത്തെ ബന്ധുക്കൾ പ്രത്യേകിച്ചും പിതൃവ്യൻ കയറ് കൊണ്ട് പായയിൽ വരിഞ്ഞ്കെട്ടി അടിയിൽ പുകയിട്ട് ശ്വാസം മുട്ടിക്കാറുണ്ടായിരുന്നു. എന്നിട്ട് ഇസ്ലാം ഉപേക്ഷിക്കണമെന്ന് ആവശ്യപ്പെടാറുണ്ടായിരുന്നു. സത്യം മനസ്സിലാക്കിയ ശേഷം അതുപേക്ഷിക്കാൻ സാദ്ധ്യമല്ല എന്ന് അദ്ദേഹവും പറഞ്ഞ് കൊണ്ടേയിരിക്കും.

ഇദ്ദേഹം എല്ലാ യുദ്ധങ്ങളിലും പങ്കെടുത്ത് കൊണ്ട് ഇസ്ലാമിന് വേണ്ടി ധീരതയോടെ പൊരുതിയിട്ടുണ്ട്. ബദർ യുദ്ധവേളയിൽ അവിശ്വാസികളുടെ ഭാഗത്ത് തല മുതൽ പാദംവരെ ലോഹ പോർ ചട്ടയണിഞ്ഞ് ധീരമായി പൊരുതിക്കൊണ്ടിരുന്ന ഒരുവനെ നേരിട്ട് കൊണ്ട് സുബൈറിബ്നു അവാം വളരെ സൂക്ഷ്മവും കൃത്യവുമായി അവന്റെ കണ്ണിൽ കുത്തിയ കുന്തം അവന്റെ കണ്ണും തലയോട്ടിയും തുളച്ച് പുറത്തേക്ക് വന്നു. അവസാനം അയാളുടെ മൃതശരീരത്തിൽ കയറി ഇരുന്നു കൊണ്ട് അത് വലിച്ചൂരേണ്ടി വന്നു. അല്ലാഹുവിന്റെ റസൂൽ ധീരതയുടെ സ്മാരകമെന്ന നിലക്ക് ആ കുന്തം സുബൈറിബ്നു അവാമിൽ നിന്ന് വാങ്ങുകയും തന്റെ പക്കൽ സൂക്ഷിക്കുകയും ചെയ്തിരുന്നു.

**അബൂസ്സർ ഗഫ്ഫാരി**: ഗഫ്ഫാർ ഗോത്രക്കാരനായ അബൂസ്സറിനെ മക്കയിലെ ഖുറൈശികൾ ബോധ രഹിതനാകുവോളം കഅബ അങ്കണത്തിൽ വെച്ചുംപുറത്ത് വെച്ചും അതികഠിനമായി മർദിക്കാറുണ്ടായിരുന്നു. എന്നാലും അദ്ദേഹം, അല്ലാഹു അല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും മുഹമ്മദ് അവന്റെ ദാസനും റസൂലുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു എന്ന കലിമ പരസ്യമായി അവരുടെ മുന്നിൽ ചൊല്ലാറുണ്ടായിരുന്നു.

**അബ്ദുല്ലാഹ് ഇബ്നു മസ്ഊദ്**: മക്കയിലെ ശത്രുക്കൾക്ക് ഖുർആൻ കേൾപ്പിക്കണം എന്ന ഞങ്ങളുടെ ഒരു തീരുമാനത്തിൽ അല്ലെങ്കിൽ ആഗ്രഹത്തിൽ, അബ്ദുല്ലാഹ് ബിൻ മസ്ഊദ് ആ ദൗത്യം ഏറ്റെടുത്ത്, കഅബ അങ്കണത്തിൽ ഖുറൈശികൾ സഭ കൂടിയിരിക്കുന്ന അവസരത്തിൽ അവിടെ പോയി സൂറത്ത് റഹ്മാൻ ഉച്ചത്തിൽ ഓതാൻ തുടങ്ങി. ആദ്യം അവർ ഖുർആൻ പാരായണം ശ്രദ്ധാപൂർവം കേട്ടു. എങ്കിലും, പിന്നീട് ഇത് അവരെ കേൾപ്പിക്കാനാണ് ഓതുന്നത് എന്ന് മനസ്സിലായപ്പോൾ എല്ലാവരും സംഘം ചേർന്ന് ഇദ്ദേഹത്തെ കഠിനമായി മർദിച്ച് പരിക്കേൽപ്പിച്ചു. എന്നാൽ ധീരനായ അബ്ദുല്ലാഹ്ബിൻ മസ്ഊദ് സൂറത്ത് റഹ്മാൻ ഓതി പൂർത്തിയാക്കിയശേഷമാണ് അവിടെ നിന്നു മടങ്ങിയത്.

ഞാൻ മുകളിൽ പറഞ്ഞവരെല്ലാം തന്നെ ശക്തരായ ഗോത്രത്തിലെ അംഗങ്ങളായിരുന്നു. എന്നിട്ടും അവരുടെ സ്ഥിതി ഇതാണെങ്കിൽ അടിമകളും പാവങ്ങളും ചോദിക്കാനും പറയാനും ആരോരുമില്ലാത്ത നിസ്സഹായരുടെ അവസ്ഥ എന്തായിരിക്കുമെന്ന് നിങ്ങൾക്ക് ഊഹിക്കാമല്ലോ.

**അബൂഫികിയ്യ**: ഇദ്ദേഹം സഫ്വാൻ ബിൻ ഉമയ്യയുടെ അടിമയായിരുന്നു. ഇസ്ലാം സ്വീകരിച്ച കുറ്റം കാരണം ചുട്ടുപൊള്ളുന്ന മണലിൽ കിടത്തി നെഞ്ചിൽ ഭാരിച്ച കല്ലുകൾ കയറ്റി വെക്കുമായിരുന്നു. കഠിനമായി മർദിക്കുകയും ഇസ്ലാം ഉപേക്ഷിക്കാൻ കൽപിക്കുകയും ചെയ്യുമായിരുന്നു. ചൂടും ദാഹവും കാരണം അദ്ദേഹത്തിന്റെ നാവ് വെളിയിൽ ചാടിപ്പോയാലും ഒരു തുള്ളി വെള്ളം പോലും കൊടുത്തിരുന്നില്ല.

**ആമിർ ബിൻ ഫുഹൈറ**: ഇദ്ദേഹവും അടിമയായിരുന്നു.

ഇദ്ദേഹത്തോട് ഇദ്ദേഹത്തിന്റെ യജമാനൻ കാണിച്ച ക്രൂരത കണ്ട് നിൽക്കാനാവാതെ ഹദ്റത്ത് അബൂബക്കർ അദ്ദേഹത്തിന്റെ യജമാനന് അദ്ദേഹത്തിന്റെ വില കൊടുത്ത് വാങ്ങി സ്വന്തം വീട്ടിൽ ജോലിക്ക് വെക്കുകയാണ് ചെയ്തത്.

**ലബീന:** ഇവർ ഒരു അടിമ സ്ത്രീയായിരുന്നു. ഹദ്റത്ത് ഉമർ ഇസ്‌ലാമിന്റെ ഒന്നാം നമ്പർ ശത്രു ആയിരുന്ന കാലത്ത് ഇവരെ അതികഠിനമായി മർദിക്കുകയും ഇസ്‌ലാം ഉപേക്ഷിക്കാൻ കൽപിക്കുകയും ചെയ്യുമായിരുന്നു. ഞാൻ ഒരിക്കലും ഇസ്‌ലാം ഉപേക്ഷിക്കുകയില്ല എന്ന് പറഞ്ഞ് കൊണ്ട്, ഏയ് ഉമർ, നീ ഓർത്തു കൊള്ളുക, നിനക്ക് ഇനി അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടണമെങ്കിൽ നീ ഇസ്‌ലാം സ്വീകരിച്ചേ പറ്റൂ. അല്ലാത്ത പക്ഷം അല്ലാഹുവാണെ സത്യം, അല്ലാഹു നിന്നോട് ഈ ലോകത്ത് വെച്ച് തന്നെ ഇതിന് പകരം ചോദിക്കുന്നതാണ് എന്ന് അവർ പറയുമായിരുന്നു.

**സനീറ:** ഇവരും ഒരു അടിമ സ്ത്രീയാണ്. അബൂജഹൽ ഇവരെ അതിദാരുണമായി മർദിച്ച് കൊണ്ട്, ഇസ്‌ലാം സത്യമാണെങ്കിൽ ഞങ്ങൾക്ക് ലഭിക്കാത്തത് നിനക്കെന്താണ് ലഭിച്ചത് എന്ന് ചോദിക്കുമായിരുന്നു. ലവലേശം പോലും അലിവ് തോന്നാത്ത ആ കഠിന ഹൃദയന്റെ മർദനം കാരണം അവർക്ക് കണ്ണ് രണ്ടും നഷ്ടപ്പെട്ടിരുന്നു.

**സുഹൈബ് ബിൻ സനാൻ റോമി:** ഇദ്ദേഹം നല്ല സാമ്പത്തിക ശേഷിയുള്ള ഒരു സ്വതന്ത്രനായ വ്യക്തിയായിരുന്നു. ഖുറൈശികളുടെ ക്രൂരമർദനം കാരണം ബുദ്ധിഭ്രംശം സംഭവിച്ചതുപോലെ ചിലപ്പോൾ പ്രവർത്തിക്കുമായിരുന്നു. യസ്‌റബിലേക്ക് ഹിജ്റത്ത് പോകുന്ന അവസരത്തിൽ ഖുറൈശികൾ ഇദ്ദേഹത്തിന്റെ പക്കലുള്ള മുഴുവൻ ധനവും പിടിച്ചെടുക്കുകയുണ്ടായി.**

**ഖുബാബ് ബിൻ അർത്ത്:** ലോഹപണിക്കാരനായ ഇദ്ദേഹം സ്വതന്ത്രനാക്കപ്പെട്ട ഒരു അടിമയായിരുന്നു. ഒരിക്കൽ ഖുറൈശികൾ സംഘം ചേർന്ന് ഇദ്ദേഹത്തെപിടിച്ച് ലോഹപ്പണിയുടെ ആലയിലുള്ള കത്തിക്കൊ ണ്ടിരിക്കുന്ന ചൂളയിൽ മലർത്തിക്കിടത്തി, അനങ്ങാതിരിക്കാൻ നെഞ്ചിൽ ചിലർ കയറി നിന്നു. പിന്നീട് ചൂള ആളികത്തിച്ചു. അദ്ദേഹത്തിന്റെ ശരീരത്തിന്റെ പുറം ഭാഗത്തിന് എന്ത് സംഭവിച്ചു എന്ന് പറയേണ്ടതില്ലല്ലോ.

ആ കനൽ തണുക്കുന്നതു വരെ ഖുറൈശികൾ അദ്ദേഹത്തിന്റെ നെഞ്ചിൽ നിന്നും താഴെ ഇറങ്ങിയില്ല. അദ്ദേഹം വേദന കൊണ്ട് പിടഞ്ഞ് കൊണ്ടിരുന്നു. ആ കാട്ടു മൃഗങ്ങൾക്ക് അൽപം പോലും അനുകമ്പ തോന്നിയില്ല.

ഒരിക്കൽ മക്കയിലെ അറിയപ്പെടുന്ന നേതാക്കളിലൊരാളായ ആസ് ബിൻ വായിൽ, ഖുബാബ് ബിൻ അർത്തിനെ കൊണ്ട് കുറച്ച് വാളുകൾ പണിയിച്ചിരുന്നു. അതിന്റെ കാശ് ചോദിച്ചപ്പോൾ, സ്വർഗത്തിൽ സ്വർണവും വെള്ളിയും ആഗ്രഹമനുസരിച്ച് എന്തും കിട്ടുമെന്ന് നിങ്ങളല്ലേ പറയാറ്, അതുകൊണ്ട് നീ ഉണ്ടാക്കിയ വാളിന്റെ വില എന്നോട് നീ അവിടെ വെച്ച് വാങ്ങിച്ചോളൂ എന്ന് പറഞ്ഞു. എന്നിട്ട്, അല്ലാഹുവാണെ നിന്നെ പോലുള്ള ഒരുത്തന് സ്വർഗത്തിൽ പോകുമെന്ന് പ്രതീക്ഷിക്കാമെങ്കിൽ എന്നെ പോലുള്ളവർക്ക് അതിലും എത്രയോ കൂടുതലായി പ്രതീക്ഷിക്കാം എന്ന് പറയുകയും വാളിന്റെ വിലനൽകാൻ വിസമ്മതിക്കുകയും ചെയ്തു.

**ഹദ്റത്ത് ഉസ്മാൻ ബിൻ മള്ഊൻ:** ഇസ്‌ലാം സ്വീകരിച്ച ശേഷം ശത്രുക്കളുടെ അതിക്രമങ്ങളിൽ നിന്ന് രക്ഷ പ്രാപിക്കാനായി ഇദ്ദേഹം വലീദ് ബിൻ മുഗീറയുടെ അഭയം സ്വീകരിച്ചിരുന്നു. പിന്നീട്, മറ്റു മുസ്‌ലിമീങ്ങൾ ശത്രുക്കളുടെ ദ്രോഹ നടപടികളാൽ വലയുമ്പോൾ ഞാനിങ്ങനെ സസുഖം കഴിയുന്നത് ഒരിക്കലും ശരിയല്ലെന്ന് മനസ്സിലാക്കിയ അദ്ദേഹം വലീദ് ബിൻ മുഗീറയുടെ അടുക്കൽ ചെന്ന് അഭയം പിൻവലിക്കാനും അത് കഅബ അങ്കണത്തിൽ വിളംബരപ്പെടുത്തുവാനും ആവശ്യപ്പെട്ടു. അതിന് ഏതാനും ദിവസങ്ങൾക്ക് ശേഷം ഒരു മുശ്‌രിക്ക്, വലീദ് ബിൻ മുഗീറയുടെ സാന്നിധ്യത്തിൽ ഉസ്മാൻ ബിൻ മള്ഊനെ ആക്രമിക്കുകയും മുഷ്ടി ചുരുട്ടി അതിശക്തമായി കണ്ണിന് ഇടിക്കുകയും ചെയ്തു. ഇടിയുടെ ആഘാ തത്തിൽ കണ്ണ് പുറത്തേക്ക് തള്ളി വന്നു. ഇത് കണ്ട മുഗീറ, "നിനക്ക് എന്റെ അഭയത്തിൽ തന്നെ നിന്നാൽ മതിയായിരുന്നില്ലേ? എങ്കിൽ നിനക്ക് ഈ ഗതി വരില്ലായിരുന്നുവല്ലോ?'' എന്ന് പറഞ്ഞു. ഉസ്മാൻ ബിൻ മള്ഊൻ യാതൊരു ഭാവഭേദവും കൂടാതെ, ''ഞാനന്റെ മറ്റേ കണ്ണും അല്ലാഹുവിന്റെ മാർഗത്തിൽ സത്യമതത്തിന്നായി ത്യാഗം ചെയ്യാൻ വെമ്പൽ കൊള്ളുകയാണ് എന്ന് മറുപടി നൽകി.

**യാസ്സിർ, അദ്ദേഹത്തിന്റെ മകൻ അമ്മാർ ബിൻ യാസ്സിർ, അമ്മാറിന്റെ വൃദ്ധയായ മാതാവ് സമിയ്യ** എന്നിവരോട് ഖുറൈശികൾ കാണിച്ച ക്രൂരതകൾ കേട്ടാൽ ഏത് കഠിനഹൃദയനും ഞെട്ടിത്തരിച്ചു പോകും. എനിക്ക് ആ കാര്യങ്ങൾ വിവരിക്കാൻ വളരെ പ്രയാസമാണ്. മനുഷ്യരെല്ലാം സമന്മാരാണ്, എന്നാണ് തിരുനബി(സ) പഠിപ്പിക്കുന്നത് എന്ന് മക്കക്കാരോട് അമ്മാർ ബിൻ യാസ്സിർ പറഞ്ഞത് കൊണ്ടായിരുന്നുവല്ലോ എന്നോട് അമ്മാറിനെ ചാട്ടവാർ കൊണ്ട് അടിക്കാൻ പറഞ്ഞതും ഞാൻ നിഷേധിച്ചതും അതിനെ തുടർന്ന് എന്നെ കൊല്ലാകൊല ചെയ്തതും. ആ കാര്യം മുമ്പ് ഞാൻ വിവരിച്ചത് നിങ്ങൾക്ക് ഓർമ ഉണ്ടാകുമല്ലോ.

യമനിൽ നിന്നും മക്കയിൽ

കുടിയേറി പാർത്ത കുടുംബമായിരുന്നു ഹദ്റത്ത് യാസിറിന്റേത്. റസൂലുലാഹ്(സ)യുടെ വിളി ഇദ്ദേഹത്തിന്റെ ചെവിയിലുമെത്തി. പിന്നെ ഒട്ടും താമസിച്ചില്ല. ആ പ്രകാശം സ്വീകരിച്ചുകൊണ്ട് അദ്ദേഹം തന്റെ ഹൃദയത്തെ പ്രകാശപൂരിതമാക്കി. ഭാര്യ സമിയ്യയും മകൻ അമ്മാറും സ്വന്തം ഭർത്താവിന്റേയും പിതാവിന്റേയും വഴിയിൽ തന്നെ മുന്നോട്ടുനീങ്ങി. അവരും ഇസ്ലാം ആശ്ലേഷിച്ചു. അങ്ങനെ അവരുടെ കുടുംബം ആദ്യകാല മുസ്‌ലിമീങ്ങളിൽപ്പെട്ടവരായി. അതോടെ ഖുറൈശികളുടെ എല്ലാ തരത്തിലുള്ള ദണ്ഡനമുറകളും അവർക്കെതിരിൽ ആരംഭിക്കുകയും ചെയ്തു. ഇസ്‌ലാം സ്വീകരിച്ച പ്രതാപശാലികളായിട്ടുള്ളവരുടെ സ്ഥിതി തന്നെ ശോചനീയമായി തുടരുമ്പോൾ പാവങ്ങളും പ്രവാസികളുമായ ഇവരുടെ കാര്യം പറയാനുണ്ടോ? ഇവരുടെ ജീവിതം നരകതുല്യമായി മാറി.

ഇത്രയൊക്കെ പീഡിപ്പിച്ചിട്ടും ഇവർ സ്വീകരിച്ച പുതിയ മതം ഉപേക്ഷിക്കാൻ തയ്യാറാകാത്തത് ഖുറൈശികളെ വല്ലാതെ ചൊടിപ്പിച്ചു. ഒരിക്കൽ കോപ പാരവശ്യത്തിൽ ഭ്രാന്തനായ അബൂജഹൽ വൃദ്ധയായ സമിയ്യയെ കുന്തം കൊണ്ട് ആഞ്ഞ് കുത്തി. തുടയിലൂടെ തുളഞ്ഞ് കയറിയ കുന്തം അവരുടെ ഗുഹ്യ സ്ഥാനത്ത് കയറി. അവർ പിടഞ്ഞ് പിടഞ്ഞാണ് അന്ത്യശ്വാസം വലിച്ചത്. സ്ത്രീകളിൽ അവരായിരുന്നു ആദ്യത്തെ രക്ത സാക്ഷി. പിന്നിട് ഉപ്പയും മകനും ബാക്കിയായി. അവർ ഇസ്‌ലാമിനു വേണ്ടി എല്ലാവിധ പീഡനങ്ങളും സഹിച്ച് കൊണ്ട് അചഞ്ചലരായി നിലകൊണ്ടു.

യാസ്സിർ കുടുംബത്തിനെ ഖുറൈശികൾ ദ്രോഹിക്കുന്നത് യാദൃച്ഛികമായി കണ്ട റസൂലുലാഹ്, ''ഓ ആലു യാസ്സിർ (യാസ്സിർ കുടുംബം) ക്ഷമ കൈവെടിയരുത്, നിങ്ങൾ സന്തോഷഭരിതരായിരിക്കൂ,

മുഅ്മിനീംകൾ തങ്ങളുടെ ജീവനേക്കാളും ഭാര്യാമക്കളേക്കാളും സ്വത്തും സമ്പത്തിനേക്കാളും ഉപരി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന യജമാനന്റെ വാക്കുകൾ അതേപടി അനുസരിക്കുകയും കഷ്ടപ്പാടുകൾ സഹിക്കാനും ക്ഷമിക്കാനും പൊറുക്കാനും തയ്യാറാകുകയും ചെയ്തു. അല്ലാതെ മുസ്‌ലിംകൾ ഒരിക്കലും ഭീരുക്കളോ ഇസ്‌ലാമിനു വേണ്ടി ജീവത്യാഗം വരിക്കാൻ മടിക്കുന്നവരോ അല്ലായിരുന്നു. പിന്നീട് അതിക്രമങ്ങളുടേയും പീഡനങ്ങളുടേയും എല്ലാ പരിധികളും ലംഘിക്കപ്പെടുകയും അല്ലാഹുവിൽ നിന്നു അനുവാദവും അവന്റെ റസൂലിൽ നിന്ന് കല്പനയും ലഭിച്ചപ്പോൾ പാവപ്പെട്ടവരും നിരാലംബരും യാതൊരു ഭൗതികശക്തിയും ഇല്ലാത്തവരുമായ മുസ്‌ലിമീങ്ങൾ അക്കാലത്തെ വൻശക്തികളായി ഗണിക്കപ്പെട്ടിരുന്ന കിസ്റായുടേയും കൈസറിന്റേയും പോലും സിംഹാസനങ്ങൾ തകർത്തു തരിപ്പണമാക്കിയത് ലോകം കണ്ടതാണ്.

കാരണം നിങ്ങൾക്ക് സ്വർഗം വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നു'' എന്ന് അരുൾ ചെയ്യുകയുണ്ടായി. പക്ഷേ കൊടിയ യാതനകൾ സഹിച്ച് വൃദ്ധനായ യാസ്സിറിന്ന് കൂടുതൽ നാൾ പിടിച്ചു നിൽക്കാനായില്ല. അധികം താമസിയാതെ അദ്ദേഹവും ഭാര്യയുടെ പുറകെ ഈ ലോകത്ത് നിന്ന് യാത്രയായി.

മകൻ അമ്മാർ ബിൻ യാസ്സിർ മാത്രം ബാക്കിയായി. ഖുറൈശികൾ അമ്മാർ ബിൻ യാസ്സിറിനുമേൽ പ്രയോഗിക്കാത്ത ഒരു ക്രൂരതയും ബാക്കിയില്ല. അവർ അദ്ദേഹത്തെ മൃഗീയമായി മർദിച്ച് രക്തത്തിൽ കുളിപ്പിച്ചു. നട്ടുച്ച നേരത്ത് തീക്കനൽ ഉണ്ടാക്കി അതിൽ കിടത്തി അദ്ദേഹത്തിനു മുകളിൽ അവർ കയറി നിന്നു. ചിലപ്പോൾ വെള്ളത്തിൽ മുക്കി ശ്വാസം മുട്ടിച്ച് കൊല്ലാതെ കൊന്നു. ഒരിക്കൽ അമ്മാറിനെ തീക്കനലിൽ കിടത്തുന്നതും അദ്ദേഹം വേദനകൊണ്ട് പിടക്കുന്നതും കാണുവാനിടയായ അല്ലാഹുവിന്റെ റസൂൽ അതിയായ മനോവേദനയോടെ, .

يَا نَارُ كُونِي بَرْدًا وَسَلَامًا عَلَى عَمَّارٍ كَمَا كُنْتِ عَلَى ابْرَاهِيمَ

''ഓ തീയെ, നീ ഇബ്റാഹീമിന്റെ മേൽ ആയി തീർന്നതുപോലെ അമ്മാറിന്റെ മേലും തണുത്തതും രക്ഷക്ക് കാരണവുമായി തീരുക'' എന്ന് ദുആ ചെയ്തു. അമ്മാറിന്റെ മുതുകിൽ തീകൊണ്ട് പൊള്ളിയതിന്റെ അടയാളം ജീവിതകാലം മൊത്തം ബാക്കിയായി. എന്നാൽ ഈമാനിൽ ഒരണുപോലും വ്യത്യാസം വന്നില്ല.

ഇത്രയും ക്രൂരന്മാരും താന്തോന്നികളും കഠിനഹൃദയരും, ഞങ്ങൾ തന്നെയാണ് എല്ലാം എന്ന് മനസ്സിലാക്കുന്നവരുമായ ഇവരുടെ അന്ത്യം വളരെ ദാരുണമായിരുന്നു. ഞാനത് വഴിയെ നിങ്ങൾക്ക് പറഞ്ഞു തരാം. എന്നാൽ ഇത്രയും പീഡനങ്ങൾ നേരിട്ടിട്ടും ഇസ്‌ലാമിൽ പ്രവേശിച്ച ഒരാൾ പോലും

ഇസ്ലാം ഉപേക്ഷിച്ചില്ല എന്ന് മാത്രമല്ല മെല്ലെ മെല്ലെ നല്ലവരായ ആളുകൾ ഇസ്ലാമിൽ പ്രവേശിച്ച് കൊണ്ടേയിരുന്നു. ഇത് അവരെ വല്ലാതെ ചൊടിപ്പിക്കുകയും ഞങ്ങളോടുള്ള അതിക്രമങ്ങൾ വർധിക്കുകയും ചെയ്തു.

ഇസ്ലാമിന്റെ സുന്ദരമായ സന്ദേശത്തിൽ ആകൃഷ്ടരാകുകയും അത് മനസ്സിനെ കീഴ്പ്പെടുത്തുകയും ചെയ്തതുകൊണ്ടാണ് ഓരോ ആളും ഇസ്ലാം സ്വീകരിക്കുന്നത്. അത് സ്വീകരിക്കുന്നതിലൂടെ ഞങ്ങൾ തീർച്ചയായും കൊടിയ യാതനകൾക്കും പീഡനങ്ങൾക്കും ഇരയാകുമെന്നും അവർ നേരത്തെ തന്നെ മനസിലാക്കുകയും ചെയ്തിരുന്നു. ഇസ്ലാം സ്വീകരിച്ചവർ അത് ഉപേക്ഷിക്കാതിരിക്കാനുള്ള പ്രധാനകാരണവും അത് തന്നെയാണ്.

ഒരിക്കൽ അബ്ദുർറഹ്മാൻ ബിൻ ഔഫും മറ്റു ചില സഹോദരന്മാരും ചേർന്ന് അല്ലാഹുവിന്റെ റസൂലിന്റെ സന്നിധിയിൽ ചെന്ന് സങ്കടം ഉണർത്തി. അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ മുശ്രിക്കുകളായിരുന്ന സമയത്ത് നാട്ടിൽ ആദരണീയരും പ്രതാപശാലികളുമായിരുന്നു. ഒരാളും ഞങ്ങളുടെ മുന്നിൽ നിൽക്കാനോ ഞങ്ങളെ നോക്കി സംസാരിക്കാനോ ധൈര്യപ്പെട്ടിരുന്നില്ല. പക്ഷേ ഞങ്ങൾ ഇസ്ലാം സ്വീകരിച്ച ശേഷം, ഞങ്ങൾ ഏറ്റവും ബലഹീനരും നികൃഷ്ടരുമായി തീർന്നിരിക്കുകയാണ്. ആർക്കു വേണമെങ്കിലും ഞങ്ങ ളോട് ഏത് വിധത്തിലും പെരുമാറാം എന്നായിരിക്കുന്നു. അതുകൊണ്ട് അവരെ നേരിടാൻ അങ്ങ് ഞങ്ങൾക്ക് സമ്മതം തന്നാലും. അല്ലാഹുവിന്റെ റസൂൽ പറഞ്ഞു: 'ഇല്ല അതു പറ്റുകയില്ല.

إِنِّيْ أُمِرْتُ بِالْعَفْوِ فَلَا تُقَاتِلُوْا

ക്ഷമിക്കാനും പൊറുക്കാനും ആണ് ഞാൻ കൽപ്പിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് അവരെ നേരിടാനോ അവരോടു യുദ്ധം ചെയ്യുവാനോ എനിക്ക് അനുവദിക്കാൻ പറ്റുകയില്ല എന്നു പറയുകയുണ്ടായി.

അതുകൊണ്ട് മുഅ്മിനീംകൾ തങ്ങളുടെ ജീവനേക്കാളും ഭാര്യാ മക്കളേക്കാളും സ്വത്തും സമ്പത്തിനേക്കാളും ഉപരി സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന യജമാനന്റെ വാക്കുകൾ അതേപടി അനുസരിക്കുകയും കഷ്ടപ്പാടുകൾ സഹിക്കാനും ക്ഷമിക്കാനും പൊറുക്കാനും തയ്യാറാകുകയും ചെയ്തു. അല്ലാതെ മുസ്ലിംകൾ ഒരിക്കലും ഭീരുക്കളോ ഇസ്ലാമിനു വേണ്ടി ജീവത്യാഗം വരിക്കാൻ മടിക്കുന്നവരോ അല്ലായിരുന്നു. പിന്നീട് അതിക്രമങ്ങളുടേയും പീഡനങ്ങളുടേയും എല്ലാ പരിധികളും ലംഘിക്കപ്പെടുകയും അല്ലാഹുവിൽ നിന്നു അനുവാദവും അവന്റെ റസൂലിൽ നിന്ന് കല്പനയും ലഭിച്ചപ്പോൾ പാവപ്പെട്ടവരും നിരാലംബരും യാതൊരു ഭൗതികശക്തിയും ഇല്ലാത്തവരുമായ മുസ്ലിമീങ്ങൾ അക്കാലത്തെ വൻശക്തികളായി ഗണിക്കപ്പെട്ടിരുന്ന കിസ്റായുടേയും കൈസറിന്റേയും പോലും സിംഹാസനങ്ങൾ തകർത്തു തരിപ്പണമാക്കിയത് ലോകം കണ്ടതാണ്.

## അല്ലാഹുവിന്റെ റസൂലിനോടും ക്രൂരത

നമ്മുടെ യജമാനരായ റസൂലുല്ലാഹ് (സ) നേയും ഖുറൈശികൾ വെറുതെ വിട്ടില്ല. ചിലപ്പോൾ നമസ്കരിക്കുന്ന അവസരത്തിൽ ഒട്ടകത്തിന്റെ കുടൽമാല തിരുമേനിയുടെ മേൽ കൊണ്ട് വന്നിട്ടു. കല്ലെറിഞ്ഞ് അതിദാരുണമായി പരിക്കേൽപ്പിച്ചു. തിരുമേനിയുടെ വീടിനകത്തേക്ക് ദുർഗന്ധം വമിക്കുന്ന മാലിന്യങ്ങൾ വലിച്ചെറിഞ്ഞു. വീടിന്റെ വാതിൽക്കൽ മുള്ളുകൾ നിരത്തി. ഒരിക്കൽ അല്ലാഹുവിന്റെ റസൂൽ കഅബയുടെ അടുത്ത് നമസ്കരിക്കുന്ന സമയത്തു അഖബ ബിൻ അബീ മുഗീത്ത് അല്ലാഹുവിന്റെ റസൂലിന്റെ കഴുത്തിൽ തുണി കെട്ടി വലിച്ച് ശ്വാസം മുട്ടിച്ച് കൊല്ലാൻ ശ്രമിച്ചു. വിവരമറിഞ്ഞ് ഹദ്റത്ത് അബൂബക്കർ ഓടി എത്തി റസൂലിനെ രക്ഷിച്ചു. മറ്റൊരിക്കൽ ഖുറൈശികൾ അല്ലാഹുവിന്റെ റസൂലിനെ ദ്രോഹിക്കുന്നതറിഞ്ഞ് റസൂലിന്റെ പിറക്കാത്ത മകൻ അതായത് ഖദീജ (റ) യുടെ മകൻ ഹാരിസ് ബിൻ അബീ ഹാല രക്ഷിക്കാനായി ഓടി എത്തി. പക്ഷേ ആ സമയത്തുള്ള തിക്കിലും തിരക്കിലും ഏതോ ഒരു അക്രമി ഹാരിസിനെ വെട്ടിക്കൊലപ്പെടുത്തി. തിരക്കിൽ ആരാണ് വെട്ടിയത് എന്ന് മനസ്സിലായില്ല.

(തുടരും)

**കടപ്പാട് & അവലംബം**

1. സീറത്ത് ഖാത്തമുന്നബിയ്യീൻ By ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ)

2. സീറത്ത് സഹാബാ റസൂലുല്ലാഹ് (സ.അ) By മൗലവി മുസഫ്ഫർ അഹ്മദ് സാഹിബ്. റബ്വ

3. ഹദ്റത്ത് ബിലാൽ (റ) By ഹസ്സൻ മുഹമ്മദ് ഖാൻ സാഹിബ്. റബ്വ.

4. ഹദ്റത്ത് ബിലാൽ (റ) By ഫരീദ് അഹ്മദ് നവീദ് സാഹിബ് റബ്വ.

5. താരീഖുൽ അമ്പിയാ, വ സഹാബ വൽ ഔലിയാ By അഹ്മദ് ഫൈസി സാഹിബ്.

6. സബറോ ഇസ്തിഖാമത്ത് കെ ശഹ്സാദെ By മൗലവി അബ്ദുസ്സമീഅ ്ഖാൻ സാഹിബ്. റബ്വ.

7. തഫ്സീറുൽ ഖുർആൻ By ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനീ (റ)

8. അൽ ഫസൽ ഉറുദു ദിനപത്രങ്ങൾ .. റബ്വ

കുറിപ്പുകൾ

# ഇസ്റയേലിന് അമേരിക്കയിൽ നിന്ന് വൻ തിരിച്ചടി

മുസാഫിർ

ഫലസ്തീനിൽ നിന്നും, ഇസ്റായേൽ ആക്രമിച്ചു പിടിച്ചെടുത്ത സ്ഥലത്ത് പാർപ്പിട നിർമാണം നിർത്തി വെക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള 2016 ഡിസംബർ 23 ാം തീയതിയത്തെ യു.എൻ സെക്യൂരിറ്റി കൗൺസിൽ പ്രമേയം അമേരിക്കയുടെ യു.എൻ അംബാസഡർ സാമന്താ പവർ വീറ്റോ ചെയ്യാതെ, വിട്ടു നിൽക്കുകയുണ്ടായി. ന്യൂസിലന്റ്, സെനഗൽ, മലേഷ്യ, വെനിസുല എന്നീ രാജ്യങ്ങളുടെ അപേക്ഷ പ്രകാരമാണ് പ്രമേയം അവതരിപ്പിച്ചത്. അമേരിക്ക, റഷ്യ, ചൈന, ബ്രിട്ടൻ, ഫ്രാൻസ് എന്നീ വീറ്റോ പവറുള്ള സ്ഥിരാംഗങ്ങൾക്ക് പുറമേ അംഗോള, ഈജിപ്ത്, ജപ്പാൻ, മലേഷ്യ, ന്യൂസിലന്റ്, സ്പെയിൻ, ഉക്രെയിൻ, ഉറുഗ്വേ, സെനഗൽ, വെനിസുല എന്നിവയാണ് സെക്യൂരിറ്റി കൗൺസിലിലെ 15 അംഗരാജ്യങ്ങൾ. 1979 മുതൽ ഇസ്റയേലിനെതിരെയുള്ള എല്ലാ പ്രമേയങ്ങളെയും അമേരിക്ക വീറ്റോ ചെയ്യുകയായിരുന്നു പതിവ്. ദീർഘനാളായി ഇസ്റയേലിന്റെ എല്ലാ അതിക്രമങ്ങൾക്കും അധിനിവേശങ്ങൾക്കും കൂട്ടുനിന്ന അമേരിക്കയിൽ നിന്നുള്ള ഈ തിരിച്ചടി ഇസ്റയേലിന് വൻ ആഘാതമാണ് ഏൽപ്പിച്ചത്. പ്രമേയം വോട്ടിനിട്ടപ്പോൾ അമേരിക്ക വിട്ടുനിന്നു.




യു.എന്നിലെ യു.എസ് അംബാസഡർ സാമന്താ പവർ

മറ്റ് പതിനാല് രാജ്യങ്ങളും പ്രമേയത്തെ പിന്തുണക്കുകയാണുണ്ടായത്. സ്ഥാനമൊഴിയിയാൻ നിൽക്കുന്ന ഒബാമയുടെ നിർദേശ പ്രകാരമാണ് അമേരിക്ക ഇസ്റായേലിന് നേരെയുള്ള പ്രമേയം പാസ്സാകാൻ സഹായിച്ചു കൊണ്ട് ഒഴിഞ്ഞു നിന്നത്. സമാധാന പ്രവർത്തനത്തിനുള്ള അർഥവത്തായ ശ്രമം എന്നാണ് വൈറ്റ് ഹൗസ് ഈ നീക്കത്തെ വിശേഷിപ്പിച്ചത്. ഫലസ്തീൻ സമാധാന ശ്രമങ്ങളിൽ ഇസ്റയേൽ പ്രധാന മന്ത്രിയുടെ കടും പിടുത്തവും കരാർ ലംഘനങ്ങളും കാരണം നെതന്യാഹുവുമായി ഒബാമ നല്ല ബന്ധത്തിലായിരുന്നില്ല. ഒബാമയുടെ എട്ട് വർഷത്തെ ഭരണത്തിൽ ആദ്യമായാണ് ഇസ്റായേൽ വിരുദ്ധ പ്രമേയം അമേരിക്ക തടയപ്പെടാതെ പാസ്സാകുന്നത്.

2017 ജനുവരി 20ന് അധികാര മേൽക്കുന്ന നിയുക്ത അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കടുത്ത ഇസ്റയേൽ പക്ഷപാതിയാണ്. താൻ പ്രസിഡന്റ് പദത്തിൽ അധികാരമേറ്റാൽ ഇസ്റായേൽ അനുകൂല നയം തന്നെയായിരിക്കും അമേരിക്ക പിന്തുടരുക എന്ന് ട്രംപ് ഇതിനെതിരെ പ്രതികരിച്ചെങ്കിലും സെക്യൂരിറ്റി കൗൺസിലിൽ പാസ്സാക്കിയ ഈ പ്രമേയം മാറ്റിത്തിരുത്തുക ഏറെക്കുറേ അസാദ്ധ്യമാണ്. രക്ഷാസമിതിയിൽ

ഒരു പ്രമേയം അവതരിപ്പിക്കാൻ 15 അംഗങ്ങളിൽ 9 അംഗങ്ങളുടെ പിന്തുണ വേണം. മാത്രമല്ല വീറ്റോ പവറുള്ള മറ്റ് 4 രാജ്യങ്ങൾ പ്രമേയത്തെ വീറ്റോ ചെയ്യാതിരിക്കുകയും വേണം.

22ന് വ്യാഴാഴ്ച്ച ഈജിപ്തായിരുന്നു പ്രമേയം അവതരിപ്പിക്കേണ്ടത്. ഇസ്റയേലിന്റെയും അമേരിക്കയുടെയും സമ്മർദത്തെ തുടർന്ന് ഈജിപ്ത് ആ ശ്രമത്തിൽ നിന്ന് പിന്മാറി. 1967-ൽ ഇസ്റായേൽ പിടിച്ചടക്കിയ ഫലസ്തീൻ പ്രദേശങ്ങളിലെ ഇസ്റയേൽ കുടിയേറ്റങ്ങൾക്ക് നിയമപരമായ സാധുതയില്ലെന്ന് സ്ഥാനമൊഴിയുന്ന യു എൻ സെക്രട്ടറി ജനറൽ ബാൻ കീ മൂണും പ്രസ്താവിച്ചിട്ടുണ്ട്.

1967 മുതൽ കിഴക്കൻ ജറൂസലേം അടക്കമുള്ള സ്ഥലങ്ങളിൽ ഇസ്റയേൽ നടത്തിയ അധിനിവേശങ്ങൾക്ക് നിയമ സാധുതയില്ല എന്നും ഇസ്റയേലിന്റെ എല്ലാ കുടിയേറ്റ പ്രവർത്തനങ്ങളും പൂർണമായും നിർത്തിവെക്കണം, ദ്വിരാഷ്ട്ര പരിഹാരത്തിന് അത് ആവശ്യ മാണ് എന്നും പ്രമേയം അസന്ദിഗ്ധമായി പറയുന്നു. ഇസ്റയേൽ അധിനിവേശവും അധിനിവേശസ്ഥലത്തെ നിർമാണങ്ങളും അന്തർദേശീയ നിയമങ്ങളുടെ **'നഗ്നമായ ലംഘനം'** ആണെന്നും പ്രമേയം ഇസ്റയേലിനെ കടുത്ത ഭാഷയിൽ കുറ്റപ്പെടുത്തുന്നുണ്ട്. ഇത്പോലെയുള്ള ഒരു പ്രമേയം 2011 ൽ ഇസ്റയേലിനെതിരെ വന്നപ്പോൾ അത് അമേരിക്ക വീറ്റോ ചെയ്തതാണ്. പതിവിനു വിപരീതമായി പ്രമേയം വീറ്റോ ചെയ്യാതെ അമേരിക്ക വിട്ടുനിന്ന കാര്യം വിശദീകരിച്ചുകൊണ്ട് അമേരിക്കയുടെ യു.എൻ അംബാസഡർ സാമന്താ പവർ പറഞ്ഞത് **'**ഇസ്റയേലിന്റെ അധിനി വേശം അവരുടെ സുരക്ഷക്ക് തന്നെ മാരകമായ ഭീഷണിയാണ്**'** എന്നാണ്. അഞ്ച് പതിറ്റാണ്ട് കാലമായി പ്രത്യക്ഷമായും രഹസ്യമായും അവർ തുടർന്നു വരുന്ന എല്ലാ അധിനിവേശങ്ങളും നിർത്തിവെക്കണം എന്നും സാമാന്താ പവർ കൂട്ടി ചേർത്തു.

പ്രമേയത്തിനെതിരെ രൂക്ഷമായാണ് ഇസ്റയേൽ പ്രതികരിച്ചത്. **'**ലജ്ജാകരമായ ഇസ്റയേൽ വിരുദ്ധ പ്രഹരം**'** എന്നായിരുന്നു ഇസ്റയേൽ പ്രധാന മന്ത്രി നെതന്യാഹുവിന്റെ ഓഫീസിന്റെ പ്രതികരണം. പ്രമേയം അവതരിപ്പിച്ച ന്യൂസിലാന്റിനും പിന്തുണച്ച സെനഗളിനുമെതിരെ ഇസ്റയേൽ തങ്ങളുടെ രോഷം പ്രകടിപ്പിച്ചിട്ടുണ്ട്. ഈ രണ്ട് രാജ്യങ്ങളിലേയും അംബാസഡർമാരെ ഇസ്റയേൽ തിരിച്ചു വിളിക്കുകയുണ്ടായി. ഇസ്റയേലിനെതിരെ പ്രമേയം പാസ്സാക്കിയ സാഹചര്യത്തിൽ ഐക്യരാഷ്ട്ര സഭയുമായുള്ള എല്ലാ ബന്ധങ്ങളും പുനപ്പരിശോധിക്കാൻ നെതന്യാഹു തങ്ങളുടെ വിദേശ മന്ത്രാലയ ത്തോട് ആവശ്യപ്പെട്ടിരിക്കയാണ്. **'**യു എസ് പ്രസിഡന്റ് ഒബാമയും സെക്രട്ടറി ഓഫ് സ്റ്റേറ്റ് ജോൺ കെറിയുമാണ് പ്രമേയത്തിന് പിന്നിൽ പ്രവർത്തിക്കുകയും അതിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കുകയും പാസ്സാക്കാൻ ആവശ്യപ്പെടുകയും ചെയ്തത് എന്ന കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല**'** എന്നാണ് നെതന്യാഹുവിന്റെ ആരോപണം. 2011-ൽ ഇത്തരമൊരു പ്രമേയത്തെ ഉപാധികൾ ചുമത്തി പരാജയപ്പെടുത്തിയ ഒബാമയുടെ ഇപ്പോഴത്തെ നിലപാട് അമേരിക്കയുടെ പരമ്പരാഗത നിലപാടിന് തീർച്ചയായും കടക വിരുദ്ധമാണ്**'** എന്നും നെതന്യാഹു പറഞ്ഞു. **'**പ്രമേയം ഇസ്യേലിന്റെ വിരുദ്ധ പക്ഷം ചേർന്നു നിന്ന പഴയ ലോകത്തിന്റെ മരണമണി മുഴക്കമാണ്. പക്ഷേ, സ്നേഹിതരെ നാം പുതിയൊരു ലോകത്തേക്കാണ് പ്രവേശിച്ചിരിക്കുന്നത്**'** എന്ന് ഇസ്റയേൽ പക്ഷപാതിയായ നിയുക്ത അമേരിക്കൻ പ്രസിഡന്റ് ട്രംപിന്റെ രംഗപ്രവേശനത്തെ സൂചിപ്പിച്ചു കൊണ്ട് നെതന്യാഹു പറഞ്ഞു. ഇപ്പോൾ സെക്യൂരിറ്റി കൗൺസിലിൽ ഇസ്റയേലിനെതിരായ പ്രമേയത്തിൽ ഉപരോധങ്ങളൊന്നുമില്ല. ഈ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ഇസ്റയേലി അധിനിവേശങ്ങൾ അന്താരാഷ്ട്ര ക്രിമിനൽ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടേക്കാൻ സാദ്ധ്യതയുണ്ട്. ഇസ്റയേലിലെ വലത് പക്ഷ തീവ്രവാദി പാർട്ടിയുടെ സെക്യൂരിറ്റി മന്ത്രി ജിലാദ് ഏർദാൻ പറഞ്ഞത് പ്രമേയത്തിനോടുള്ള പ്രതികരണം എന്ന നിലക്ക് അധിനിവേശം നടത്തിയ സ്ഥലങ്ങൾ പൂർണമായും ഇസ്റയേലിനോട് കൂട്ടിച്ചേർത്തതായി പ്രഖ്യാപിക്കണമെന്നായിരുന്നു.

വെറുപ്പും പകയും ഉപേക്ഷിച്ച് പരസ്പര ധാരണയോടെയും സൗഹൃദത്തോടെയും ഭാവികെട്ടിപ്പടുത്തു കൊണ്ട് ചരിത്രത്തിൽ പുതിയ അദ്ധ്യായങ്ങൾ എഴുതി ചേർക്കാനുള്ള ധീരതയും നിശ്ചയദാർഢ്യവും ഇസ്റയേലിനും ഫലസ്തീനും ഉണ്ടാവട്ടെ എന്ന് തന്റെ ക്രിസ്മസ്സ് സന്ദേശത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ ആശംസിക്കുകയുണ്ടായി.

തങ്ങൾക്ക് യഹോവ നൽകിയ വാഗ്ദാന ഭൂമിയാണ് ഇസ്റയേൽ എന്ന് പറഞ്ഞ് കൊണ്ടാണ് ചരിത്രാതീത കാലംതൊട്ട് ജീവിച്ചു വരുന്ന ഫലസ്തീനികളെ അവിടെ നിന്നും ആട്ടിയോടിച്ചുകൊണ്ട് ജൂതന്മാർ തങ്ങളുടെ ഈസ്റയേൽ രാഷ്ട്രം സ്ഥാപിച്ചത്. അതിന്റെ രേഖ ബൈബിളിൽ ഉണ്ടെന്നാണ് ജൂതന്മാരുടെ ന്യായം. ***' ഞാൻ നിന്റെ സന്തതികൾക്കായി ഈജിപ്തിലെ നദി (നൈൽ) മുതൽ മഹാനദിയായ യൂഫ്രട്ടീസ് (ഇറാഖ്, സിറിയ, തുർക്കി എന്നീ രാജ്യങ്ങളിലൂടെ ഒഴുകുന്നത്) വരെയുള്ള ദേശം തരുന്നു ' (ഉൽപ്പത്തി 15:18)*** ഇതാണ് ആ ബൈബിൾ വചനം. അന്യായം ചെയ്ത ഒരാളോട് രേഖ ചോദിച്ചപ്പേൾ രേഖ എന്റെ കൈരേഖ തന്നെ

എന്ന് പറഞ്ഞ ഒരു കഥയുണ്ടല്ലോ. അത്പോലെ ബാലിശവും അയുക്തികവും ജുഗുപ്സാവഹവുമാണ് ഇസ്റയേൽ രൂപീകരണത്തിന്റെ ബൈബിൾ ആധികാരികത. ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് പാർപ്പിടം ഉപേക്ഷിച്ചു എവിടെയൊക്കെയോ ജീവിച്ച ജനതയാണ് യഹൂദർ. എന്നാൽ എല്ലാ പ്രക്ഷുബ്ധാവസ്ഥയിലും വിപരീതാവസ്ഥയിലും ജൂതവംശം പിറവിയെടുക്കുന്നതിന് മുമ്പ് മുതൽ ആയിരക്കണക്കിന് വർഷങ്ങളായി അവിടെ പരമ്പരാഗതമായി താമസിച്ചു വരുന്ന ഫലസ്തീന്റെ മണ്ണിന്റെ മക്കളാണ് ഫലസ്തീൻ അറബികൾ. ഇരുപതാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ തിരിച്ച് വന്ന യഹൂദർ, ഫലസ്തീനികളെ ആട്ടിയോടിച്ച് ആ ഭൂമിയിൽ ബൈബിൾ രേഖയുടെ ബലത്തിൽ അവകാശം സ്ഥാപിച്ചാണ് അന്യായമായ ഇസ്റയേൽ രൂപീകരണമുണ്ടായത്. ഇന്ത്യയിലെ ആര്യൻ ജനത ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് മദ്ധ്യേഷ്യയിൽ നിന്ന് വന്നവരാണല്ലോ. ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ മദ്ധ്യേഷ്യയിലെ രാജ്യങ്ങളിൽ വസിക്കുന്നവരെ അവിടെ നിന്നും പുറത്താക്കി തങ്ങൾക്ക് ആ ഭൂമി വേണമെന്ന് വാദിച്ചാൽ അതിൽപരം ഒരു അന്യായം മറ്റെന്തുണ്ട്. അപ്രകാരമുള്ള ഒരു അന്യായമാണ് ഇസ്റയേൽ രൂപീകരണം. സിയോണിസ്റ്റുകളുടെ ഗൂഢാലോചനയുടെ ഫലമായി വൻ ശക്തി രാഷ്ട്രങ്ങളുടെ പിന്തുണയോടെ ഐക്യരാഷ്ട്ര സഭയിൽ പ്രമേയം പാസ്സാക്കിയാണ് 1948 മെയ് 14 ന് ഇസ്റയേൽ നിലവിൽ വന്നത്. ഈ പാപത്തിലാണ് ഇസ്റയേൽ കെട്ടിപടുത്തത്. അന്ന് ഐക്യരാഷ്ട്ര സഭയിൽ നടന്ന ചർച്ചകളിൽ ഫലസ്തീനികൾക്ക് വേണ്ടി വാദിച്ച വിശ്വപ്രശസ്തനായ പണ്ഡിതനും അന്താരാഷ്ട്ര നിയമങ്ങളിൽ അഗാധ വൈദഗ്ധ്യവുമുള്ള സർ സഫറുല്ലാഹ് ഖാന്റെ നേതൃത്വത്തിൽ നടത്തിയ ഉജ്ജ്വലവും അനിഷേധ്യവുമായ നിയമ പോരാട്ടങ്ങൾ സിയോണിസ്റ്റുകളുടെ അന്തർ ദേശീയ ഗൂഢാലോചനക്ക് മുമ്പിൽ പരാജയപ്പെട്ടു. അങ്ങനെ രൂപീകരിക്കപ്പെട്ട ഇസ്റയേൽ അതിന് ശേഷം നിരന്തരം യുദ്ധങ്ങളിലൂടെ ദുർബലരായ ഫലസ്തീൻ അറബികളുടെ ഭൂമി പിടിച്ചെടുത്ത് തങ്ങളുടെ രാജ്യം വികസിപ്പിക്കുകയാണുണ്ടായത്. ബൈബിൾ മിത്തുകളും അവർക്ക് ഇക്കാര്യം സാധിച്ചെടുക്കാൻ സഹായകമായി. ബൈബിളിൽ അവർക്ക് യഹോവ വാഗ്ദാനം ചെയ്ത ഈജിപ്തിലെ നൈൽ മുതൽ ഇറാഖ്, സിറിയ, തുർക്കി എന്നീ രാജ്യങ്ങളിലൂടെ ഒഴുകുന്ന യൂഫ്രട്ടീസ് നദി വരെയുള്ള വിശാല ഇസ്റയേൽ ആയി വികസിപ്പിക്കും എന്നാണ് അവരുടെ ഇത:പര്യന്തമുള്ള പ്രവർത്തനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. 1956 ൽ ഈജിപ്തിലെ ജമാൽ അബ്ദുന്നാസർ സൂയസ് കനാൽ ദേശസാൽകരിക്കുകയും അഖബ ഉൾക്കടലിലേക്കുള്ള ഇസ്റയേലിന്റെ കപ്പൽ ഗതാഗതം നിരോധിക്കുകയും ചെയ്തപ്പോൾ ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ സഹായത്തോടെ ഇസ്റയേൽ ഈജിപ്തിനെതിരെ യുദ്ധം പ്രഖ്യാപിച്ചു. വിജയം ഇസ്റയേലിനു തന്നെയായിരുന്നു. അഞ്ചു ദിവസം കൊണ്ട് അവർ ഗസ്സയും സീനായ് പ്രദേശങ്ങളും പിടിച്ചടക്കി. യു എൻ പ്രമേയങ്ങളുടെയും അമേരിക്കയുടെയും സമ്മർദ്ദഫലമായിട്ടാണ് 1957 ൽ അവർ ഈ അധിനിവേശസ്ഥലങ്ങളിൽ നിന്നും പിന്മാറിയത്. 1967 ൽ വീണ്ടും ആറ് ദിവസം യുദ്ധം നടത്തി സീനായ്, ഗസ്സ, ജെറുസലേമിന്റെ കിഴക്കൻ ഭാഗം, ജൂലാൻ കുന്നുകൾ, വെസ്റ്റ് ബാങ്ക് എന്നിവ പിടിച്ചടക്കി. ഇത് 1948 ൽ ഐക്യരാഷ്ട്ര സഭ അവർക്ക് നൽകിയ ഭൂമിയുടെ മൂന്നിരട്ടി വരും. പിന്നീട് സീനായിൽ നിന്നും ഗസ്സയിൽ നിന്നും മാത്രമേ ഇസ്റയേൽ പിൻവാങ്ങിയുള്ളൂ. വെസ്റ്റ് ബാങ്കും കിഴക്കൻ ജെറുസലെമും ഗോലാൻ കുന്നുകളും ഇപ്പോഴും അവരുടെ കൈകളിലാണ്. യു എന്നിന്റെ കണക്ക് പ്രകാരം 1948ന് ശേഷം 72 ലക്ഷം ഫലസ്തീൻ അഭയാർഥികൾ നാടും വീടും നഷ്ടപ്പെട്ട് ഇപ്പോഴും അഭയാർഥികളായി അലയുകയാണ്. ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയതും ഏറ്റവും അധികമുള്ളതുമായ അഭയാർഥി പ്രശ്നം ഫലസ്തീൻ പ്രശ്നമാണ്.

2012 ൽ ഐക്യരാഷ്ട്ര സഭ വെസ്റ്റ് ബാങ്ക്, ഗസ്സ മുനമ്പ്, ജെറുസെലമിന്റെ കിഴക്ക് ഭാഗം എന്നീ പ്രദേശങ്ങൾ കൂട്ടി ചേർത്ത് ഫലസ്തീന് ഒരു പരമാധികാര രാഷ്ട്ര പദവി നൽകുകയുണ്ടായി. അതോടെ നിരീക്ഷക പദവിയിൽ നിന്നും രാഷ്ട്ര പദവി കൈവരികയുണ്ടായി. പരമാധികാര രാഷ്ട്ര പദവിക്ക് വേണ്ടി 2012 നവംബർ 29ന് ജനറൽ അസംബ്ലിയിൽ നടന്ന വോട്ടിംഗിൽ ഇന്ത്യയടക്കം 138 രാജ്യങ്ങൾ അനുകൂലമായി വോട്ട് ചെയ്തു. അമേരിക്ക, ഇസ്റയേൽ, കാനഡ തുടങ്ങി 8 രാജ്യങ്ങളാണ് അന്ന് എതിർത്ത് വോട്ട് ചെയ്തത്. മഹാത്മാ ഗാന്ധിയുടെ കാലം മുതൽ ഇന്ത്യ ഫലസ്തീനികളോട് അനുകൂല നിലപാടാണ് സ്വീകരിച്ചു വരുന്നത്. 2014ൽ ഗസ്സയിൽ ഹമാസും ഇസ്റയേലും തമ്മിൽ ഏറ്റുമുട്ടി 2,300 ലധികം ഫലസ്തീനികൾ മരിച്ചപ്പോൾ അത് സംബന്ധിച്ച് ഇസ്റയേലിനെ കുറ്റപ്പെടുത്തുന്നതും ഹമാസിനെ അപലപിക്കുന്നതുമായ ഒരു പ്രമേയും ജനറൽ അസംബ്ലി പാസ്സാക്കിയിരുന്നു. വത്തിക്കാനടക്കം ഭൂരിപക്ഷം രാജ്യങ്ങൾ ഇസ്റയേലിനെ പ്രതികൂട്ടിൽ നിർത്തുന്ന ഈ പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്തപ്പോൾ ഇന്ത്യയടക്കം 5 രാജ്യങ്ങൾ ഇസ്റയേലിന് അനുകൂലമായിട്ടാണ് വോട്ട് ചെയ്തത് എന്നത് ഖേദകരമാണ്. ശ്രീ നരേന്ദ്ര മോഡി അധികാരത്തിലേറിയത് മുതൽ ഫലസ്തീനികളോടുള്ള ഇന്ത്യയുടെ അഗാധമായ ബന്ധം

അയഞ്ഞു വരുന്നു എന്നത് ദൗർഭാഗ്യകരമാണ്.

ലക്ഷക്കണക്കിന് ഫലസ്തീനികളാണ് സ്വന്തം ഭൂമി നഷ്ടപ്പെട്ട് വളരെ ദുസ്സഹമായ സാഹചര്യത്തിൽ അഭയാർഥികളായി കഴിയുന്നത്. ആ പാവങ്ങളെ പുറം തള്ളിയ ഭൂമിയിൽ നിർമാണ പ്രവർത്തനം നിർത്തിവെച്ച് ഇസ്റയേൽ ഒഴിഞ്ഞു പോവണമെന്ന ഐക്യരാഷ്ട്ര സഭാ പ്രമേയം നിലനിൽക്കവേയാണ് ധിക്കാരപരമായി അവിടെ നിർമാണ പ്രവർത്തനങ്ങൾ നടത്തി ജൂത കുടിയേറ്റ കേന്ദ്രമായി പരിവർത്തിപ്പിക്കാൻ അവർ ശ്രമിക്കുന്നത്. അമേരിക്ക ഇത്‌വരെ അവർ ചെയ്ത കുറ്റങ്ങൾക്ക് കൂട്ടുപ്രതിയായിരുന്നു. അതിനുള്ള ചെറിയ ഒരു പശ്ചാത്താപം എന്ന നിലക്കും വരാനിരിക്കുന്ന അമേരിക്കൻ പ്രസിഡന്റ് ട്രംപും ഇസ്റായേലും കൂടി നിസ്സഹായരായ ഫലസ്തീൻ ജനതക്ക് മേൽ കാട്ടികൂട്ടാനിടയുള്ള ക്രൂരതയെ ഓർത്തിട്ടുകൂടിയായിരിക്കാം ഒബാമ ഇസ്റയേലിനെതിരെയുള്ള പ്രമേയം വീറ്റോ ചെയ്യാതിരുന്നത്. ഏതായാലും ഒബാമയുടെ ഈ നടപടി അമേരിക്കൻ ജനതക്ക് വീണ്ടു വിചാരമുണ്ടാക്കാൻ ഉതകട്ടെ എന്ന് നമുക്ക് പ്രാർഥിക്കാം. ഇസ്റായേൽ ഫലസ്തീനികളോട് കാട്ടുന്ന ക്രൂരതക്കെതിരെ അന്താരാഷ്ട്ര തലത്തിൽ ഒരു വികാരം ഉരുത്തിരിയാനും അമേരിക്കയുടെ ഈ നീക്കം കാരണമായേക്കാം.

അവസാന കാലത്ത് ശാമിൽ (സിറിയ) നിന്നുമായിരിക്കും അന്തിമ ലോക യുദ്ധം (മൽഹമത്തുൽ ഖുബ്റ) ഉണ്ടാവുകയെന്ന് റസൂൽ തിരുമേനി(സ)യുടെ ഹദീസുകളിൽ നിരവധി സൂചനകളുണ്ട്. അക്കാലത്ത് യഹൂദികൾക്ക് അഭയം നൽകിയ കല്ലു മരവും ഇതാ യഹൂദൻ എന്ന് പറഞ്ഞ് അവരെ കൈയൊഴിയുകയും അവരെ ഒറ്റപ്പെടുത്തുമെന്നും റസൂൽ തിരുമേനി (സ)യുടെ ഒരു പ്രവചനമുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫ ഇത് സംബന്ധമായി പറഞ്ഞ കാര്യവും ശ്രദ്ധേയമാണ്. അമേരിക്കയുമായുള്ള ഇസ്റയേലി ബാന്ധവത്തിന് അറുതിയുണ്ടാവുമെന്നും അവർ മറുചേരിയിലേക്ക് പോവുമെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഏതായാലും ട്രംപ് നേതൃത്വം കൊടുക്കുന്ന അമേരിക്കയുടെ സംഭവബഹുലമായ ദിനങ്ങൾ വരാനിരിക്കുന്നു. ലോകം എങ്ങോട്ട് നീങ്ങും എന്ന് നമുക്ക് കാത്തിരുന്ന് കാണാം. ഇതിനിടെ ഉദ്വേഗജനകമായ ഒരു പ്രസ്താവന ട്രംപിൽ നിന്ന് ലോകം കേൾക്കുകയുണ്ടായി. അതായത് അമേരിക്ക ലോകത്തിന് മനസ്സിലാകും വരെ അതിന്റെ ന്യൂക്ലിയർ ശക്തി വികസിപ്പിക്കുന്നതാണ് എന്ന് ട്രംപ് ട്വീറ്റ് ചെയ്ത ഒരു പ്രസ്താവനയായിരുന്നു അത്. നിർത്തിവെച്ച അണ്വായുധ മത്സരം പുനരാരംഭിക്കുമെന്ന ഭയാനകമായ സൂചനയാണ് ട്രംപ് നൽകുന്നത്. ലോകം മുഴുവനുമുള്ള അണ്വായുധ വിരുദ്ധരെ ട്രംപിന്റെ ഈ പ്രസ്താവന അമ്പരപ്പിച്ചിട്ടുണ്ട്.

അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു....) ഈയ്യിടെ നടത്തിയ തന്റെ പ്രഭാഷണങ്ങളിൽ മൂന്നാം ലോക മഹായുദ്ധത്തെ കുറിച്ച് നിരന്തരം മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കുകയാണ്. യൂറോപ്പിലേയും അമേരിക്കയിലേയും ജനകീയ പാർലമെന്റുകളെ അഭിസംബോധന ചെയ്തപ്പോഴും ഭരണാധികാരികളെയും നേതാക്കന്മാരെയും നേരിട്ട് കാണുമ്പോഴും ലോക സമാധാനത്തെ കുറിച്ചും മനുഷ്യ വംശത്തിന്റെ സുസ്ഥിര നിലനിൽപ്പിന് യുദ്ധം ഒഴിവാക്കേണ്ട ആവശ്യത്തെ കുറിച്ചും അദ്ദേഹം അവരെയെല്ലാം ഗൗരവ പൂർവം ഉണർത്തിക്കൊണ്ടിരിക്കുകയാണ്. ലോകത്ത് ഉടനീളം നടക്കുന്ന പ്രക്ഷുബ്ധമായ ഓരോ ചലനങ്ങളും മാറ്റങ്ങളും അദ്ദേഹത്തിന്റെ ആശങ്കകളെ ദൃഢീകരിക്കുന്നതായിട്ടാണ് കാണുന്നത്. ഖലീഫത്തുൽ മസീഹിനോടൊപ്പം നമുക്കും പ്രാർഥിക്കാം, അത്തരം സർവ്വ നാശത്തിൽ നിന്നും ലോകത്തെ അല്ലാഹു രക്ഷിക്കുമാറാകട്ടെ

## സത്യദൂതന് പുതിയ എഡിറ്റോറിയൽ ബോർഡ്

ആനുകാലിക പ്രസിദ്ധീകരണങ്ങൾക്കുള്ള കേന്ദ്ര സമിതിയായ അന്നൂർ ഇശാഅത്ത് ബോർഡ് ഭാരത് സത്യദൂതൻ മാസികക്ക് താഴെ ചേർക്കുന്ന എഡിറ്റോറിയൽ ബോർഡിനെ നിയമിച്ചതായി ബഹു. നാസിർ സാഹിബ് നശ്റോ ഇശാഅത്ത്, സദർ അഞ്ചുമൻ അഹ്മദിയ്യാ, ഖാദിയാൻ അറിയിച്ചിരിക്കുന്നു.

| | |
|---|---|
| കാര്യദർശി | : പി. പി. നാസിറുദ്ദീൻ സാഹിബ് |
| സെക്രട്ടറി | : സി. ശമീം സാഹിബ് |
| ചീഫ് എഡിറ്റർ | : എച്ച്. ശംസുദ്ദീൻ സാഹിബ് |
| എഡിറ്റർ | : എ. എം മുഹമ്മദ് സലീം സാഹിബ് |
| മെംബർമാർ | : കെ. അബ്ദുൾ അസീസ് സാഹിബ്, കണ്ണൂർ |
| | : എച്ച്.സുലൈമാൻ സാഹിബ്, കാവശ്ശേരി |
| | : പി. എം. ബഷീർ അഹ്മദ് സാഹിബ്, മാത്തോട്ടം |
| | : ബി. എ. മുഹമ്മദ് നജീബ് sb, എറണാകുളം |
| | : കെ. വി. ഹസ്സൻ കോയ സാഹിബ്, കോഴിക്കോട്. |
| | : ടി. കെ. മഹ്മൂദ് സാഹിബ് കൽക്കുളം |
| | : എം. റഫീക്ക് അഹ്മദ് സാഹിബ് മാത്തോട്ടം |

## ഇസ്‌ലാം മത വിജ്ഞാന സദസ്സ്




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് തിരുവനന്തപുരത്ത് നടത്തിയ ഇസ്‌ലാം മത വിജ്ഞാന സദസ്സ് ബഹു. കേരള നിയമസഭ ഡപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശി ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം ജമാഅത്ത് പ്രസിഡന്റ് മുസഫർ അഹ്മദ്, കൊല്ലം ജില്ലാ അമീർ മുഹമ്മദ് അബ്ദുല്ലാ, സത്യദൂതൻ എഡിറ്റർ എ. എം. മുഹമ്മദ് സലീം, മൗലവി സുൽത്താൻ നസീർ തുടങ്ങിയവർ വേദിയിൽ.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ യുവജന വിഭാഗമായ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ തിരുവനന്തപുരത്തിന്റെ ആഭിമുഖ്യത്തിൽ 2016 ഡിസംബർ 11-ാം തീയതി തിരുവനന്തപുരം വിക്ടോറിയാ ജൂബിലി ഹാളിൽ നടത്തിയ ഇസ്‌ലാം മത വിജ്ഞാന സദസ്സ് ബഹു. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശി ഉദ്ഘാടനം ചെയ്തു. ഇസ്‌ലാം മതത്തെക്കുറിച്ച് സമൂഹത്തിൽ തെറ്റിദ്ധാരണകൾ ധാരാളമുണ്ടെന്നും ഇത്തരം ഒരു സദസ്സ് സംഘടിപ്പിച്ച അഹ്മദിയ്യാ ജമാഅത്തിന്റെ പല ആശയങ്ങളും വ്യത്യസ്തതയുള്ളതും ആകർഷണീയവുമാണെന്നും ഈ പ്രസ്ഥാനത്തെക്കുറിച്ച് കൂടുതൽ അറിയാൻ താൻ ശ്രമിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. കൊല്ലം ജില്ല അമീർ എം. അബ്ദുള്ള സാഹിബ് അദ്ധ്യക്ഷത വഹിച്ച സദസ്സിൽ മൂന്ന് വിഷയങ്ങളായ സ്ത്രീ വിമോചനം ഇസ്‌ലാമിൽ - മദാർ അബ്ദുശുക്കൂർ സാഹിബും, ഇസ്‌ലാമിക വീക്ഷണത്തിലെ ജിഹാദ് - മൗലവി സി.പി. സുൽത്താൻ നസീർ സാഹിബും, മുത്തലാഖ് യാഥാർത്ഥ്യമെന്ത്? - സത്യദൂതൻ എഡിറ്റർ എ.എം. മുഹമ്മദ് സലീം സാഹിബും അവതരിപ്പിച്ചു.




### വീൽ ചെയർ വിതരണം ചെയ്തു

കണ്ണൂർ: അഹ്മദിയ്യാ മുസ്‌ലിം വനിതാ വിഭാഗമായ ലജ്ന ഇമായില്ലാഹ്‌യുടെ കണ്ണൂർ കാസർഗോഡ് ഘടകം ജില്ലാ ആശുപത്രിയിൽ വീൽ ചെയർ വിതരണം ചെയ്തു. ലജ്നാ ഇമായില്ലാഹ് വൈസ് പ്രസിഡന്റ് ടി. ശക്കീലയുടെ സാന്നിദ്ധ്യത്തിൽ ജില്ലാ അമീർ കെ. അബ്ദുൽ അസീസ് ഡെപ്യൂട്ടി സൂപ്രണ്ട് ഡോ. വി.പി. രാജേഷിന് വീൽ ചെയർ കൈമാറി. സൃഷ്ടി സേവന വിഭാഗം സെക്രട്ടറി മുംതാസ് സഫീർ, ജനറൽ സെക്രട്ടറി നസീറ മൻസൂർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.




അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എറണാകുളം ജില്ലാ സമ്മേളനം ഡിസംബർ 4ന് ഐരാപുരം ബൈത്തുൽ ഹുദാ അങ്കണത്തിൽ വെച്ച് നടന്നു. അഖിലേന്ത്യാ നായിബ് സദർ ശിറാസ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കോഴിക്കോടിന്റെ ആഭിമുഖ്യത്തിൽ 18/12/2016 ന് കോഴിക്കോട് കുതിരവട്ടം മാനസിക ആശുപത്രിയിൽ പൊതു വഖാറെ അമൽ നടത്തുകയുണ്ടായി. കോഴിക്കോട് ഖാഇദ് വി.പി.റോശൻ അഹ്മദ് സാഹിബ് നേതൃത്വം നൽകി.

Published on 7.01. 2017 Pages 44 Vol: 89 Issue. 1
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17. Licensed to Post Without Prepayment
The Sathyadoothan Monthly

വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com